DISTRICT PANCHAYATH KASARAGOD

# EQUIP 2024

(Educational Quality Improvement Programme for class ten)

## Student Support Material for Class X



# MALAYALAM
## (Advanced Text)

DIET KASARAGOD

***EQUIP 2024***

---


**Chief Co-ordinators**

**Sri. N. Nandikeshan**
Deputy Director of Education
Kasaragod

**Dr. Raghurama Bhat K.**
Principal, DIET Kasaragod

**Co-ordinator**

**Madhusoodanan V.**
Lecturer, DIET Kasaragod

**Resource Team**

1. Dr. Deepak, GHSS Kakkat
2. Meenakumari, GHSS Madikai I
3. Deepa M., GHSS Chayoth

***DTP Layout & Cover design***

*Rubix Cyber Cafe, Iriyanni, Kasaragod*

***Prepared & Published by : District Panchayath Kasaragod***



# ആശംസ

വികേന്ദ്രീകൃത ആസൂത്രണത്തിലൂടെയും നിർവ്വഹണത്തിലൂടെയും കേരളത്തിലെ ആരോഗ്യ വിദ്യാഭ്യാസ മേഖലകളെ ദേശീയ തലത്തിൽ ഒന്നാമതെത്തിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഈ നേട്ടങ്ങൾ കൈവരിക്കാൻ പ്രാദേശിക ഭരണകൂടങ്ങൾ സ്തുത്യർഹമായ പങ്കുവഹിച്ചു. ദേശീയ സംസ്ഥാനതല പഠനങ്ങൾ നമ്മുടെ കുട്ടികളുടെ പഠനനിലവാരം ഇനിയും ഉയരേണ്ടതുണ്ട് എന്ന സൂചനയാണ് നൽകുന്നത്. പഠനവിടവുകൾ പരിഹരിക്കുന്നതിനുവേണ്ടി കാസർകോട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പും കാസർകോട് ഡയറ്റും ഒത്തുചേർന്ന് നടപ്പാക്കുന്ന **'എക്വിപ്പ്' (EQUIP)** പഠനപരിപോഷണ പരിപാടിക്ക് എല്ലാ പിന്തുണയും ഉറപ്പുതരുന്നു. പന്ത്രണ്ടാം ക്ലാസിലെ കുട്ടികൾക്കുവേണ്ടി ആദ്യമായാണ് ഇത്തരത്തിലൊരുദ്യമം. പൊതുപരീക്ഷകളെ അഭിമുഖീകരിക്കുന്ന പത്തും പന്ത്രണ്ടും ക്ലാസിലെ കുട്ടികളുടെ പഠനപ്രവർത്തനങ്ങളുടെ മികവിന്റെ അടയാളമായി മാറുകയാണ് വാർഷിക പരീക്ഷകൾ. അറിവിന്റെ തെളിമയോടെ ഓരോ വിദ്യാർത്ഥിക്കും പരീക്ഷ എഴുതാൻ കഴിയണം. വിദ്യാർത്ഥികളുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട പരീക്ഷകൾക്ക് വേണ്ടി തയ്യാറാക്കിയ പഠനപിന്തുണാസാമഗ്രിക്ക് എല്ലാവിധ ആശംസകളും നേരുന്നു. നന്നായി പഠിക്കുക. പരീക്ഷയെ സധൈര്യം നേരിടുക. തളരാതെ മുന്നോട്ട്. വിജയം നിങ്ങളോടൊപ്പമുണ്ട്. ആശംസകൾ.

**ശ്രീമതി ബേബി ബാലകൃഷ്ണൻ**
ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്
കാസർകോട്



# ആശംസ

കാസർകോട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജില്ലയിലെ പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിന് നിരവധി പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. പൊതുവിദ്യാഭ്യാസ മേഖലയെ പൂർവ്വാധികം കരുത്തോടെ നാം മുന്നോട്ട് നയിക്കുകയാണ്. ഈ ഘട്ടത്തിലാണ് കാസർകോട് ജില്ലാ പഞ്ചായത്തും, പൊതുവിദ്യാഭ്യാസ വകുപ്പും, വിദ്യാഭ്യാസ പരിശീലന കേന്ദ്രവും (DIET) പത്താം ക്ലാസ്, പ്ലസ്ടു വിദ്യാർത്ഥികളുടെ പഠനവിടവുകൾ പരിഹരിക്കുന്നതിനും ആത്മവിശ്വാസത്തോടെ പൊതുപരീക്ഷയെ നേരിടാൻ അവരെ പ്രാപ്തരാക്കുന്നതിനും വേണ്ടി പഠനപരിപോഷണ സാമഗ്രി തയ്യാറാക്കുന്നത്. നിരന്തരമായ ഇടപെടലിന്റെ തുടർച്ചയായി ഈ വർഷം ആദ്യമായിട്ടാണ് പ്ലസ്ടു വിദ്യാർത്ഥികൾക്കുവേണ്ടി ജില്ലാ പഞ്ചായത്ത് പിന്തുണാസാമഗ്രി തയ്യാറാക്കുന്നത്. പ്രധാനപ്പെട്ട ആറ് വിഷയങ്ങളിലാണ് ഈ വർഷം തയ്യാറാക്കുന്നതെങ്കിലും അടുത്തവർഷം മറ്റു വിഷയങ്ങളിലും കുട്ടികൾക്ക് പിന്തുണ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കുട്ടികളുടെ അക്കാദമിക മികവ് ഉറപ്പുവരുത്തിക്കൊണ്ട് മികച്ച ഗ്രേഡുകൾ നേടാൻ അവരെ സജ്ജമാക്കാൻ **'എക്വിപ് 2024'** എന്ന പേരിൽ തയ്യാറാക്കിയ ഈ പദ്ധതിക്ക് കഴിയട്ടെയെന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം

**അഡ്വ. സരിത എസ്.എൻ.**

ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരം സമിതി

അധ്യക്ഷ, ജില്ലാ പഞ്ചായത്ത്,

കാസർകോട്



# ആശംസ

ജില്ലയിലെ അക്കാദമിക പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് മുന്നോട്ട് നയിക്കുന്ന ഉത്തരവാദിത്തമാണല്ലോ ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങൾ (DIET) കാലങ്ങളായി ചെയ്തുവരുന്നത്. മനുഷ്യവിഭവശേഷിയിൽ പരിമിതികൾ ഉള്ളപ്പോൾ തന്നെ പ്രീ-പ്രൈമറി തലം മുതൽ ഹയർ സെക്കൻഡറി തലം വരെയുള്ള മേഖലകളിൽ വിവിധങ്ങളായ പദ്ധതികൾ ആസൂത്രണം ചെയ്യാനും നിർവഹിക്കാനും ഡയറ്റുകൾക്ക് ഇതുവരെ കഴിഞ്ഞിട്ടുണ്ട്. പത്താം തരത്തിലെ കുട്ടികളുടെ പഠനപ്രശ്നങ്ങൾ മറികടക്കാൻ കഴിഞ്ഞ കുറച്ച് വർഷങ്ങളായി വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് **EQUIP (Educational Quality Improvement Programme).** അതതു വർഷത്തെ കുട്ടികളുടെ പഠനപ്രശ്നങ്ങൾ പരിഗണിച്ചുകൊണ്ടാണ് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നത്. ഈ പദ്ധതിയുടെ ഭാഗമായി പത്താംതരത്തിലെയും പ്ലസ്ടുവിലെയും പരീക്ഷയെ അഭിമുഖീകരിക്കാൻ കുട്ടികളെ സഹായിക്കുന്ന വിവിധ വിഷയബന്ധിതമായ ചോദ്യമാതൃകകൾ യൂണിറ്റടിസ്ഥാനത്തിൽ പരിചയപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ മലയാളത്തിലും ഇംഗ്ലീഷിലും കന്നഡയിലും പത്താംതരത്തിൽ ഐ.ടി. ഒഴിച്ചുള്ള എല്ലാ വിഷയങ്ങളിലും പ്ലസ്ടുവിൽ പ്രയാസകരമായ ആറ് വിഷയങ്ങളിലും പുസ്തകങ്ങൾ തയ്യാറാക്കി നൽകാനാണ് ഉദ്ദേശിക്കുന്നത്. ഈ അധ്യയന വർഷം പത്താംതരം/പ്ലസ്ടു പരീക്ഷ എഴുതുന്ന മുഴുവൻ കുട്ടികൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. വ്യത്യസ്ത പഠനവേഗതയും പഠനമികവുമുള്ള എല്ലാ വിഭാഗം കുട്ടികൾക്കും ഈ സാമഗ്രി പ്രയോജനപ്പെടട്ടെ എന്ന് ആശംസിക്കുന്നു. അധ്യാപകരുടെ ആത്മാർത്ഥമായ പിന്തുണയും പ്രോത്സാഹനവും അനിവാര്യമായ ഈ ഉദ്യമത്തിൽ എല്ലാവരുടെയും സഹായ സഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് ഏവർക്കും വിജയാശംസകൾ നേരുന്നു.

ആശംസകളോടെ,

**ഡോ. രഘുരാമ ഭട്ട് കെ.**

പ്രിൻസിപ്പാൾ

ഡയറ്റ് കാസർകോട്



# ആമുഖം

കാസർകോട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജില്ലയിലെ പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന് വ്യത്യസ്തങ്ങളായ നിരവധി പ്രവർത്തനങ്ങൾ നടന്നുവരികയാണ്. അതേസമയം ദേശീയ-സംസ്ഥാന പഠനങ്ങൾ നമ്മുടെ ജില്ലയിലെ കുട്ടികളുടെ പ്രകടനം ഇനിയും മെച്ചപ്പെടേണ്ടതുണ്ട് എന്ന സൂചനയാണ് നൽകുന്നത്. ഈ പശ്ചാത്തലത്തിലാണ് ജില്ലയിലെ പൊതുവിദ്യാലയങ്ങളിൽ നിന്ന് 2023-24 അധ്യയനവർഷം എസ്.എസ്.എൽ.സി., പ്ലസ്ടു പരീക്ഷകൾ അഭിമുഖീകരിക്കുന്ന കുട്ടികൾക്ക് പഠനപിന്തുണ നൽകുന്നതിന് ജില്ലാ പഞ്ചായത്തിന്റെയും പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ വ്യത്യസ്ത വിഷയങ്ങളിൽ പഠനസാമഗ്രികൾ തയ്യാറാക്കേണ്ടതിന്റെ ആവശ്യകത ജില്ലാതല ഉന്നതാധികാര യോഗങ്ങളിൽ ചർച്ചചെയ്യപ്പെട്ടത്. ഇതിന്റെ അടിസ്ഥാനത്തിൽ ഡയറ്റ് കാസർകോടിന്റെ അക്കാദമിക നേതൃത്വത്തിൽ ജില്ലയിലെ മികച്ച അധ്യാപകരെ ഉൾപ്പെടുത്തിക്കൊണ്ട് പത്താംതരത്തിൽ ഐ.ടി. ഒഴിച്ചുള്ള എല്ലാ വിഷയങ്ങളിലും പ്ലസ്ടുവിൽ ഏറ്റവും പ്രയാസമേറിയ ആറ് വിഷയങ്ങളിലും (ഗണിതം, ഫിസിക്സ്, കെമിസ്ട്രി, ഇംഗ്ലീഷ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്) പഠനപിന്തുണാസാമഗ്രികൾ തയ്യാറാക്കിയിരിക്കുകയാണ്. സ്കൂൾ വിദ്യാഭ്യാസം പൂർത്തീകരിച്ച് ഉന്നത വിദ്യാഭ്യാസമേഖലയിലേക്ക് പ്രവേശിക്കുന്ന പ്ലസ്ടു വിദ്യാർത്ഥികൾക്ക് പഠനപിന്തുണ നൽകുന്ന സാമഗ്രി ജില്ലയിൽ ആദ്യമായാണ് തയ്യാറാക്കുന്നത്. ജില്ലയിൽ നിന്നും പൊതുപരീക്ഷയെ അഭിമുഖീകരിക്കുന്ന മുഴുവൻ എസ്.എസ്.എൽ.സി, പ്ലസ്ടു വിദ്യാർത്ഥികൾക്കും ആത്മവിശ്വാസം വളർത്തുന്നതിനും ഉന്നതവിജയം നേടുന്നതിനും ഈ ഉദ്യമം സഹായകമാകട്ടെയെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. ഈ പദ്ധതിയെ നെഞ്ചേറ്റിയ പ്രിയപ്പെട്ട അധ്യാപക സുഹൃത്തുക്കൾക്ക് ഈ പുസ്തകത്തെ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയട്ടെ. എല്ലാവർക്കും വിജയാശംസകൾ.


**ശ്രീ. എൻ. നന്ദികേശൻ**

ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർ

കാസർകോട്

# MALAYALAM I
# കേരള പാഠാവലി

## യൂണിറ്റ് 1

# കാലാതീതം കാവ്യവിസ്മയം

- മനുഷ്യർ വ്യത്യസ്ത ദേശങ്ങളിൽ ജീവിക്കുന്നവരാണെങ്കിലും അവരുടെ വികാരങ്ങളും വിചാരങ്ങളും ഒന്നാണെന്ന് വ്യക്തമാക്കുന്ന കവിതയാണ് സച്ചിദാനന്ദൻ എഴുതിയ 'കവികളുടെ ഭാഷ.'
- എഴുത്തുകാരന്റെ ദേശവും എഴുതിയ കാലവും വ്യത്യസ്തമാണെങ്കിലും ചില സാഹിത്യസൃഷ്ടികൾ എല്ലാ കാലത്തും എല്ലാ ദേശത്തും പ്രാധാന്യമുള്ളവയായിരിക്കും. അധ്യാത്മ രാമായണം കിളിപ്പാട്ടും, പാവങ്ങളും, അഭിജ്ഞാന ശാകുന്തളവും ദേശവും കാലവും കടന്ന് ഈ കാലത്തും ചർച്ചചെയ്യുന്നത് അതുകൊണ്ടാണ്.

## ലക്ഷ്മണസാന്ത്വനം

സാഹിത്യരചനകൾ സാമൂഹികമാറ്റത്തിനുവേണ്ടിയുള്ള ഉപകരണമാണ്. സാമൂഹ്യാവസ്ഥകളോടുള്ള പ്രതികരണം എന്ന നിലയിലാണ് രചനകൾ പിറക്കുന്നത്. മൂല്യബോധം വലിച്ചെറിഞ്ഞ് ജീവിച്ച ജനതയെ ഭക്തിയിലൂടെ എങ്ങനെ നേരെയാക്കിയെടുക്കാം എന്നാണ് പതിനാറാം നൂറ്റാണ്ടിൽ ജീവിച്ച എഴുത്തച്ഛൻ ചിന്തിച്ചത്. രാമായണകഥയെ അടിസ്ഥാനമാക്കി അങ്ങനെ അധ്യാത്മരാമായണം കിളിപ്പാട്ട് പിറന്നു. അക്കാലത്ത് നിലനിന്നിരുന്ന ഭാഷ സംസ്കൃതത്തിന് പ്രാധാന്യമുള്ള മണിപ്രവാളമായിരുന്നതിനാൽ എല്ലാ വിഭാഗം ജനങ്ങളിലേക്കും തന്റെ ആശയം എത്തിച്ചേരാൻ താരതമ്യേന ലളിതമായ ഭാഷ ഉപയോഗിച്ചു.

### ഉള്ളടക്കം

ജീവിതത്തെക്കുറിച്ചുള്ള അടിസ്ഥാനചിന്ത - തത്വചിന്ത നിറഞ്ഞുനിൽക്കുന്ന വരികളാണ് ലക്ഷ്മണസാന്ത്വനത്തെ വേറിട്ടു നിർത്തുന്നത്. ലക്ഷ്മണനെ ഉപദേശിക്കുന്ന ശ്രീരാമനിലൂടെ മനുഷ്യജീവിതത്തെക്കുറിച്ചും മനുഷ്യരുടെ സഹജസ്വഭാവത്തെക്കുറിച്ചുമാണ് എഴുത്തച്ഛൻ പറയുന്നത്. അവ പ്രധാനമായും;

- ഭൗതികമായി നാം കാണുന്നതൊന്നും സ്ഥിരമല്ല.
- ആർക്കും പ്രവചിക്കാൻ പറ്റാത്തതാണ് മനുഷ്യായുസ്സ്.

- കുടുംബം, സൗഹൃദം തുടങ്ങിയ ബന്ധങ്ങൾ എന്നും നിലനിൽക്കുന്നവയല്ല.
- സ്വപ്നം പോലെ അവസാനിക്കുന്നതാണ് ഈ ജീവിതം.
- ശരീരത്തിന് അമിത പ്രാധാന്യം നൽകി നമ്മൾ അഹങ്കരിക്കുന്നു.
- വെണ്ണീറായും അഴുകിയും മണ്ണിനോട് ചേരേണ്ടതാണ് ഈ ശരീരം.
- അമിതമായ ആഗ്രഹവും അത് നേടിയെടുക്കാനുള്ള അത്യാഗ്രഹവും നമ്മളെ അപകടത്തിൽ എത്തിക്കുന്നു.
- വിദ്യാഭ്യാസം നേടുന്നതിലൂടെ മാത്രമേ തെറ്റായ ധാരണകൾ ഇല്ലാതാവൂ.
- കാമം, ക്രോധം, ലോഭം, മോഹം മുതലായവ മനുഷ്യന്റെ സമ്പൂർണ്ണ നാശത്തിന് കാരണമായിത്തീരുന്നു.

## മാതൃകാചോദ്യങ്ങൾ

**ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക. (1 സ്കോർ വീതം)**

- മോഹമാതാവായി എഴുത്തച്ഛൻ വിശേഷിപ്പിച്ചതെന്തിനെ?

  (ശരീരം, ക്രോധം, അവിദ്യ, ഭോഗം)

  അവിദ്യ

- മിന്നൽക്കൊടിപോലെ നിമിഷനേരം കൊണ്ട് ഇല്ലാതാവുന്ന ഒന്നായി കവി സൂചിപ്പിക്കുന്നതെന്ത്?

  ഭോഗം

**രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരമെഴുതുക. (2 സ്കോർ)**

- "വത്സ, സൗമിത്രേ, കുമാര" എന്നിങ്ങനെ ശ്രീരാമൻ ലക്ഷ്മണനെ അഭിസംബോധന ചെയ്യുന്നതിന്റെ ഔചിത്യം വിശദമാക്കുക.

  ലക്ഷ്മണൻ തനിക്ക് ഏറെ പ്രിയപ്പെട്ടവനാണ് എന്ന ധ്വനി. കുമാരനാണ് എന്ന് ഓർമ്മപ്പെടുത്തൽ. ദേഷ്യം കൊണ്ട് വിറച്ച് തന്റെ മുന്നിൽ നിൽക്കുന്ന അനുജനെ ശാന്തനാക്കാനുള്ള തന്ത്രം.

- "ആകയാൽ മോക്ഷാർത്ഥിയാകിൽ വിദ്യാഭ്യാസ-

  മേകാന്തചേതസാ ചെയ്കവേണ്ടുന്നതും"

  – വിദ്യാഭ്യാസം മോക്ഷത്തിലേക്ക് നയിക്കുമെന്ന് ശ്രീരാമൻ പറയുന്നതിന്റെ പൊരുളെന്ത്?

  എല്ലാതരം മോഹങ്ങളെയും ജനിപ്പിക്കുന്നത് അവിദ്യയും മോഹങ്ങളെ ഇല്ലാതാക്കുന്നത് വിദ്യയുമാണ്. ശരീരത്തിന് അമിതമായ പ്രാധാന്യം കൊടുക്കാതെ ആത്മാവ് മാത്രമാണ്

എന്നും നിലനിൽക്കുന്നത് എന്ന ചിന്തയിലേക്ക് നയിക്കുന്നത് വിദ്യാഭ്യാസമാണ്. ഏകാന്തമായ മനസ്സോടെ വിദ്യ അഭ്യസിക്കുന്നവർക്ക് മാത്രമേ മോക്ഷം ലഭിക്കുകയുള്ളൂ.

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (4 സ്കോർ)**

- മനുഷ്യർ സ്വന്തം ശരീരത്തെ ഓർത്ത് അഹങ്കരിക്കരുതെന്ന് എഴുത്തച്ഛൻ പറയുന്നതെന്തുകൊണ്ടാവാം? നിങ്ങളുടെ നിരീക്ഷണം എഴുതുക.

  അമിതമായ ശരീരചിന്ത അഹങ്കാരത്തിലേക്ക് നയിക്കും. ബ്രാഹ്മണനെന്നും രാജാവെന്നും ശ്രേഷ്ഠനെന്നും ചിന്തിക്കാൻ പ്രേരിപ്പിക്കും. ശരീരം നിസ്സാരമാണ് - ജന്തുക്കളുടെ ഭക്ഷണമായും കൃമികളായും വെണ്ണീറായും മണ്ണോടു ചേരേണ്ടതു മാത്രമാണ്. ഭൂമി, ജലം, അഗ്നി, വായു, ആകാശം എന്നിവയാൽ നിർമ്മിതമാണ് ശരീരം. ത്വക്ക്, മാംസം, രക്തം, അസ്ഥി, മൂത്രം, രേതസ് എന്നിവ കൂടിച്ചേരുന്ന ഒരിടം മാത്രമാണത്. നശിച്ചുപോകാനുള്ളതുമാണ്.

- “ദൃശ്യമായുള്ളൊരു രാജ്യദേഹാദിയും
  വിശ്വവും നിശ്ശേഷ ധാന്യധനാദിയും
  സത്യമെന്നാകിലേതൽ പ്രയാസം തവ
  യുക്ത, മതല്ലായ്കിലെന്തതിനാൽ ഫലം ”

  – ഈ വരികളിലൂടെ എഴുത്തച്ഛൻ പകർന്നുനൽകുന്നത് വലിയൊരു ജീവിത പാഠമാണോ? വിശദമാക്കുക?

  ഈ വരികൾ ഭൗതിക വസ്തുക്കളോടുള്ള മനുഷ്യന്റെ അമിതമായ ഭ്രമത്തെയും അതാണ് സത്യമെന്നുമുള്ള ധാരണയെയും വിമർശിക്കുന്നു. ഒരു വ്യക്തി മറ്റൊരു വ്യക്തിയെ അളക്കാനുപയോഗിക്കുന്ന ഉപാധികളാണ് സമ്പത്ത്, ശരീരസൗന്ദര്യം മുതലായവ. അവ എല്ലാം എല്ലാകാലത്തും നിലനിൽക്കുകയില്ല എന്ന സത്യം തിരിച്ചറിയുക. അതോടെ മനുഷ്യമനസ്സിലെ കാമക്രോധലോഭമോഹാദികൾ ഇല്ലാതാവും.

**ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (6 സ്കോർ)**

- “ഗേറ്റ് തുറക്കാൻ വൈകിയതിന് ഷോപ്പുടമ സെക്യൂരിറ്റി ജീവനക്കാരന്റെമേൽ കാർകയറ്റി കൊന്നു.”

  “മേൽ ജാതിക്കാരിയായ പെൺകുട്ടിയെ വിവാഹം കഴിച്ചതിന്റെ പേരിൽ തമിഴ്നാട്ടിൽ ദളിത് യുവാവിനെ കൊന്ന് റെയിൽവേ ട്രാക്കിൽ തള്ളി.”

  – രണ്ടു വാർത്തകളുടെ തലക്കെട്ടുകളാണ് മുകളിൽ കൊടുത്തത്. ലക്ഷ്മണസാന്ത്വനം എന്ന പാഠഭാഗവുമായി കൂട്ടിയിണക്കി ‘എഴുത്തച്ഛന്റെ ഉപദേശത്തിന്റെ സമകാലിക പ്രസക്തി’ എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

കാലാതീതം കാവ്യവിസ്മയം എന്ന തലക്കെട്ടിന്റെ പ്രത്യേകത - ലക്ഷ്മണ സാന്ത്വനം കവിതയുടെ പ്രമേയം - ലഘുവിവരണം.

ചോദ്യത്തിൽ കൊടുത്ത പത്രവാർത്തകൾ സൂചിപ്പിക്കുന്ന യാഥാർത്ഥ്യം - മറ്റു സംഭവങ്ങളെയും ഉദാഹരണമായി ചൂണ്ടിക്കാട്ടുക - അവനവനെക്കുറിച്ചുള്ള അമിതമായ ബോധത്താൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ. സമ്പത്തിനോടുള്ള അമിതമായ താല്പര്യം കൊണ്ട് സമൂഹത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അക്രമങ്ങൾ, കൊലപാതകങ്ങൾ - അവയെല്ലാം സൂചിപ്പിക്കുന്നത് മനുഷ്യസ്വഭാവത്തിന്റെ സവിശേഷതകൾ.

ലക്ഷ്മണസാന്ത്വനം കാവ്യത്തിലൂടെ എഴുത്തച്ഛൻ പറയുന്ന കാര്യങ്ങൾ - വിദ്യാഭ്യാസം നേടുന്നതിലൂടെ മാത്രമേ മനുഷ്യരുടെ അഹംബോധങ്ങൾ മാറി മോക്ഷം ലഭിക്കുകയുള്ളൂ എന്ന സൂചന - വിദ്യാഭ്യാസം നേടിയിട്ടും സമൂഹത്തിൽ നടന്നുകൊണ്ടിരിക്കുന്ന അതിക്രമങ്ങൾ. ശ്രീരാമന്റെ ഉപദേശം ഇക്കാലത്തെ സമൂഹവും കേൾക്കേണ്ടതും ഉൾക്കൊള്ളേണ്ടതുമാണ് എന്ന് പറഞ്ഞ് ഉപസംഹരിക്കുന്നു.

- സാമൂഹ്യാവസ്ഥകളോടുള്ള പ്രതികരണം എന്ന നിലയിലാണ് ഓരോ സാഹിത്യരചനയും പിറക്കുന്നത്. രാമന്റെ സ്ഥാനത്ത് എഴുത്തച്ഛനും ലക്ഷ്മണന്റെ സ്ഥാനത്ത് പതിനാറാം നൂറ്റാണ്ടിലെ ജനങ്ങളും നിറഞ്ഞുനിൽക്കുന്ന കവിതയാണ് ലക്ഷ്മണസാന്ത്വനം. മനുഷ്യരെ നേർവഴിയിലേക്ക് നയിക്കാൻ എഴുത്തച്ഛൻ നൽകിയ ഉപദേശം ക്രോഡീകരിച്ചെഴുതുക.

സാഹിത്യരചനകൾ ഉണ്ടാവുന്നതിന്റെ കാരണം - സാഹിത്യരചനകളുടെ പ്രാധാന്യം എന്നിവ വ്യക്തമാക്കുന്നു. പതിനാറാം നൂറ്റാണ്ട് - എഴുത്തച്ഛന്റെ ദൗത്യം, അത് ലക്ഷ്മണസാന്ത്വനത്തിലൂടെ എത്രത്തോളം വിജയിച്ചു എന്ന് കണ്ടെത്തുന്നു.

കവിതയുടെ വിശദീകരണം - ശ്രീരാമന്റെ ഉപദേശത്തിന് കാരണമായിത്തീർന്ന സംഭവം - തന്റെ തീരുമാനമാണ് ശരി എന്ന് വ്യക്തമാക്കാൻ രാമൻ നിരത്തുന്ന യുക്തികൾ - ഭൗതിക വസ്തുക്കൾ എപ്പോൾ വേണമെങ്കിലും നശിക്കുന്നത്. ആഗ്രഹങ്ങൾ അവസാനിക്കാത്ത മനുഷ്യസ്വഭാവം - എല്ലാ ബന്ധങ്ങളും, എല്ലാ കാലത്തും നിലനിൽക്കുന്നതല്ല - സ്വപ്നതുല്യമായ ജീവിതം.

ശരീരമാണ് സത്യമെന്ന് കരുതി മനുഷ്യർ കാട്ടുന്ന കാര്യങ്ങൾ - വിദ്യാഭ്യാസം നേടേണ്ടതിന്റെ ആവശ്യകത - മനുഷ്യന്റെ ശത്രുക്കളായി കൂടെയുള്ളവ - ക്രോധം ഉണ്ടാക്കിത്തീർക്കുന്ന അപകടങ്ങൾ - കോപം നിയന്ത്രിക്കേണ്ടതിന്റെ ആവശ്യം.

***

# ഋതുയോഗം

## അഭിജ്ഞാന ശാകുന്തളം

## കാളിദാസൻ

- രണ്ടായിരത്തോളം വർഷങ്ങൾക്കുമുമ്പ് ജീവിച്ചിരുന്ന കാളിദാസന്റെ രചന.
- ഓരോ രംഗവും സംഭാഷണവും അടുത്തതെന്തെന്ന് പ്രേക്ഷകരിൽ ആകാംക്ഷ ജനിപ്പിക്കുന്ന അവതരണം.
- 'മലയാള ശാകുന്തളം' എന്ന പേരിൽ ഏ.ആർ. രാജരാജവർമ്മ വിവർത്തനം ചെയ്ത നാടകത്തിന്റെ അവസാന രംഗമാണ് പാഠഭാഗം.
- ദുഷ്ഷന്തൻ കശ്യപാശ്രമത്തിൽ എത്തുന്നത്, സർവദമനനുമായുള്ള കൂടിക്കാഴ്ച - കുട്ടിയോടുള്ള വാത്സല്യം ക്രമേണ അവനെക്കുറിച്ചറിയാനും ഒടുവിൽ അത് ശകുന്തളയിലേക്കെത്താനും സഹായിക്കുന്നു.
- ഗദ്യവും ശ്ലോകവും ഇടകലർന്ന രചനാരീതി.

### കഥാപാത്രങ്ങൾ

**ദുഷ്ഷന്തൻ**

കഴിഞ്ഞ കാലത്തെക്കുറിച്ചോർത്ത് പശ്ചാത്തപിച്ച് കഴിയുന്ന വേളയിൽ കശ്യപാശ്രമത്തിൽ എത്തുന്നു. സർവ്വദമനനെ പുത്രനെപ്പോലെ കാണുന്നു. ശകുന്തളയെ കണ്ടപ്പോൾ മാപ്പു പറഞ്ഞ് കാൽക്കൽ വീഴുന്നു. ശകുന്തളയുടെ കണ്ണീര് തുടക്കുന്നു. രാജാവാണെന്ന സത്യം മറന്ന് സാധാരണക്കാരനായി മാറുന്നു ഇവിടെ. പരസ്ത്രീപ്രസംഗം ശരിയല്ലെന്ന് തീരുമാനിച്ച വ്യക്തിത്വം. തന്റെ വ്യക്തി മഹത്വം ആദ്യാവസാനം കാത്തുസൂക്ഷിക്കുന്നു.

**സർവ്വദമനൻ**

ആകൃതികൊണ്ടും പ്രകൃതികൊണ്ടും ആശ്രമത്തിന് ചേർന്നവൻ അല്ലെന്ന് തെളിയിക്കുന്നു. ആരിലും വാത്സല്യം ഉണ്ടാക്കുന്ന ബാലൻ - അമ്മയോടുള്ള ഇഷ്ടം - ദുഷ്ഷന്തന് ശകുന്തളയെ കണ്ടെത്താനുള്ള കാരണമായി സർവ്വദമനൻ മാറുന്നു - പേരിന്റെ പ്രത്യേകത സ്വഭാവത്തിലും പ്രകടമാകുന്നു.

**ശകുന്തള**

ദുഷ്ഷന്തനെ മാത്രം ഓർത്ത് കഴിയുന്നു – അയാൾ മുന്നിൽവന്നു നിന്നിട്ടും ഭാഗ്യത്തിൽ വിശ്വസിക്കുന്നില്ല – സകല വിഷമങ്ങൾക്കും കാരണമായിത്തീർന്ന മോതിരം വേണ്ടെന്നു പറയുന്നു – വിരഹത്താൽ സ്വന്തം ശരീരം പോലും ശ്രദ്ധിക്കാതെ ജീവിച്ചു ശകുന്തള.

## മാതൃകാ ചോദ്യങ്ങൾ

**ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക. (1 സ്കോർ)**

- "ശരിയായി നിനച്ചിടുന്നു ഞാൻ

  പെരിയോർക്കുള്ളൊരു വീരബാലനെ..."

  – ഇവിടെ ഞാൻ എന്ന് സൂചിപ്പിക്കുന്നതാരെ?

  (ദുഷ്ഷന്തൻ, ശകുന്തള, താപസി)

  ദുഷ്ഷന്തൻ

- "പന്ത്രണ്ടായ് പിരിഞ്ഞീടിന മഹാസഞ്ചയം...." എന്ന് വിശേഷിപ്പിച്ചിരിക്കുന്നതാരെ?

  ഉത്തരം : സൂര്യനെ

**രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരമെഴുതുക (2 സ്കോർ)**

- "പൗരവന്മാർക്ക് ഇങ്ങനെ അന്ത്യമായ കുലവ്രതമുണ്ടല്ലോ...." ദുഷ്ഷന്തൻ ഇവിടെ സൂചിപ്പിക്കുന്നതെന്ത്?

  സർവ്വദമനൻ പുരുവംശത്തിൽ പിറന്നവനാണ് എന്ന് കേട്ടപ്പോൾ രാജാവ് ചിന്തിക്കുന്നതാണിത്. പുരുവംശ രാജാക്കന്മാർ അവസാനകാലത്ത് എല്ലാ സുഖസൗകര്യങ്ങളും ഉപേക്ഷിച്ച് വനവാസത്തിന് പോകുന്നു. ഏക പത്നിയോടൊപ്പം പിന്നീട് വനത്തിൽ വസിക്കും. ആശ്രമത്തിൽ ജീവിക്കുന്ന പുരുവംശത്തിൽ പിറന്ന ഈ കുട്ടി അങ്ങനെ ഏതെങ്കിലും രാജാവിന്റെ മകനാകാം എന്ന ചിന്ത.

- "എനിക്കീ മയിലിനെ നന്നേ രസിച്ചു. ഞാനിതമ്മയുടെ അടുക്കലേക്ക് കൊണ്ടുപോകും."

  – അർത്ഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കി മാറ്റുക.

  എനിക്കീ മയിലിനെ നന്നേ രസിച്ചതിനാൽ ഞാനിതമ്മയുടെ അടുക്കലേക്ക് കൊണ്ടുപോകും.

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (4 സ്കോർ)**

"മലിനം വസനദ്വയം: വ്രതത്താൽ
മെലിവേറ്റം കുഴൽകറ്റയൊറ്റയായി
പല നാളിവളുണ്ടു കാത്തിടുന്നു
ഖലനാമെന്റെ വിയോഗദീക്ഷ സാധ്വി"

- ശകുന്തളയുടെ ജീവിതാവസ്ഥ പറയാൻ കാളിദാസന് ഈ വരികളിലൂടെ എത്രത്തോളം സാധിച്ചിട്ടുണ്ട്? വ്യക്തമാക്കുക.

ദുഷ്ഷന്തന്റെ കാഴ്ചപ്പാടിലൂടെ ശകുന്തളയെ അവതരിപ്പിക്കുന്നു. വേർപാടിന്റെ വേദന അത്രമാത്രം അനുഭവിച്ച ശകുന്തള - ശരീരം മെലിഞ്ഞു. വസ്ത്രധാരണത്തിന്റെ ഭംഗിയിൽ ശ്രദ്ധിക്കാതായി. പ്രതീക്ഷകൾ നശിച്ച ഭാവത്തോടെയുള്ള ജീവിതം. രാജാവിൽ പശ്ചാത്താപം ജനിപ്പിക്കുന്ന വിധത്തിലാണ് ശകുന്തളയെ കാളിദാസൻ അവതരിപ്പിച്ചിരിക്കുന്നത്.

- ''അല്ലെങ്കിൽ എന്താണ് ഈശ്വരന്മാർക്ക് അപ്രത്യക്ഷ്യമായിട്ടുള്ളത്''- സന്ദർഭം വിശദമാക്കുക.

  ദുഷ്ഷന്തൻ ദേവേന്ദ്രന്റെ ആവശ്യപ്രകാരം ദേവലോകത്ത് ചെല്ലുന്നതും തിരിച്ചുവരുമ്പോൾ മാരീചന്റെ ആശ്രമത്തിൽ ഇറങ്ങുന്നതും തുടർന്നുണ്ടായ സംഭവങ്ങളും - ദേവേന്ദ്രന്റെ തേരാളിയായ മാതലിയുടെ സാന്നിധ്യത്തിലാണ് എല്ലാം നടക്കുന്നത്. ഒടുവിൽ ശകുന്തളയോടും പുത്രനോടും ഒപ്പം ദുഷ്ഷന്തൻ മാരീചമുനിയെയും പത്നിയെയും കാണാൻ ആശ്രമത്തിനുള്ളിലേക്ക് പോകുന്നു. തനിക്ക് കൈവന്ന ഭാഗ്യവും സന്തോഷവും ദേവേന്ദ്ര ഭഗവാൻ അറിയണമെന്ന ദുഷ്ഷന്തന്റെ ആഗ്രഹം - അത് മാതലിയോട് തുറന്നുപറയുന്നു - ദേവേന്ദ്രൻ ദേവന്മാരുടെ ദേവനാകയാൽ എല്ലാം അറിഞ്ഞിട്ടുണ്ടാകുമെന്ന് ചിന്തിക്കുന്നു.

- "സ്ഥാനമാനങ്ങൾക്കപ്പുറം പെരുമാറ്റവും കാഴ്ചപ്പാടുകളുമാണ് വ്യക്തികളുടെ മഹത്വം വ്യക്തമാക്കുന്നത്" - ഈ പ്രസ്താവന അടിസ്ഥാനമാക്കി ഋതുയോഗം നാടകത്തിലെ ദുഷ്ഷന്തൻ എന്ന കഥാപാത്രത്തിന്റെ നിരൂപണം തയ്യാറാക്കുക. -

  അഭിജ്ഞാന ശാകുന്തളം നാടകത്തിന്റെ പ്രമേയം - ദുഷ്ഷന്ത മഹാരാജാവ് - അദ്ദേഹത്തിന്റെ ജീവിതത്തിലേക്ക് ശകുന്തളയുടെ വരവ് - ഉപേക്ഷിക്കൽ - പശ്ചാത്താപം - ദേവേന്ദ്രന്റെ ആവശ്യപ്രകാരം ദേവലോകത്ത് ചെല്ലുന്നതും തിരിച്ചുവരുമ്പോൾ മാരീചന്റെ ആശ്രമത്തിൽ എത്തുന്നതും.

  സർവ്വദമനനെ കാണുന്നത്, അവന്റെ ഓരോ പ്രവൃത്തിയിലൂടെയും അദ്ദേഹത്തിന്റെ മനസ്സിൽ വരുന്ന സംശയങ്ങൾ, പ്രതീക്ഷകൾ - ഉണരുന്ന പുത്രവാത്സല്യം - ശകുന്തളയെ

കണ്ടെത്തണമെന്ന ആഗ്രഹം ക്രമേണ ശക്തമായി വരുന്നു. 'ധർമ്മപത്നിയെ ഉപേക്ഷിച്ചവൻ' എന്ന് താപസി പറഞ്ഞപ്പോൾ ദുഷ്ഷന്തന്റെ ഉള്ളം നീറുന്നു. പരസ്ത്രീ പ്രസംഗം ശരിയല്ല എന്ന നിലപാട് – സർവ്വദമനനെക്കുറിച്ചുള്ള പ്രതീക്ഷകൾ – ഒടുവിൽ തനിക്ക് സങ്കടത്തിന് കാരണമായിത്തീരുമോ എന്ന ഭയം – കുട്ടിയുടെ കൈയിലെ രക്ഷ തൊട്ടപ്പോൾ ഉണ്ടായ സന്തോഷം.

ശകുന്തളയെ നേരിൽ കണ്ടപ്പോൾ ആ അവസ്ഥയ്ക്ക് കാരണക്കാരൻ താനാണല്ലോ എന്ന കുറ്റബോധം – ഉപേക്ഷിക്കേണ്ടിവന്നതിന്റെ കാരണം ഏറ്റുപറഞ്ഞ് ശകുന്തളയുടെ കാൽക്കൽ വീഴുന്നു – തനിക്ക് പ്രിയപ്പെട്ട ഭാര്യയെയും പുത്രനെയും കിട്ടിയപ്പോൾ പ്രിയ മിത്രം ദേവേന്ദ്രനും അക്കാര്യം അറിയണം എന്ന ചിന്ത ദുഷ്ഷന്തനെ വേറിട്ടുനിർത്തുന്നു.

പുത്രവാത്സല്യം – ഭാര്യയോടുള്ള സ്നേഹം – സ്ത്രീയോട് ചെയ്ത അപരാധത്തിന് ക്ഷമ ചോദിക്കാനും പ്രായശ്ചിത്തം ചെയ്യാനും തന്റെ സ്ഥാനമോ പ്രശസ്തിയോ തടസ്സമാകില്ലെന്ന് തെളിയിക്കുന്ന പ്രവൃത്തി.

- **ഉപന്യാസം തയ്യാറാക്കുക. (6 സ്കോർ)**

'ഋതുയോഗത്തിലെ നാടകീയത'

ദുഷ്ഷന്ത രാജാവിനും അതിലൂടെ പ്രേക്ഷകർക്കും ആകാംക്ഷ ജനിപ്പിക്കുന്ന നിരവധി സന്ദർഭങ്ങൾ സൃഷ്ടിച്ച് നാടകീയമായി കഥയെ മുന്നോട്ടുകൊണ്ടുപോയിരിക്കുന്നു കാളിദാസൻ. അവിചാരിതമായി ആശ്രമത്തിൽ എത്തിച്ചേർന്നു – സർവ്വദമനനുമായുള്ള കൂടിക്കാഴ്ച – കുട്ടിയുടെ പ്രവൃത്തികളിൽ നിന്ന് രാജാവിന് സംശയം ഉണ്ടാകുന്നു – പുത്രവാത്സല്യം ജനിപ്പിക്കുന്ന തരത്തിലുള്ള പ്രവൃത്തികളാണ് കുട്ടിയിൽ ഉണ്ടാകുന്നത്.

ആശ്രമത്തിൽ ജനിക്കേണ്ടവനല്ലെന്ന തിരിച്ചറിവ് – പിന്നെ എങ്ങനെ ഈ കുട്ടി ഇവിടെ എത്തി എന്നറിയാനുള്ള ആകാംക്ഷ – 'ശകുന്തലാസ്യം' എന്ന താപസിയുടെ പ്രയോഗം – മഹർഷി ബാലനല്ലെന്ന കാര്യം കേട്ടപ്പോൾ ഉണ്ടായ ആകാംക്ഷ.

സർവ്വദമനന്റെ കൈയിൽ നിന്നും താഴെ വീണ രക്ഷ രാജാവ് എടുക്കുമ്പോൾ എന്താണ് സംഭവിക്കുക എന്നറിയാനുള്ള ആഗ്രഹവും ഞെട്ടലും പ്രേക്ഷകരിലും താപസന്മാരിലും ഉണ്ടാകുന്നു. രക്ഷ കൈകൊണ്ട് തൊട്ടതിലൂടെ സർവ്വദമനൻ തന്റെ മകനാണെന്ന് രാജാവ് ഉറപ്പിക്കുന്നത് – ഇങ്ങനെ ഓരോ സന്ദർഭത്തിനും യോജിച്ച വിധത്തിൽ സംഭാഷണവും സംഭവങ്ങളും കാളിദാസൻ സൃഷ്ടിച്ചിരിക്കുന്നു.

ശകുന്തളയുടെ വരവ് ആദ്യം തിരിച്ചറിയാതെ നിൽക്കുന്നത് – ഇത്രയും കാലം താൻ ചെയ്ത തെറ്റിന് വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും പ്രായശ്ചിത്തം ചെയ്യാൻ കാളിദാസൻ ദുഷ്ഷന്തന് അവസരം കൊടുത്തിരിക്കുന്നു. കളങ്കമില്ലാത്ത മനസ്സോടെ അവർ ഒരുമിച്ച് മുനിയേയും പത്നിയേയും കണ്ട് അനുഗ്രഹം വാങ്ങുന്നതും ശുഭകരമായ അന്ത്യത്തിലേക്ക് നാടകത്തെ എത്തിക്കുന്നതിലുള്ള കാളിദാസന്റെ പ്രതിഭ തെളിയിക്കുന്ന രംഗമാണ്.

# പാവങ്ങൾ - വിക്ടർ ഹ്യൂഗോ

- മനുഷ്യരുടെ ജീവിതാവസ്ഥകൾ ലോകത്തെല്ലായിടത്തും ഒരുപോലെയാണെന്ന് വ്യക്തമാക്കുന്ന കൃതിയാണ് 'പാവങ്ങൾ'. (ലാമീറാബിലേ)
- വിക്ടർ ഹ്യൂഗോ എന്ന എഴുത്തുകാരന്റെ ഉദാത്തമായ രചന.
- കാപട്യം നിറഞ്ഞ ലോകത്തെ തുറന്നുകാട്ടുന്നു ഈ നോവലിലൂടെ.
- 'ഴാങ് വാൽ ഴാങ്' കേവലം ഒരു നോവലിലെ കഥാപാത്രം മാത്രമല്ലെന്നും ഏതു കാലത്തും ഏതു ദേശത്തും ഉണ്ടാകുന്ന അനേകം മനുഷ്യരുടെ പ്രതിനിധിയാണെന്നും മനസ്സിലാക്കാം.
- സ്നേഹവും സാന്ത്വനവും കൊണ്ട് ഏതൊരു കുറ്റവാളിയെയും നല്ല ജീവിതത്തിലേക്ക് കൊണ്ടുവരാം.
- നാലപ്പാട്ട് നാരായണമേനോൻ നടത്തിയ മലയാള വിവർത്തനം.
- ഴാങ് വാൽ ഴാങ് എന്നുപേരുള്ള, വിശപ്പ് സഹിക്കാനാവാതെ റൊട്ടി മോഷ്ടിച്ച് മോഷ്ടാവായിത്തീർന്ന കഥാപാത്രം, മെത്രാൻ, സഹോദരി, പരിചാരക എന്നിവർ കേന്ദ്ര കഥാപാത്രങ്ങൾ.

## മാതൃകാ ചോദ്യങ്ങൾ

**ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക. (1 സ്കോർ)**

1. ''രണ്ടു ചെന്നിക്കുമുള്ള രക്തനാഡികൾ കൊല്ലന്റെ രണ്ടു കുടങ്ങൾ പോലെ ആഞ്ഞടിക്കുന്നത് അയാൾ കേട്ടു.''

   - വാക്യം നൽകുന്ന സൂചനയെന്ത്?

   ഴാങ് വാൽ ഴാങിന്റെ മാനസിക സംഘർഷം

2. ''തന്റെ കാര്യം പോയി എന്നു തോന്നിയിരുന്നപ്പോൾ കൂടി അയാൾ പിന്നാക്കം വയ്ക്കുകയുണ്ടായില്ല.''

   മുകളിൽ കൊടുത്ത വാക്യത്തിൽ ഴാങ് വാൽ ഴാങിന്റെ ഏതുതരം സ്വഭാവമാണ് വ്യക്തമാകുന്നത്?

   തീരുമാനത്തിൽ ഉറച്ചു നിൽക്കുന്ന സ്വഭാവം.

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക (2 സ്കോർ)**

1. "ഉപ്പുകൊണ്ടുള്ള പ്രതിമപോലെ.." എന്നാണ് ഴാങിന്റെ അവസ്ഥയെ സൂചിപ്പിക്കാൻ നോവലിസ്റ്റ് പ്രയോഗിച്ച വാക്യം. ഇത് സന്ദർഭത്തിന് എത്രത്തോളം യോജിക്കുന്നു എന്ന് കണ്ടെത്തുക.

താൻ ചെയ്യാൻ പോകുന്ന കളവിനെക്കുറിച്ചോർത്തും പിടിക്കപ്പെട്ടാൽ സംഭവിക്കുന്ന കാര്യത്തെക്കുറിച്ചുമാണ് ഴാങ് ചിന്തിച്ചത്. പെട്ടെന്നുണ്ടായ ശബ്ദം അയാളെ നന്നായി പേടിപ്പിച്ചു. ഉപ്പുകൊണ്ടുള്ള പ്രതിമ വേഗം അലിഞ്ഞു പോകുന്നതാണ്. ഴാങും അതുപോലെ മുഴുവനായി അലിഞ്ഞുപോകുന്നതുപോലെ അയാൾക്ക് തോന്നി. പിടിക്കപ്പെട്ടാൽ ഉപ്പ് പോലെ അലിഞ്ഞ് ഇല്ലാതാവും അയാളുടെ ജീവിതവും.

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (4 സ്കോർ)**

1. "ഇനി ഇങ്ങോട്ടുവരുമ്പോൾ നിങ്ങൾക്കു തോട്ടത്തിലൂടെ കടന്നുപോരണമെന്നില്ല. തെരുവിലേക്കുള്ള വാതിലിലൂടെതന്നെ എപ്പോഴും വരുകയും പോവുകയും ചെയ്യാം. രാത്രിയും പകലും ഒരു നീക്കു നീക്കിയിരിക്കുന്നതു കൂടാതെ അതൊരിക്കലും പൂട്ടിയിടുകയില്ല."

മെത്രാന്റെ ഈ വാക്കുകൾ നൽകുന്ന അർത്ഥസൂചനകളെന്തെല്ലാം? നിങ്ങളുടെ അഭിപ്രായം എഴുതുക.

മെത്രാന്റെ ഭവനത്തിൽ ആരെയും വേർതിരിച്ച് കാണാറില്ല. എല്ലാവരേയും സ്വീകരിക്കുന്ന മനസ്സാണ് മെത്രാനും. കുറ്റം ചെയ്യുന്നവർ ഒരിക്കലും നേരായ വഴികൾ സ്വീകരിക്കാറില്ല. അവർ വളഞ്ഞ വഴികളിലൂടെ സഞ്ചരിക്കാൻ ഇഷ്ടപ്പെടുന്നു. ഒന്നും നമ്മുടെ സ്വന്തമല്ലെന്നും എല്ലാത്തിന്റെയും അവകാശി നമ്മളല്ലെന്നും പറയാറുള്ള മെത്രാൻ ജനങ്ങൾ കുറ്റവാളിയായി മുദ്രകുത്തിയ ഴാങിനെ ഇരുകൈയും നീട്ടി സ്വീകരിക്കുകയാണ്. ഴാങിന്റെ ജീവിതത്തിലേക്ക് നന്മയുടെ പ്രകാശമാണ് അയാൾ വിതറുന്നത്. എല്ലാ തെറ്റുകളും മനസ്സിലാക്കി ഇനിയെങ്കിലും നേരായ വഴികളിലൂടെ സഞ്ചരിക്കൂ എന്ന ധ്വനി കൂടി മെത്രാന്റെ വാക്കുകളിൽ തെളിയുന്നു.

2. "പാവങ്ങൾ എന്ന നോവൽ വായിക്കുന്ന ഏതൊരാളുടെയും മനസ്സിൽ തങ്ങിനിൽക്കുന്ന കഥാപാത്രമാണ് മെത്രാൻ." - ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ അഭിപ്രായം സമർത്ഥിക്കുക.

മനുഷ്യരെ സ്നേഹിക്കുക എന്നത് ജീവിതത്തിന്റെ ഭാഗമായി കൊണ്ടുനടക്കുന്ന വ്യക്തി – പാരീസിലെ ഡി പട്ടണത്തിന്റെ മെത്രാൻ – നന്മയുള്ള കഥാപാത്രം – തെറ്റു ചെയ്തവരെ കുറ്റപ്പെടുത്തുകയല്ല മറിച്ച് അവരെ നന്മയിലേക്ക് നയിക്കുകയാണ് വേണ്ടത് എന്ന് ജീവിതത്തിലൂടെ തെളിയിച്ചു. താൻ അഭയം കൊടുത്ത ഴാങ് വാൽ ഴാങ് വെള്ളിപ്പാത്രങ്ങൾ

മോഷ്ടിച്ചു കൊണ്ടു പോയിട്ടും അയാളോട് പൊറുക്കുന്നു. മാത്രമല്ല പോലീസിൽ നിന്നും സമൂഹത്തിൽ നിന്നും അയാളെ രക്ഷപ്പെടുത്തുന്നു. വിശന്നു കയറിവന്ന ആ കുറ്റവാളിക്ക് ഭക്ഷണവും കിടക്കാനുള്ള സൗകര്യവും മെത്രാൻ ഒരുക്കി. സ്നേഹവും കാരുണ്യവും കൊണ്ട് ഴാങിനെ നന്മയിലേക്ക് നയിക്കുന്നു.

**ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (6 സ്കോർ)**

1. "ഏതു സമൂഹത്തിലായാലും ഏതു കാലത്തും താഴെക്കിടയിലുള്ള പാവങ്ങളുടെ അവസ്ഥ ഒരുപോലെയാണ്. അതിനാൽ അറിവില്ലായ്മയും ദാരിദ്ര്യവും നിലനിൽക്കുന്ന കാലത്തോളം പാവങ്ങൾ എന്ന നോവലിന്റെ പ്രസക്തിയും നിലനിൽക്കും."

   – മുകളിൽ കൊടുത്ത പ്രസ്താവനയോട് നിങ്ങളുടെ പ്രതികരണമെന്താണ്? വിശദമാക്കുക.

വിക്ടർ ഹ്യൂഗോ എന്ന എഴുത്തുകാരൻ – നാലപ്പാട്ട് നാരായണമേനോനിലൂടെ മലയാളത്തിലേക്കെത്തിയ 'പാവങ്ങൾ' – നോവലിന്റെ ഉള്ളടക്കം.

ഴാങ് വാൽ ഴാങ് അനുഭവിച്ച ജീവിത ദുരിതങ്ങൾ – വർത്തമാനകാല സമൂഹത്തിൽ നാം നിരന്തരം കേട്ടുകൊണ്ടിരിക്കുന്ന വാർത്തകൾ ഉദാഹരണമായി എഴുതുക. വൻ കുറ്റവാളികൾ ശിക്ഷ കിട്ടാതെ രക്ഷപ്പെടുകയും ചെറിയ മോഷണത്തിന് പിടിക്കപ്പെടുകയും ചെയ്യുന്ന രീതി – കുറ്റവാളിയായി മുദ്രകുത്തുന്ന സമൂഹം.

മെത്രാന്റെ ഇടപെടൽ – അയാൾ സമൂഹത്തിന് നൽകുന്ന സന്ദേശം – സ്നേഹവും കാരുണ്യവും കൊണ്ട് ഒരാളെ നന്മയിലേക്ക് നയിക്കാം – എന്നാൽ മെത്രാനെപ്പോലുള്ളവർ കുറയുകയും കുറ്റവാളികളെ കൂടുതൽ വലിയ കുറ്റങ്ങൾ ചെയ്യാൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന പുതിയകാല സമൂഹം.

***

## യൂണിറ്റ് 2

# അനുഭൂതികൾ ആവിഷ്കാരങ്ങൾ

- എഴുത്തുകാരുടെ മനസ്സിൽ തട്ടിയ അനുഭവത്തിൽ നിന്നും ഉണ്ടാകുന്ന അനുഭൂതികളാണ് സാഹിത്യരചനകളായി മാറുന്നത്.
- സ്നേഹബന്ധത്തിന്റെ വ്യത്യസ്തതലങ്ങൾ മനസ്സിലാക്കാൻ സഹായിക്കുന്ന പാഠഭാഗ ങ്ങളാണ് ഈ യൂണിറ്റിൽ ഉള്ളത്.
- തമിഴ്ജനതയുടെ വിശുദ്ധഗ്രന്ഥമായ തിരുക്കുറളിലെ വരികളാണ് ആമുഖമായി കൊടുത്തിട്ടുള്ളത്.
- സ്നേഹം, ദയ, കാരുണ്യം തുടങ്ങിയവ മനുഷ്യർക്കുണ്ടായിരിക്കേണ്ട ഗുണങ്ങളാണ്. അത്തരം ഗുണങ്ങളുള്ള മനുഷ്യരോട് ചേരാൻ പറ്റുക എന്നത് ഭൂമിയിൽ ലഭിക്കുന്ന മഹത്തായ ഭാഗ്യമാണെന്ന് തിരുവള്ളുവർ പറയുന്നു.

## വിശ്വരൂപം - ലളിതാംബിക അന്തർജ്ജനം

- സ്ത്രീയുടെ ശക്തിചൈതന്യങ്ങളെ കഥകളിലും നോവലിലും ആവിഷ്കരിച്ച എഴുത്തുകാരിയാണ് ലളിതാംബിക അന്തർജ്ജനം.
- മാണിക്കൻ, സീത മുതൽ സത്യവതി വരെ, അഗ്നിസാക്ഷി
- സമൂഹത്തിൽ സ്ത്രീക്കുമാത്രം സാധ്യമായ, ജന്മസിദ്ധമായ മാതൃത്വത്തിന്റെ മഹത്വം വ്യക്തമാക്കുന്ന കഥയാണ് ‘വിശ്വരൂപം.’
- സുധീർ, മിസ്സിസ് തലത്ത്, മിസ്റ്റർ തലത്ത് എന്നിവരാണ് കഥാപാത്രങ്ങൾ.
- വിദേശരാജ്യങ്ങളിൽ പ്രൗഢവനിതയായി പാറി നടന്നിരുന്ന മാഡം തലത്തിൽ നിന്നും ഗ്രാമത്തിൽ ജീവിക്കുന്ന താഴത്തു കുഞ്ഞിക്കുട്ടിയമ്മയുടെ കാഴ്ചപ്പാടുകൾ കഥയിലൂടെ ആവിഷ്കരിച്ചിരിക്കുന്നു.
- സുധീർ എന്ന യുവാവിന്റെ കാഴ്ചപ്പാടിലൂടെയാണ് മാഡം തലത്തിന്റെ രണ്ട് കാലത്തെക്കുറിച്ച് വായനക്കാർ മനസ്സിലാക്കുന്നത്.

- വൃദ്ധസദനങ്ങൾ വർദ്ധിച്ചുവരുന്ന ഈ കാലത്ത് മക്കളെ വളർത്തുന്നതിൽ അമ്മയ്ക്കുള്ള പ്രാധാന്യം ഈ കഥയിലൂടെ വ്യക്തമാകുന്നു.
- പ്രായത്തിന്റെയോ, ഒറ്റപ്പെടലിന്റെയോ സങ്കടം ഒട്ടും ഏൽക്കാത്ത ശക്തയായ കഥാപാത്രമാണ് താഴത്ത് കുഞ്ഞിക്കുട്ടിയമ്മ.

**ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക. (1 സ്കോർ)**

1. "പക്ഷേ ആ പാണികൾ ഗ്രഹിച്ചപ്പോൾ ഇന്നത്തെപ്പോലെയുള്ള ചൂട് ഇല്ലായിരുന്നുവെന്ന് അയാളോർത്തു."

   – അടിവരയിട്ട വാക്കിന്റെ ഉചിതമായ അർത്ഥം എടുത്തെഴുതുക.

   കൈകൾ, മുഖം, കാലുകൾ, വിരലുകൾ

2. ലണ്ടനിലും ന്യൂയോർക്കിലും വച്ച് കണ്ട മാഡം താലത്തിനെപ്പറ്റി അയാൾ ഓർത്തുപോയി.

   അടിവരയിട്ട പദത്തിന്റെ അർത്ഥസവിശേഷത കണ്ടെത്തുക.

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക (2 സ്കോർ)**

1. മാഡം തലത്ത് രൂപം കൊണ്ടും ജീവിതരീതികൊണ്ടും മാറിപ്പോയെങ്കിലും ചില അടിസ്ഥാന സ്വഭാവങ്ങളിൽ നിന്നും അവർ മാറിയിട്ടില്ല എന്ന് സുധീർ മനസ്സിലാക്കുന്നു. – വിശദീകരിക്കുക.

   മാഡം തലത്ത് സ്വീകരണമുറിയിലും ക്ലബ്ബിലും നാടകശാലകളിലും പാറിനടന്നിരുന്ന സ്ത്രീ – താഴത്തു കുഞ്ഞുക്കുട്ടിയമ്മ എല്ലാ അർത്ഥത്തിലും പാശ്ചാത്യസംസ്കാരം മുഴുവൻ മറന്ന് ജീവിക്കുകയാണ്. ഒരു തപസ്വിനിയെന്നപോലെ – പക്ഷേ ഒറ്റയ്ക്കായിട്ടും അഭിമാനബോധവും തീരുമാനങ്ങളിൽ ഉറച്ചുനിൽക്കാനുള്ള മനസ്സും നഷ്ടപ്പെട്ടിട്ടില്ല.

2. മാഡം തലത്ത് സുധീറിന് നൽകിയ ഉപദേശം പ്രസക്തമാണെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ? അഭിപ്രായം വ്യക്തമാക്കുക.

   രക്ഷിതാക്കളെ ഉപേക്ഷിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നു – തങ്ങളുടെ തിരക്കുകളിൽപ്പെട്ട് മക്കളെ ലാളിക്കാനോ ശ്രദ്ധിക്കാനോ മറന്നുപോകുന്നവർ – ശാസിക്കുകയും ലാളിക്കുകയും കൂട്ടുകൂടുമ്പോഴും മാത്രമേ രക്ഷിതാക്കളും കുട്ടികളും തമ്മിലുള്ള ബന്ധം ദൃഢമാകൂ.

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (4 സ്കോർ)**

1. "ഓർമ്മകൾ... അതു മാത്രമേ വാർധക്യത്തിനവകാശപ്പെട്ടതായുള്ളൂ അല്ലേ സുധീർ.... മടങ്ങി വരുമ്പോൾ ഞാനുണ്ടായി എന്നു വരില്ല. പക്ഷേ എനിക്കു നിന്റെ മനസ്സിലെങ്കിലും ജീവിക്കണം" – തന്റെ കഴിഞ്ഞുപോയ ജീവിതം തെറ്റായിരുന്നു എന്ന കുറ്റബോധമാണോ മാഡം തലത്തിനെക്കൊണ്ട് ഇങ്ങനെ പറയിച്ചത്? നിങ്ങളുടെ അഭിപ്രായം വ്യക്തമാക്കുക.

   കുറ്റബോധത്തിൽ നിന്നാണ് ഈ വാക്കുകൾ പറയേണ്ടി വന്നത്. ഇത്രയും കാലത്തെ തന്റെ ജീവിതം ശരിയായ രീതിയിലായിരുന്നില്ല എന്ന തിരിച്ചറിവാണ് താഴത്തു കുഞ്ഞുക്കുട്ടിയമ്മയ്ക്കുള്ളത്. തിരക്കുകളിൽ ജീവിച്ച മാഡം തലത്ത് – മറ്റുള്ളവരാൽ എന്നും പ്രശംസിക്കപ്പെട്ട സ്ത്രീ – മറുവശത്ത് താൻ ചെയ്യേണ്ടിയിരുന്ന കടമ മറന്നുപോകുന്നു. മക്കളെ ലാളിക്കുന്നില്ല – മുല കൊടുത്ത് വളർത്തിയില്ല – അവർ വളർന്ന് വലുതായപ്പോൾ അമ്മയെക്കുറിച്ചോർക്കുന്നില്ല – സുധീറിന്റെ മനസ്സിലെങ്കിലും ജീവിക്കാൻ അവർ ആഗ്രഹിക്കുന്നു.

2. താഴത്തു കുഞ്ഞിക്കുട്ടിയമ്മയുടെ ജീവിതം സമൂഹത്തിന് എന്തെങ്കിലും സന്ദേശം നൽകുന്നുണ്ടോ? വിശദമാക്കുക.

   സ്വന്തം വേര് മറന്നുള്ള ജീവിതത്തിന് നിലനിൽപ്പില്ല – കൊടുത്തതു മാത്രമേ തിരികെ കിട്ടുകയുള്ളൂ – സ്വന്തം അച്ഛനമ്മമാരെ നോക്കാതിരുന്ന മാഡം തലത്ത് മക്കളാൽ ഉപേക്ഷിക്കപ്പെട്ടു. നാടിനോടും നാടിന്റെ സംസ്കാരത്തോടും താല്പര്യമില്ലാതിരുന്ന അവർ വിദേശരാജ്യങ്ങളിൽ പ്രൗഢവനിതയായി ജീവിച്ചു. ഇന്ത്യക്കാർ അച്ഛനമ്മമാരെ ദൈവത്തെപ്പോലെ കാണുന്നു എന്ന് കേട്ടപ്പോഴും അവരിൽ യാതൊരു ഭാവവ്യത്യാസവും ഉണ്ടായില്ല. തിരിച്ചറിവുണ്ടായപ്പോൾ ജന്മനാട്ടിൽ ജീവിക്കുന്നു – അവിടെ അവർക്ക് ശാന്തിയും സമാധാനവും ലഭിക്കുന്നു.

**ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (6 സ്കോർ)**

1. "അലങ്കാരങ്ങളുടെ അന്തസ്സും സൽക്കാരത്തിന്റെ ഔചിത്യവും സംഭാഷണ രസികതയും സർവോപരി തലയുയർത്തിപ്പിടിച്ചുള്ള ചടുലമായ അംഗവിക്ഷേപങ്ങളും ഒരിക്കൽ കണ്ടാൽ മറക്കില്ല."

   – "നരച്ച ഒരു തല പ്രത്യക്ഷപ്പെട്ടു. കൃശമായ ശരീരം. നെറ്റിയിൽ ഭസ്മക്കുറി. കഴുത്തിൽ രുദ്രാക്ഷമാല..."

   – "മാഡം തലത്തിൽ നിന്നും താഴത്തു കുഞ്ഞുക്കുട്ടിയമ്മ എന്ന അമ്മയിലേക്ക് ഉയർന്ന ഒരു സ്ത്രീയുടെ മാതൃത്വത്തിന്റെ വിശ്വരൂപമാണ് കഥയിൽ ആവിഷ്കരിച്ചിരിക്കുന്നത്." വിശദമാക്കുക.

ഉത്തരം : ലളിതാംബിക അന്തർജനത്തെ പരിചയപ്പെടുത്തുന്നു – വിശ്വരൂപം എന്ന കഥയുടെ

പ്രമേയം വ്യക്തമാക്കുന്നു. സുധീറിലൂടെ ഒരു സ്ത്രീയുടെ രണ്ടു കാലങ്ങളെ അടയാളപ്പെടുത്തിയിരിക്കുന്നു. മാധം തലത്ത്, സുധീർ, ഡോ. തലത്ത് എന്നിവരെ പരിചയപ്പെടുത്തുന്നു.

സുധീർ ഡോക്ടർ തലത്തിന്റെ അടുത്ത് എത്തിപ്പെടുന്നു. അഞ്ചാമതൊരു കുട്ടിയായി കണക്കാക്കുന്നു. പിന്നീട് ഭർത്താവിന്റെ മരണശേഷം മാഡം തലത്ത് ജന്മനാട്ടിൽ തിരിച്ചെത്തുന്നു.

വർഷങ്ങൾക്കുശേഷം സുധീർ മാഡം തലത്തിനെ കാണുന്നു. അയാളുടെ ഓർമ്മയിലൂടെ വായനക്കാർ മനസ്സിലാക്കുന്ന ഭൂതകാലം - ഇപ്പോൾ മാഡം തലത്തിന്റെ ജീവിത രീതികൾ, സ്വന്തം മക്കളിൽ നിന്നും എല്ലാവരിൽ നിന്നും ഒറ്റപ്പെട്ടു കഴിയാനുണ്ടായ കാരണങ്ങൾ.

സുധീർ അവരിൽ കണ്ടെത്തിയ പ്രധാന മാറ്റം മാഡം തലത്തിൽ ഉണ്ടായ അമ്മമനസ്സ് - ഇതുവരെ അവരിൽ ഉണ്ടാവാതിരുന്ന മാതൃഭാവം അയാൾ ദർശിക്കുന്നു. ആ വിശ്വരൂപം കണ്ട് അയാൾ സന്തോഷിക്കുന്നു. തന്റെ ജീവിതത്തിലെ തിരിച്ചറിവുകളിൽ നിന്ന് താഴത്തു കുഞ്ഞിക്കുട്ടിയമ്മ സുധീറിന് നൽകുന്ന ഉപദേശം - മൂല്യബോധമുള്ള, കുടുംബ ബന്ധങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കാൻ മാതൃത്വത്തിന് മാത്രമേ കഴിയൂ എന്ന സത്യം - സ്ത്രീയുടെ ആ വിശ്വരൂപം കഥയിൽ തെളിയുന്നു.

## പ്രിയദർശനം

- ‘സ്നേഹഗായകൻ’ എന്ന വിശേഷണത്തിനർഹനായ കുമാരനാശാന്റെ ഖണ്ഡകാവ്യമായ നളിനിയിലെ ഒരു ഭാഗം.
- വ്യത്യസ്തമായ സ്നേഹസങ്കല്പമാണ് ആശാനുള്ളതെന്ന് കവിതയിലൂടെ വ്യക്തമാകുന്നു.
- കളിക്കൂട്ടുകാരായിരുന്ന നളിനിയും ദിവാകരനും വർഷങ്ങൾക്കുശേഷം കണ്ടുമുട്ടുന്നതും സംസാരിക്കുന്നതുമാണ് വിഷയം.
- സന്ന്യാസിനിയുടെ വേഷത്തിലാണെങ്കിലും ഇത്രയും നാൾ സൂക്ഷിച്ചുവെച്ച പ്രണയം നളിനി തുറന്നു പറയുന്നു.
- സന്ന്യാസിയായ ദിവാകരൻ ഭാവഭേദമില്ലാതെ എല്ലാം കേൾക്കുന്നു.
- പ്രിയപ്പെട്ടവരുടെ കൂടിക്കാഴ്ച എന്ന അർത്ഥത്തിൽ തലക്കെട്ട് ഉചിതമായിരിക്കുന്നു.

### മാതൃകാ ചോദ്യങ്ങൾ

**(1 സ്കോർ)**

1. “കണ്ടുടൻ സ്വയമറിഞ്ഞിടാത്തതോർ-
   ത്തിണ്ടൽ വേണ്ട സഖീ, കേണിടേണ്ട കേൾ
   പണ്ടു നിന്നെയൊരിളംകുരുന്നതായ്
   കണ്ടു ഞാൻ സപദി വല്ലിയായി നീ” - ഇവിടെ വല്ലി എന്ന് സൂചിപ്പിക്കുന്നത് നളിനിയുടെ ഏതവസ്ഥയെയാണ്?

   യൗവ്വനം

2. “കേണുവാണുമിവിടെ, യേകുമർത്ഥിയാം
   പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ” - നളിനിയുടെ ഈ വാക്കുകൾ സൂചിപ്പിക്കുന്നതെന്ത്?

   ദിവാകരനെ ഒരു തവണയെങ്കിലും നേരിൽ കാണണമെന്ന ആഗ്രഹം സഫലമായി.

**രണ്ടോ മൂന്നോ വാകൃത്തിൽ ഉത്തരമെഴുതുക. (2 സ്കോർ)**

1. "ചാരുശൈശവ കഥയ്ക്കുതന്നെ ചേർ-

ന്നൊരു വാക്കരുളിനാൻ കനിഞ്ഞവൻ"

- ദിവാകരൻ പറയുന്ന വാക്കുകൾ നളിനിയെ സന്തോഷിപ്പിക്കുന്നതാണോ? നിങ്ങളുടെ അഭിപ്രായം എഴുതുക.

അത്രയേറെ പ്രിയപ്പെട്ട ഈ പേരും മധുരമായ ശബ്ദവും, ആ പഴയ നീയും, നിന്റെ വീടും ഓർമ്മയിൽ തെളിഞ്ഞു എന്ന് ദിവാകരൻ പറഞ്ഞത് നളിനിയെ സന്തോഷിപ്പിക്കുന്ന കാര്യമാണ്.

2. ഘടകപദങ്ങളാക്കുക.

- ആരതെന്നുടനറിഞ്ഞു

ആര്, അത്, എന്ന്, ഉടൻ, അറിഞ്ഞു.

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (4 സ്കോർ)**

1. "ഏവമോതിയടരാർന്നു കണ്ണുനീർ

തൂവിനാൾ മൊഴികുഴങ്ങി നിന്നവൾ"

നളിനിയുടെ മാനസികാവസ്ഥ വ്യക്തമാക്കാൻ ഈ വരികൾ പര്യാപ്തമാണോ? അഭിപ്രായം വ്യക്തമാക്കുക.

വർഷങ്ങളുടെ കാത്തിരിപ്പ് - ജീവനോടെ ഒരിക്കലെങ്കിലും കാണണമെന്ന ആഗ്രഹം - അങ്ങനെ ഒരാളെ നേരിൽ കാണുമ്പോൾ സംസാരിക്കാൻ പറ്റാതാവും - പലതും പറയാൻ ഉള്ളിൽ നിന്നും വെമ്പൽ ഉണ്ടാകുമെങ്കിലും വാക്കുകൾ പുറത്തുവരില്ല. സന്തോഷത്തിന്റെ ഏറ്റവും ഉയർന്ന തലം കണ്ണീരായാണ് വരിക - നളിനിക്കും അതുതന്നെ സംഭവിക്കുന്നു. സ്നേഹമുള്ളവർ വേർപിരിഞ്ഞ ശേഷം ഒത്തുചേർന്നാൽ ഇത്തരം അനുഭവമാണ് ഉണ്ടാവുക എന്നും ആശാൻ സമർത്ഥിക്കുന്നു.

2. "എന്നിൽ നിന്നണുവുമേൽക്കിലപ്രിയം

നിന്നുകേഴുമയി! കണ്ടിടുന്നിതേ

നിന്നിലിപ്രണയ ചാപലത്തെ ഞാ-

നന്നുമിന്നുമൊരുപോലെ വത്സലേ!"

- ദിവാകരൻ എന്ന യതിവര്യന്റെ ചഞ്ചലമാകാത്ത മനസ്സ് ഈ വരികളിലൂടെ വ്യക്തമാക്കാൻ കവിക്ക് സാധിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുക.

നളിനിയുടെ ഇഷ്ടം കുട്ടിക്കാലത്തെ മനസ്സിലാക്കിയിരുന്നു ദിവാകരൻ. സന്ന്യാസിയുടെ ജീവിതം തിരഞ്ഞെടുത്തപ്പോൾ അയാൾ നളിനിയെ മറന്നു. തന്റെ ജീവിതചര്യയിൽ മാത്രമായി ശ്രദ്ധ. വർഷങ്ങൾക്കുശേഷം തന്റെ ബാല്യകാല സുഹൃത്തിനെ കണ്ടപ്പോഴും അയാളിൽ യാതൊരു ഭാവവ്യത്യാസവും ഉണ്ടാകുന്നില്ല. മനസ്സിനെ നിയന്ത്രിക്കാൻ പഠിച്ചതുകൊണ്ടാണ് ദിവാകരന് അത് സാധിച്ചത്. നളിനിക്ക് സങ്കടം ഉണ്ടാക്കുന്ന വാക്ക് പറയാതിരിക്കാനും അയാൾ ശ്രദ്ധിക്കുന്നു. വാത്സല്യമുണ്ട്. പക്ഷേ നളിനിയുടെ പ്രണയത്തെ ചാപല്യമായി മാത്രമേ കാണുന്നുള്ളൂ.

**ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (സ്കോർ 6)**

1. "ഏതെങ്കിലും ഒരു വ്യക്തിയിലേക്ക് ചുരുങ്ങുന്നതല്ല കുമാരനാശാന്റെ സ്നേഹസങ്കല്പം. വിശ്വസ്നേഹമാണ് കവിയുടെ ലക്ഷ്യം'' - പ്രിയദർശനം എന്ന പാഠഭാഗത്തെ അടിസ്ഥാനമാക്കി എഴുതുക.

സ്നേഹഗായകൻ എന്ന വിശേഷണത്തിന്റെ പ്രാധാന്യം - പല ഖണ്ഡകാവ്യങ്ങളുടെയും അടിസ്ഥാനം സ്നേഹം - അതിന്റെ വ്യത്യസ്ത തലങ്ങൾ - നേടുന്നത് മാത്രമല്ല നഷ്ടപ്പെടുന്നതിനെയും സ്നേഹം എന്ന് വിളിക്കണമെന്ന് കവിതയിലൂടെ പറഞ്ഞു.

'നളിനി - ഒരു സ്നേഹം' എന്ന പേരിന്റെ സൂചന - ദിവാകരനും നളിനിയും തമ്മിലുണ്ടായിരുന്ന ബന്ധം - ദിവാകരൻ സന്ന്യാസജീവിതം തെരഞ്ഞെടുത്ത കാര്യം - ദിവാകരനോടുള്ള നളിനിയുടെ അടങ്ങാത്ത സ്നേഹം - കാണണമെന്ന ആഗ്രഹം - സന്ന്യാസിനിയായി മാറാനിടയായ കാരണം.

ഹിമാലയത്തിൽ വെച്ച് ദിവാകരനെ കണ്ടുമുട്ടുന്ന രംഗം - നളിനി സംസാരിക്കുന്നത് - എല്ലാം സമചിത്തതയോടെ കേൾക്കുന്ന ദിവാകരൻ - നളിനിയെ ഓർമ്മ വരുന്നത് - വർഷങ്ങൾക്കിപ്പുറവും നളിനിയുടെ ചാപല്യം മാത്രമായി പ്രണയത്തെ കാണുന്നു - ഉപദേശിക്കുന്നു.

എന്നെക്കൊണ്ട് എന്തുപകാരമാണ് വേണ്ടത് എന്ന ചോദ്യത്തിൽ കാവ്യം അവസാനിക്കുന്നു. മറ്റുള്ളവരുടെ ജീവിതത്തിനുവേണ്ടി സ്വന്തം ജീവിതം മാറ്റിവെക്കുന്നവരാണ് തിരിച്ചറിവുള്ള മനുഷ്യർ എന്ന സൂചന - നളിനിയിലേക്ക് ചുരുങ്ങാതെ ലോകത്തിന്റെ നന്മയാണ് തന്റെ ലക്ഷ്യമെന്ന് ദിവാകരൻ തെളിയിക്കുന്നു.

# കടൽത്തീരത്ത്

- കഥാകൃത്ത്, നോവലിസ്റ്റ്, കാർട്ടൂണിസ്റ്റ് എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച എഴുത്തുകാരനാണ് ഒ.വി. വിജയൻ.
- രൂക്ഷമായ സാമൂഹിക വിമർശനം ഒ.വി. വിജയന്റെ എഴുത്തിന്റെ പ്രത്യേകതയാണ്.
- കഥയിൽ പ്രമേയത്തിന് അനുയോജ്യമായ വിധത്തിൽ കഥാപാത്രങ്ങളെയും പശ്ചാത്തലത്തെയും ഒരുക്കാൻ ഈ എഴുത്തുകാരൻ എന്നും ശ്രമിച്ചിട്ടുണ്ട്.
- പാലക്കാടൻ പശ്ചാത്തലത്തിൽ എഴുതിയ കടൽത്തീരത്ത് പാലക്കാടൻ ഗ്രാമീണ ജീവിതത്തെയും പ്രകൃതിയെയും ഉൾക്കൊള്ളുന്നു.
- ചെയ്ത തെറ്റ് എന്താണെന്നുപോലുമറിയാതെ തൂക്കിലേറ്റപ്പെട്ട കണ്ടുണ്ണി എന്ന മകന്റെയും അവനെ അവസാനമായി കാണാൻ പോകുന്ന അച്ഛൻ വെള്ളായിയപ്പന്റെയും അമ്മ കോടച്ചിയുടെയും പാഴുതറ എന്ന ഗ്രാമത്തിന്റെയും കഥയാണ് 'കടൽത്തീരത്ത്'.
- മകനെ നഷ്ടപ്പെട്ട് കടൽത്തീരത്ത് നിൽക്കുന്ന വെള്ളായിയപ്പനിലാണ് കഥ അവസാനിക്കുന്നത്. അത് അറ്റം കാണാത്ത സങ്കടങ്ങളുടെ തീരത്ത് നിൽക്കുന്ന വെള്ളായിയപ്പന്റെ അവസ്ഥയെ സൂചിപ്പിക്കുന്നു. സങ്കടക്കടലാണ് ഉള്ളിലും.
- ദുഃഖസാന്ദ്രമായ പ്രമേയമായതിനാൽ വായനക്കാരുടെ ഉള്ളിൽതട്ടുന്ന വാക്യങ്ങളാണ് കഥാകൃത്ത് പ്രയോഗിച്ചിരിക്കുന്നത്.

## മാതൃകാചോദ്യങ്ങൾ

**ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക. (1 സ്കോർ വീതം)**

1. 'കണ്ണൂരിലേക്കുള്ള തീവണ്ടിയാത്ര പാഴുതറ എന്ന ഗ്രാമത്തിനുവേണ്ടിയായിരുന്നു....'

   – ഈ വാക്യം നൽകുന്ന സൂചനയെന്ത്?

   പാഴുതറ ഗ്രാമത്തിലുള്ളവരെല്ലാം വെള്ളായിയപ്പന്റെ ദുഃഖത്തിൽ ഒപ്പമാണ്.

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. (2 സ്കോർ)**

1. 'വളരെ മുമ്പൊരിക്കലാണ് തീവണ്ടിയിൽ സഞ്ചരിച്ചിട്ടുള്ളത്. പകലിന്റെ വെളിച്ചത്തിൽ. ഇത് രാത്രി വണ്ടിയാണ്. മങ്ങിയ ചിത്രങ്ങൾ പതിച്ച ചുവരുകളുള്ള ഒരു തുരങ്കത്തിലൂടെ അതു പായുന്നു.'

– വെള്ളായിയപ്പന്റെ ജീവിതവുമായി ചേർത്തുവെക്കാൻ ഈ വാകൃത്തിലൂടെ കഥാകൃത്തിന് സാധിച്ചിട്ടുണ്ടോ? വിശകലനം ചെയ്യുക.

മകന്റെ മരണത്തെക്കുറിച്ചോർത്തും തന്റെ നിസ്സഹായതയെക്കുറിച്ചോർത്തും യാത്ര ചെയ്യുന്ന വെള്ളായിയപ്പന്റെ ജീവിതം ഇരുട്ടുനിറഞ്ഞതാണ്. പ്രതീക്ഷയ്ക്ക് വകയുള്ളതൊന്നും അയാളുടെ ജീവിതത്തിലില്ല. ജീവിതം ഇരുട്ടുനിറഞ്ഞ വലിയൊരു തുരങ്കത്തിലൂടെ പോകുന്നതായാണ് അയാൾക്ക് തോന്നുന്നത്. അസ്വസ്ഥമായ മനസ്സിൽ തെളിഞ്ഞ ചിത്രങ്ങൾക്ക് സ്ഥാനമില്ല. മങ്ങിയതും മാറിക്കൊണ്ടിരിക്കുന്നതുമായ ചിത്രങ്ങളാണ് അയാളുടെ മനസ്സിൽ തെളിയുന്നത്.

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക (4 സ്കോർ)**

1. "ഒരു കുടുംബത്തിന്റെ സങ്കടം ഒരു നാട് മുഴുവൻ ഏറ്റെടുത്തതിന്റെ ചിത്രമാണ് കടൽത്തീരത്ത് എന്ന കഥയിൽ തെളിയുന്നത്" – ഈ പ്രസ്താവനയോട് പ്രതികരിച്ച് നിങ്ങളുടെ അഭിപ്രായം എഴുതുക.

   പാഴുതറ സാധാരണക്കാർ ജീവിക്കുന്ന ഗ്രാമം – വെള്ളായിയപ്പൻ പോകാനിറങ്ങുമ്പോൾ എല്ലാ വീടുകളിലും സങ്കടവും സഹാനുഭൂതിയും നിറഞ്ഞു. തീവണ്ടി കയറാൻ പണമുണ്ടായിരുന്നെങ്കിൽ പാഴുതറക്കാർ മുഴുവനും വെള്ളായിയപ്പനൊപ്പം പോകുമായിരുന്നു. യാത്രയിൽ അഭിമുഖമായി വന്ന കുട്ട്യസൻ മാപ്പിളയും നീലി മണ്ണാത്തിയും ആദരവോടെ വഴിമാറിക്കൊടുക്കുന്നു. അവരുടെ വാക്കുകളിൽ വെള്ളായിയപ്പനോടുള്ള സഹാനുഭൂതിയും പ്രാർത്ഥനയും നിറയുന്നു.

2. പ്രകടിപ്പിക്കാനാവാത്തത്രയും സങ്കടങ്ങളും ഉള്ളിലടക്കിപ്പിടിച്ചാണ് വെള്ളായിയപ്പൻ കണ്ണൂരിലേക്ക് യാത്ര തിരിക്കുന്നത്. വെള്ളായിയപ്പന്റെ മാനസികാവസ്ഥയുടെ തീവ്രത വ്യക്തമാക്കുന്ന വിധത്തിലുള്ള പശ്ചാത്തലമാണോ കഥാകൃത്ത് ഒരുക്കിയിട്ടുള്ളത്? ചർച്ച ചെയ്യുക.

   വീട്ടിൽ നിന്നും നിലവിളി ഉയരുന്നു. അയൽവാസികൾ വിഷാദത്തിലായി. ആരുടെയൊക്കെയോ ദുഃഖസഞ്ചാരങ്ങളുടെ തഴമ്പായി നീണ്ടുകിടക്കുന്ന ചവിട്ടടിപ്പാത – പനമ്പുകളിൽ നിന്നും ഊട്ടുദൈവങ്ങളും കാരണവന്മാരും സംസാരിക്കുന്നതുപോലെ. കോടച്ചിയുടെ കണ്ണീർ വീണ് നനഞ്ഞ പൊതിച്ചോറ്. മൗനത്തിലൂടെ യാത്രയയക്കുന്ന കുട്ട്യസൻ മാപ്പിളയും നീലി മണ്ണാത്തിയും. പുഴയിലിറങ്ങിയപ്പോൾ വന്ന ഓർമ്മകൾ. മേടു കയറുവോളം കരയുന്നു. പക്ഷികളെ കണ്ടപ്പോൾ മകനെ ഓർക്കുന്നു. അപരിചിതരുടെ സംഭാഷണങ്ങൾ താങ്ങാനുള്ള ശേഷിയില്ല. കുട്ടിയുടെ നിസ്സഹായതയോടെ പാറാവുകാരന്റെ മുന്നിൽ നിൽക്കുന്നു. മകനെ കാണുമ്പോൾ ഉണ്ടായ സങ്കടം.

**ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (6 സ്കോർ)**

1. "ദാരിദ്ര്യം, അറിവില്ലായ്മ, നിസ്സഹായത എന്നിവ മനുഷ്യജീവിതത്തെ ഏതൊക്കെ വിധത്തിലാണ് സ്വാധീനിക്കുക എന്ന് വ്യക്തമാക്കുന്ന കഥയാണ് കടൽത്തീരത്ത്." - വിശദമാക്കുക.

കഥാകൃത്തിനെക്കുറിച്ചുള്ള സൂചനകൾ - പ്രമേയത്തിന് യോജിച്ച ഭാഷാപ്രയോഗങ്ങൾ - മനസ്സിൽതട്ടുന്ന വിധത്തിലുള്ള അവതരണം - തലക്കെട്ടിന്റെ ധ്വനി - കഥയുടെ ചുരുക്കം.

ദാരിദ്ര്യത്തിന്റെ സൂചനകൾ - പാഴുതറ സാധാരണ നാട്ടിൻപുറം - പണമുണ്ടായിരുന്നെങ്കിൽ ഗ്രാമം മുഴുവൻ കണ്ണൂരേക്ക് പോകുമായിരുന്നു. പൊതിച്ചോറ് കൂടെ കരുതുന്നു. കടം വീട്ടാനാവില്ലെന്ന് കുട്ട്യസൻ മാപ്പിളയോട് പറയുന്നു. റെയിൽവേ സ്റ്റേഷനിൽ ഇറങ്ങി ജയിലുവരെ നടക്കുന്നു. മൃതശരീരം വീട്ടിലേക്ക് കൊണ്ടുപോകാൻ പൈസയില്ല - മകന്റെ ശവശരീരം പട്ടണത്തിനു പുറത്തുള്ള വെളിനിലത്ത് കുഴിച്ചിടുന്നു.

അറിവില്ലായ്മയുടെ സൂചനകൾ - കോടതിയിൽ നിന്നും തനിക്കയച്ച നോട്ടീസിലെ വിവരങ്ങൾ എന്താണെന്ന് കൃത്യമായി അറിയില്ല വെള്ളായിയപ്പന്. പല കമ്പാർട്ടുമെന്റുകളിൽ മാറിക്കേറി മറ്റുള്ളവർക്കു മുന്നിൽ പരിഹാസ കഥാപാത്രമാകുന്നു - മകനെ ജയിലിൽ നിന്നും പുറത്തിറക്കാൻ എന്താണ് താൻ ചെയ്യേണ്ടത് എന്നുപോലുമറിയാത്ത അച്ഛൻ.

നിസ്സഹായതയുടെ സൂചനകൾ - മറ്റാരും തന്റെ സങ്കടം കേൾക്കാനില്ലെന്ന് അറിഞ്ഞുകൊണ്ട് എല്ലാം ഉള്ളിലൊതുക്കി വെള്ളായിയപ്പൻ യാത്ര തുടരുന്നു. ഒറ്റയ്ക്കുള്ള യാത്ര - മകനെക്കുറിച്ചുള്ള ഓർമ്മകൾ - ആ സങ്കടത്തിൽ വിങ്ങി കരയുന്നു - അയാളുടെ മാനസികാവസ്ഥ മനസ്സിലാക്കാതെ മറ്റുള്ളവരുടെ ചോദ്യങ്ങൾ - അമ്പലത്തിലെ നട തുറക്കാൻ കാത്തിരിക്കുന്നതുപോലെ ജയിലിൽ ഇരിക്കുന്നു - പൊതിച്ചോറ് മകന് നൽകാൻ സാധിക്കുന്നില്ല - തന്റെ മകനുവേണ്ടി മറ്റൊന്നും ചെയ്യാൻ സാധിക്കാത്ത ആ പിതാവ് പുളിച്ച ചോറ് തന്റെ മകന്റെ മോക്ഷത്തിനുവേണ്ടിയുള്ള ബലിച്ചോറായി മാറ്റുന്നു.

***

## യൂണിറ്റ് 3

# സംഘർഷങ്ങൾ സങ്കീർത്തനങ്ങൾ

മനുഷ്യമനസ്സിലെ സംഘർഷങ്ങൾ എക്കാലത്തും സാഹിത്യകൃതികൾക്ക് വിഷയമാകാറുണ്ട്. വൈയക്തികമോ വൈകാരികമോ ആയ കാരണങ്ങളാൽ ഉണ്ടാകുന്ന സംഘർഷങ്ങൾ ആ വ്യക്തിയുടെ ദുരന്തത്തിനോ സാമൂഹിക ദുരന്തത്തിനോ കാരണമായിത്തീരാം. ഇത്തരം സംഘർഷങ്ങളും ദുരന്തങ്ങളും സാഹിത്യത്തിലൂടെ ആവിഷ്കരിക്കുമ്പോൾ അവ മനോഹരമായ സങ്കീർത്തനങ്ങളായി അനുഭവപ്പെടുന്നു. മനുഷ്യമനസ്സുകളിൽ മാത്രമല്ല ചരിത്രത്തിലും അവ സ്ഥാനം പിടിക്കുന്നു.

മലയാളത്തിലെ എക്കാലത്തെയും അനശ്വരമായ മൂന്നു രചനകളാണ് സംഘർഷങ്ങൾ സങ്കീർത്തനങ്ങൾ എന്ന യൂണിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വ്യത്യസ്ത കാലഘട്ടങ്ങളിൽ പിറവിയെടുത്തവയാണ് ഇവ. ആട്ടക്കഥാ സാഹിത്യത്തിലെ അതുല്യമായ രചനകളിൽ ഒന്നായ ഉണ്ണായിവാര്യരുടെ നളചരിതം ആട്ടക്കഥയിലെ രണ്ടാം ദിവസത്തിലെ ഒരു ഭാഗം, കുട്ടികൃഷ്ണമാരാരുടെ 'ഭാരതപര്യടന'ത്തിലെ 'യുദ്ധത്തിന്റെ പരിണാമം' എന്ന അധ്യായം, മനുഷ്യന്റെ ആത്മസംഘർഷങ്ങളെ സാഹിത്യത്തിൽ ആവിഷ്കരിച്ച വിഖ്യാത റഷ്യൻ നോവലിസ്റ്റ് ദസ്തയേവ്സ്കിയുടെ ജീവിതത്തെ ആസ്പദമാക്കി പെരുമ്പടവം ശ്രീധരൻ രചിച്ച 'ഒരു സങ്കീർത്തനം പോലെ' എന്ന നോവലിലെ ഒരു ഭാഗം എന്നിവയാണ് പാഠഭാഗങ്ങൾ.

### പ്രവേശകപാഠം

ലോകപ്രശസ്ത ജർമൻ സാഹിത്യകാരനായ ഗോയ്ഥേയുടെ പ്രസിദ്ധകൃതിയായ ഡോക്ടർ ഫൗസ്റ്റിലെ വരികളാണ് പ്രവേശകമായി നൽകിയിരിക്കുന്നത്. 'കല ദീർഘവും സാധനാലഭ്യവുമാണ്. ജീവിതമാകട്ടെ ഹ്രസ്വവും'. ഗോയ്ഥേയുടെ ഈ വാക്കുകളിലൂടെ കലയുടെ അനശ്വരതയാണ് വെളിപ്പെടുന്നത്.

മനുഷ്യജീവിതത്തിലെ പോരാട്ടങ്ങളെയും ആത്മസംഘർഷങ്ങളെയുമെല്ലാം കലയിലൂടെ മനോഹരമായി ആവിഷ്കരിക്കാം. ഇങ്ങനെ ആവിഷ്ക്കരിക്കണമെങ്കിൽ കലാകാരന്റെ പ്രതിഭയും സാധനയും തികഞ്ഞ അർപ്പിത ജീവിതം കലയ്ക്കുവേണ്ടി ഉണ്ടാകണം. അത്തരം സമർപ്പിതവും സാധനാപൂർണവുമായ പ്രതിഭയിൽ നിന്നുണ്ടാകുന്ന കല അനശ്വരമായിരിക്കും. കലയുമായി താരതമ്യം ചെയ്യുമ്പോൾ കലയ്ക്ക് അടിസ്ഥാനമായ ജീവിതം ഹ്രസ്വമാണ്.

## ഇതിവൃത്തം

മഹാഭാരതം വനപർവ്വത്തിലെ 52 മുതൽ 70 വരെയുള്ള അധ്യായങ്ങളാണ് നളോപാഖ്യാനം. പാണ്ഡവരുടെ വനവാസക്കാലത്ത്, അവരുടെ ദുഃഖമകറ്റാനായി ചില മുനിമാർ വന്ന് കഥകൾ പറഞ്ഞുകൊടുക്കുമായിരുന്നു. ബൃഹദശ്വൻ എന്ന മുനി യുധിഷ്ഠിരനെ പറഞ്ഞുകേൾപ്പിക്കുന്നതാണ് നളോപാഖ്യാനം (നളന്റെ കഥ). സത്യസന്ധരായ രാജാക്കന്മാർക്ക് ജീവിതത്തിൽ ചിലപ്പോൾ ചില പ്രതിസന്ധികളെ അഭിമുഖീകരിക്കേണ്ടിവരുമെന്നും പ്രതിസന്ധികളും ദുരിതങ്ങളും അകന്ന് മുമ്പത്തേക്കാൾ ശ്രേയസ്സും ഐശ്വര്യവും ഉണ്ടാകുമെന്നുമുള്ള ഗുണപാഠം ഉപദേശിക്കാനാണ് ബൃഹദശ്വമുനി നളന്റെ കഥ പറയുന്നത്. നളോപാഖ്യാനത്തെ അടിസ്ഥാനമാക്കിക്കൊണ്ടാണ് ഉണ്ണായിവാര്യർ നളചരിതം രചിച്ചിട്ടുള്ളത്. നാലു ദിവസമായി അവതരിപ്പിക്കാവുന്ന രീതിയിലാണ് ഈ ആട്ടക്കഥ രചിച്ചിരിക്കുന്നത്.

## ഉണ്ണായിവാര്യരും നളചരിതവും

''അർത്ഥപുഷ്ടിയും ശബ്ദപുഷ്ടിയും നളചരിതത്തിലെപ്പോലെ മറ്റൊരു മണിപ്രവാളകൃതിയിലും ഒന്നുപോലെ ചേർന്നു യോജിച്ചിട്ടുണ്ടോ എന്നു സന്ദേഹമാണ്.''

– ഏ.ആർ. രാജരാജവർമ്മ

"അർത്ഥവും ഭാഷയും ആംഗ്യവൽക്കരിക്കപ്പെടുന്ന സൗന്ദര്യാനുഭൂതിയും നളചരിതകാരൻ മാത്രമേ നൽകുന്നുള്ളൂ, ആട്ടക്കഥയിൽ."

– ഡോ. കല്പറ്റ ബാലകൃഷ്ണൻ

"മലയാളത്തിലെ ശാകുന്തളമാണ് നളചരിതം"

– പ്രൊഫ. ജോസഫ് മുണ്ടശ്ശേരി

## കഥകളിയും ആട്ടക്കഥയും

കഥകളി എന്ന അഭിനയകലയ്ക്കുവേണ്ടിയാണ് ആട്ടക്കഥ ഉണ്ടായത്. കഥ കളിച്ചുകാണിക്കാനുള്ള സാഹിത്യരൂപമാണ് ആട്ടക്കഥ എന്നു ചുരുക്കും.

- നൃത്തം, നൃത്യം, നാട്യം എന്നിങ്ങനെയുള്ള കലകളിൽ കഥകളി ഒരു നൃത്യകലയാണ്. പദാർത്ഥാഭിനയപ്രധാനമാണ് നൃത്യകല.

**കഥകളിയുടെ ഉത്ഭവം - പൂർവ്വ രൂപങ്ങൾ - കൃഷ്ണനാട്ടം, രാമനാട്ടം**

കോഴിക്കോട് മാനവേദ രാജാവ്, 12-ാം നൂറ്റാണ്ടിൽ ബംഗാളിൽ ജീവിച്ചിരുന്ന ജയദേവ കവിയുടെ ഗീതാഗോവിന്ദത്തെ അടിസ്ഥാനമാക്കി രൂപം കൊടുത്ത കൃഷ്ണനാട്ടം, കഥകളിയുടെ പൂർവ്വരൂപമായി പരിഗണിക്കപ്പെടുന്നു. കൃഷ്ണന്റെ കഥ എട്ടു ദിവസം കൊണ്ട് ആടി അവതരിപ്പിക്കുന്ന മട്ടിലാണ് കൃഷ്ണനാട്ടം ചിട്ടപ്പെടുത്തിയിട്ടുള്ളത്.

കൃഷ്ണനാട്ടമെന്ന കലാരൂപം കാണാൻ ആഗ്രഹിച്ച കൊട്ടാരക്കര തമ്പുരാൻ മാനവേദ രാജാവിനോട് കൃഷ്ണനാട്ട സംഘത്തെ കൊട്ടാരക്കരയിലേക്ക് അയക്കാനാവശ്യപ്പെട്ടു. എന്നാൽ കൊട്ടാരക്കരക്കാർക്ക് കൃഷ്ണനാട്ടം കാണാനുള്ള പ്രാപ്തിയില്ലെന്നു പറഞ്ഞ് ദൂതനെ പരിഹസിച്ചയക്കുകയാണ് മാനവേദ രാജാവ് ചെയ്യുന്നത്. ഇതിൽ വാശിപൂണ്ട രാജാവ് രാമനാട്ടമെന്ന കലാരൂപമുണ്ടാക്കിയെന്ന് പറയപ്പെടുന്നു.

കൃഷ്ണനാട്ടത്തിന്റെയും രാമനാട്ടത്തിന്റെയും ചുവടുപിടിച്ചുകൊണ്ട് 18-ാം നൂറ്റാണ്ടിൽത്തന്നെ ആവിർഭവിച്ച ഒരു കലാരൂപമാണ് കഥകളി. ക്ഷേത്രകല എന്നുള്ള നിലയിലാണ് കഥകളി ചരിത്രത്തിൽ ഇടം നേടുന്നത്.

**കഥകളി ചടങ്ങുകൾ**

1) **കേളി**

കഥകളി നടക്കുന്നു എന്ന് അറിയിക്കുവാനുള്ള വാദ്യപ്രയോഗമാണിത്. കേളികൊട്ട് എന്നും പറയുന്നു. ചെണ്ട, ചേങ്ങില, മദ്ദളം, ഇലത്താളം എന്നിവ ഉപയോഗിക്കുന്നു.

2) **അരങ്ങുകേളി**

കേളിക്കൈ - അരങ്ങത്ത് വെച്ച് നടക്കുന്ന ചടങ്ങ്. വാദ്യക്കാരുടെ പ്രകടനമാണിത്. ചെണ്ടയൊഴിച്ചുള്ള വാദ്യോപകരണങ്ങൾ അരങ്ങുകേളിക്കുപയോഗിക്കുന്നു.

3) **തോടയം**

രംഗപൂജ തന്നെയാണിത്. തോടയത്തിനു ശേഷം മാത്രമേ നടന്മാർ വേഷം ധരിക്കുകയുള്ളൂ.

4) **വന്ദനശ്ലോകം**

വന്ദനം ചൊല്ലി സ്തുതിക്കുന്നു. വിഘ്നേശ്വരൻ, ശിവൻ, വിഷ്ണു എന്നിവരെ സ്തുതിക്കുന്നു. സ്തുതിക്കുന്നത്: -

• പൊന്നാനി (ഒന്നാം പാട്ടുകാരൻ)

• ശിങ്കിടി (രണ്ടാം പാട്ടുകാരൻ)

**5) പുറപ്പാട്**

വന്ദനശ്ലോകത്തിനുശേഷം കഥാരംഭത്തിലെ പ്രഥമ ശ്ലോകം ചൊല്ലുന്നതോടെ നായികാനായകന്മാരുടെ (കഥാപാത്രങ്ങളുടെ) പുറപ്പാടാണ്. ഈ അവസരത്തിൽ ശംഖനാദമുയർത്താറുണ്ട്. ചെണ്ടയടക്കമുള്ള ഉപകരണങ്ങൾ ഉപയോഗിക്കുന്നു.

**6) മഞ്ജുതര**

കഥാരംഭത്തിന് തൊട്ടുമുമ്പ് ഗീതാഗോവിന്ദത്തിലെ 'മഞ്ജുതര കുഞ്ജതല' എന്ന അഷ്ടപദിഗീതം ചൊല്ലുന്ന ചടങ്ങ്.

**7) കഥാഭിനയം**

മഞ്ജുതരയ്ക്കുശേഷം പ്രധാന വേഷങ്ങൾ രംഗത്തെത്തി അഭിനയം തുടങ്ങും.

**8) ധനാശി**

കഥകളി അവസാനിപ്പിക്കുന്ന ചടങ്ങ്

## അഭിനയങ്ങൾ

ചതുർവിധം

1) ആംഗികം - അംഗചലനങ്ങൾ കൊണ്ടുള്ള അഭിനയം

2) വാചികം - ശബ്ദാഭിനയം

3) സാത്വികം - ഭാവാഭിനയം

4) ആഹാര്യം - വേഷവിധാനം, രംഗസജ്ജീകരണം എന്നിവയാൽ രൂപപ്പെടുന്ന അഭിനയം.

ചതുർവിധാഭിനയങ്ങളിൽ ആംഗികം, സാത്വികം, ആഹാര്യം എന്നിവ കഥകളി നടനാണ് ചെയ്യുന്നതെങ്കിൽ വാചികാഭിനയം പിൻപാട്ടുകാരാണ് ചെയ്യുന്നത്.

1) പൊന്നാനി - ഒന്നാംപാട്ടുകാരൻ

2) ശിങ്കിടി - മറ്റു പാട്ടുകാർ

• ശിങ്കിടിയെ അടിസ്ഥാനമാക്കിക്കൊണ്ട് ഭാഷയിൽ 'ശിങ്കിടി പാടുക' എന്ന ഒരു ശൈലി തന്നെയുണ്ടാക്കി. പിന്തുണയേകുക എന്ന അർത്ഥത്തിലാണ് കഥകളിയിൽ പ്രയോഗിച്ചതെങ്കിൽ പിന്നീട്, സ്വന്തമായി അഭിപ്രായമില്ലാതെ മറ്റാരുടെയെങ്കിലും അഭിപ്രായം അതേപടി ഏറ്റുപറയുക എന്ന അർത്ഥത്തിൽ ഈ പ്രയോഗം ഒരു ശൈലിയായി മാറി.

**ഗുണങ്ങൾ**

സത്വഗുണം (നന്മ) - രാമൻ, കൃഷ്ണൻ, നളൻ

രജോഗുണം (നന്മയും തിന്മയും ഇടകലർന്നത്) - ദുര്യോധനൻ, രാവണൻ

തമോഗുണം (തിന്മ) - കലി, കാട്ടാളൻ

**വേഷങ്ങൾ**

ത്രിഗുണങ്ങളെ (രജസ്തമോ സത്വ ഗുണങ്ങൾ) അടിസ്ഥാനമാക്കി കഥകളിയിലെ വേഷങ്ങളെ പച്ച, കത്തി, കരി, താടി, മിനുക്ക് തുടങ്ങിയ രീതികളിൽ ക്രമീകരിച്ചിട്ടുണ്ട്.

പച്ച : - സത്വഗണം - ധീരന്മാരും ശ്രേഷ്ഠന്മാരുമായ നായകന്മാരും ഉപനായകന്മാരും പച്ച വേഷമാണ് സ്വീകരിക്കുക.

കത്തി : - രജോഗുണം - വീരരസം - അടിസ്ഥാനഭാവം.

1) കുറുംകത്തി, ഉദാ:- രാവണൻ, ദുര്യോധനൻ.

2) നെടുംകത്തി, ഉദാ:- ദുശ്ശാസനൻ, കാലകേയൻ

3) കരി - തമോഗുണം, ഉദാ: കാട്ടാളൻ

4) താടി :- സത്വരജസ്തമോ ഗുണങ്ങളുടെ അടിസ്ഥാനത്തിൽ മൂന്നുവിധം.

   1) വെള്ളത്താടി - സത്വഗുണം - ഹനുമാൻ, നരസിംഹം

   2) ചെമ്പൻതാടി - രജോഗുണം - ബാലി - സുഗ്രീവൻ

   3) കറുപ്പ് താടി - തമോഗുണം - കലി

5) മിനുക്ക് - സത്വഗുണം - സാധാരണയായി മുനിമാർക്കും സ്ത്രീകൾക്കുമാണ് മിനുക്ക് വേഷമുള്ളത്.

   ഉദാ:- നാരദമുനി, ദമയന്തി.

**ശ്ലോകം**

രംഗം, കഥാപാത്രം, കഥാസന്ദർഭം എന്നിവ വിശദമാക്കിത്തരുന്ന കവി വാക്യമാണ് ശ്ലോകം.

**പദം**

കഥാപാത്ര സംഭാഷണം

**പല്ലവി - പാട്ടിന്റെ ആദ്യഭാഗം**

ഓരോ പാട്ടിന്റെയും പദത്തിന്റെയും ആദ്യ ഖണ്ഡം പല്ലവി - ആവർത്തിച്ചുവരും.

**അനുപല്ലവി**

പല്ലവിയെ തുടർന്ന് വരുന്ന ഭാഗം. അനുപല്ലവിയിൽ ഒരു പദത്തിൽ ഒന്ന് എന്ന തോതിലാണ് ഉണ്ടാവുക.

**ചരണം**

അനുപല്ലവിക്കുശേഷം വരുന്ന ഗാന(പദ) ഭാഗം.

## നളചരിതത്തിന്റെ ആശയസംഗ്രഹം

നിഷധരാജ്യത്തെ രാജാവായ നളൻ ഒരിക്കൽ നാരദമുനിയിൽ നിന്ന് കുണ്ഡിനപുരിയിലെ രാജാവായ ഭീമന്റെ മകൾ ദമയന്തിയെക്കുറിച്ച് കേൾക്കാനിടയായി. കേട്ട മാത്രയിൽ, നളന് ദമയന്തിയിൽ അനുരാഗമുദിച്ചു. ഇതേസമയം ദമയന്തിയും, പലരും പറഞ്ഞുകേട്ട കഥകളിൽ നിന്ന് നളനോട് അങ്ങേയറ്റം അനുരക്തയായിരുന്നു. നളൻ കുറച്ചു നാളുകൾക്കുള്ളിൽ തന്നെ തന്റെ ഉദ്യാനത്തിലെത്തിച്ചേർന്ന ഒരു ഹംസത്തെ തന്റെ പ്രണയദൂതനായിട്ട് ദമയന്തിയുടെ അടുത്തേക്കയക്കുന്നു. ഹംസം അവിടെയെത്തി ദമയന്തിക്ക് തിരിച്ച് നളനോടും പ്രണയമുണ്ടെന്ന് തന്ത്രപൂർവ്വം മനസ്സിലാക്കുന്നു. ആയിടയ്ക്കാണ് ഭീമരാജാവ് തന്റെ മകൾക്ക് സ്വയംവരം പ്രഖ്യാപിക്കുന്നത്. നളൻ സ്വയംവരത്തിൽ പങ്കെടുത്ത് ദമയന്തിയെ സ്വന്തമാക്കാനായി കൊട്ടാരത്തിൽ എത്തിച്ചേരുന്നു. പല രാജാക്കന്മാർ അവിടെ എത്തിയിട്ടുണ്ടായിരുന്നു. നളദമയന്തിമാരെ പരീക്ഷിക്കാനായി ഇന്ദ്രൻ, വരുണൻ, അഗ്നി, യമൻ തുടങ്ങിയ ദേവന്മാരും എത്തിയിട്ടുണ്ടായിരുന്നു. ആദ്യം ചില തടസ്സങ്ങളൊക്കെ ചെയ്തെങ്കിലും പിന്നീട് അവരുടെ സമക്ഷത്തിൽ, അനുഗ്രഹമേറ്റുവാങ്ങിക്കൊണ്ട് നളദമയന്തി വിവാഹം കഴിയുന്നു. ദേവന്മാർ, ദേവലോകത്തിലേക്ക് യാത്രയാവുന്ന വഴിമധ്യേ കലിയെ കണ്ടു. കൃഷി കാര്യങ്ങളൊക്കെ ദേവന്മാരിൽ നിന്ന് മനസ്സിലാക്കുന്നു. കലിക്ക് ദമയന്തിയെ വിവാഹം കഴിക്കണമെന്ന ആഗ്രഹമുണ്ടായിരുന്നു. സ്വയംവരത്തിന് കൃത്യസമയത്തെത്താൻ കഴിയാത്തതിലും ദമയന്തിയെ കിട്ടാത്തതിലും, കലി അങ്ങേയറ്റം കുപിതനും നിരാശയുള്ളവനുമാകുന്നു. അത് നളനോടുള്ള പകയായി മാറുന്നു. നളദമയന്തിമാരെ തമ്മിലകറ്റി രാജ്യത്തിനു പുറത്താക്കുമെന്ന് ദേവന്മാരുടെ മുമ്പിൽ വെച്ച് കലി ശപഥം ചെയ്യുന്നു. തുടർന്ന് നിഷധരാജ്യത്തെത്തി നളന്റെ അനുജനായ പുഷ്കരനെ, നളനെ തോൽപ്പിക്കാനായി പ്രലോഭിപ്പിക്കുന്നു.

**മാതൃകാ ചോദ്യങ്ങൾ (1 സ്കോർ)**

1. 'നമുക്കില്ലാ നാടും നഗരവും കുടയും ചാമരവും
   അമിത്രവീരന്മാരെ അമർക്കും വൻപടയും
   ബാഹുജനെന്നുള്ളതേ നമുക്കൊന്നുള്ളു മുറ്റും'
   – ഈ വരികളിൽ തെളിയുന്ന പുഷ്കരന്റെ മാനസികാവസ്ഥ കണ്ടെത്തുക.
   (സന്തോഷം, നിരാശ, സമാധാനം)

2. നേരെ നിന്നെടെടോ ഞാൻ പുനരാരെന്നും പറയാം

പാരിലെന്നെയിന്നാരറിയാതവർ

– ഈ വരികളിൽ തെളിയുന്ന കലിയുടെ ഭാവം?

(സങ്കടം, നിരാശ, അഹങ്കാരം)

3. "വൈരി വൈരസേനിക്കിഹ ഞാൻ കലി"

ഇതിൽ വൈരസേനി എന്നു വിശേഷിപ്പിക്കുന്നതാരെ?

(നളൻ, ഭീമൻ, വീരസേനൻ)

4. "നളനും നീയും ഭേദമെന്തിവിടെ?" – കലിയുടെ വാക്കുകൾ നൽകുന്ന സൂചനയെന്ത്?

- നളനും പുഷ്കരനും തമ്മിൽ വ്യത്യാസമുണ്ട്.
- പുഷ്കരനും നാടുവാഴാനുള്ള അർഹതയുണ്ട്.
- നളൻ പുഷ്കരനേക്കാൾ യോഗ്യനാണ്.
- പുഷ്കരന്റെ ജീവിതം നിഷ്ഫലമാണ്.

5. "ദുഷ്കരമായിട്ടൊന്നുമില്ല കേൾ

മത്സഹായമുണ്ടായാലേവനും"

– ഈ വരികളുടെ ആശയത്തിന് ഏറ്റവും യോജിച്ചത്?

- കലിയെ ജയിക്കുക എളുപ്പമല്ല
- നളന് അസാധ്യമായി ഒന്നുമില്ല
- പുഷ്കരന് വിജയം സാധ്യമാണ്
- പുഷ്കരന് എല്ലാം ദുഷ്കരമാണ്.

## (2 സ്കോർ)

6. "വൈരി വൈര സേനിക്കിഹ ഞാൻ കലി

തവ ഞാൻ മിത്രം" – കലി ഇങ്ങനെ പരിചയപ്പെടുത്തിയതിന്റെ സാംഗത്യമെന്ത്?

1) കലിക്ക് നളനോട് അങ്ങേയറ്റം പകയും മത്സരബുദ്ധിയുമുണ്ട്.

2) നളനും പുഷ്കരനും വീരസേനന്റെ പുത്രന്മാർ എന്ന അർത്ഥത്തിൽ വൈരസേനികളാണ്.

– ഇതിൽ തന്റെ ശത്രുവായ വൈരസേനിയാണ് നളൻ. മിത്രമായ വൈരസേനിയാണ് പുഷ്കരൻ.

## (4 സ്കോർ)

7. “പഴുതേ ഞാനെന്തേ പലവക പറഞ്ഞുകേൾപ്പിക്കുന്നു”

- പുഷ്കരൻ പറഞ്ഞ് കേൾപ്പിച്ചത് എന്തെല്ലാം?

- ധരണിയിലുള്ള ആൾക്കാർ നളനെച്ചെന്നുകാണും.
- അവർക്ക് വേണ്ടുന്ന കാര്യങ്ങൾ നളൻ ചെയ്തുകൊടുക്കും.
- തന്നെ കാണാനായി ആരും വരില്ല.
- തനിക്ക് നാടും നഗരവും കുടയും ചാമരവുമില്ല.
- ശത്രുവീരന്മാരെ ഇല്ലാതാക്കുന്ന വൻപടയില്ല.
- ബാഹുജനെന്നുള്ളത് (ക്ഷത്രിയനാണെന്നത്) മാത്രമേ തനിക്ക് പൂർണമായും സ്വന്തമായുള്ളൂ.
- ഈ വാക്കുകളിൽ പുഷ്കരന്റെ അപകർഷതാബോധം വ്യക്തമാക്കുന്നു.

8. “നമുക്കില്ലാ നാടും നഗരവും കുടയും ചാമരവും
അമിത്രവീരന്മാരെ അമർക്കും വൻപടയും
ബാഹുജനെന്നുള്ളതേ നമുക്കൊന്നുള്ളു മുറ്റും”

- ഈ വരികളിൽ തെളിയുന്ന പുഷ്കരന്റെ മാനസികാവസ്ഥ വിശകലനം ചെയ്യുക.

- കലിദ്വാപരന്മാർ തന്റെ അരികിലേക്ക് വരുന്ന സന്ദർഭത്തിലാണ് പുഷ്കരൻ ഈ വിധം പറയുന്നത്.
- അപരിചിതരായ ആൾക്കാരോട് രാജകാര്യങ്ങളും കുടുംബകാര്യങ്ങളും തുറന്നുപറയുന്ന, അപക്വമതിയായ വിഡ്ഢിയായാണ് ഉണ്ണായിവാര്യർ പുഷ്കരനെ അവതരിപ്പിക്കുന്നത്.
- തനിക്ക് നാടില്ല നഗരമില്ല കുടയില്ല ചാമരമില്ല
ശത്രുവീരന്മാരെ ഇല്ലാതാക്കുന്ന വൻപടയില്ല
- ബാഹുജനെന്നുള്ളത് (ക്ഷത്രിയനെന്നുള്ളത്) മാത്രമേ പൂർണമായ അർത്ഥത്തിൽ തനിക്ക് സ്വന്തമായുള്ളൂ എന്ന് വിശദമാക്കുന്നു.

  ജ്യേഷ്ഠനോടുള്ള ആസൂയയും, തനിക്കൊന്നുമില്ല എന്ന അപകർഷതാബോധവും പുഷ്കരന്റെ വാക്കുകളിൽ കാണാൻ സാധിക്കും.

## (6 സ്കോർ)

- അങ്ങേയറ്റം അഹംഭാവിയും കുതന്ത്രങ്ങൾ മെനഞ്ഞ് മറ്റുള്ളവരെ വഞ്ചിക്കുന്നതിൽ സമർത്ഥനുമായ കഥാപാത്രമാണ് കലി.

  – വിശകലനം ചെയ്യുക.

**കലി**

- നളചരിതം ആട്ടക്കഥയിൽ, തമോഗുണ പ്രധാനനും, ദുഷ്ടതയുടെ പ്രതീകവുമെന്ന നിലയിൽ ചിത്രീകരിച്ചിട്ടുള്ള കഥാപാത്രം.
- ദമയന്തിയെ ലഭിക്കാത്തതിലുള്ള പക, അങ്ങേയറ്റം ഉള്ളിൽ കൊണ്ടു നടക്കുന്നു.
- തന്നെ പാരിൽ അറിയാത്തവരില്ല എന്ന അഹംഭാവം.
- കുതന്ത്രങ്ങൾ മെനയുന്ന പ്രായോഗികമതി.
- പുഷ്കരന്റെ അപകർഷതാബോധമെന്ന ദൗർബല്യത്തെ, തനിക്ക് അനുകൂലമാക്കാൻ ശ്രമിക്കുന്ന സ്വാർത്ഥമതി.
- അന്യരിൽ വിശ്വാസം ജനിപ്പിക്കാനുള്ള സാമർത്ഥ്യം.

  (വൈരി വൈരനസേനിക്കിഹ ഞാൻ കലി

  തവ ഞാൻ മിത്രം, തസ്യ നാടുഞാൻ

  തേ തരുന്നു.)

  – എന്നു പറഞ്ഞുകൊണ്ട് പുഷ്കരനെ തന്റെ ഒപ്പം നിർത്താൻ സാധിക്കുന്നു.
- പൈശാചികത
- പരപീഡയിൽ ആഹ്ലാദിക്കുന്നവൻ
- മൂഢനായ വഞ്ചകൻ

**പുഷ്കരനെന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക. (6 സ്കോർ)**

- മഹാഭാരതകഥയിലെ ഒരു അപ്രധാന കഥാപാത്രമാണ് പുഷ്കരൻ. എന്നാൽ ആട്ടക്കഥയിൽ ഒരു പ്രതിനായകനു ചേർന്ന സ്വഭാവ സവിശേഷതകളൊക്കെ പുഷ്കരനിൽ കാണാൻ സാധിക്കും.
- നിഷധരാജ്യത്തെ രാജാവായ നളന്റെ അനുജനാണെങ്കിലും, പുഷ്കരന് നളനോട് അങ്ങേയറ്റം അസൂയയുണ്ട്.

- അധികാരമോഹമുണ്ട്. അതുകൊണ്ടുതന്നെയാണ് കലിയുടെ പ്രലോഭനത്തിന് അടിമപ്പെടുന്നത്.
- ദൂരത്തുന്നാരും തന്നെ കാണാൻവരില്ല.

  തനിക്ക് നാടില്ല, നഗരമില്ല, കുടയില്ല, ചാമരമില്ല, അമിത്രവീരന്മാരെ അടിച്ചമർത്തുന്ന വൻപടയില്ല എന്നിങ്ങനെയുള്ള അപകർഷതാബോധം വെളിവാക്കുന്ന വാക്കുകൾ അന്യനായ ഒരു വ്യക്തിയോട് മുൻപിൽ ആലോചിക്കാതെ തുറന്നു പറയുന്ന അപക്വമതിയായ കഥാപാത്രം.

# യുദ്ധത്തിന്റെ പരിണാമം

നൂറ്റാണ്ടുകൾക്ക് മുമ്പ് വ്യാസൻ രചിച്ച ഇതിഹാസ കാവ്യമാണ് മഹാഭാരതം. ധർമ്മക്ഷേത്രമായ കുരുക്ഷേത്രത്തിൽ വെച്ച് ജ്യേഷ്ഠാനുജന്മാർ തമ്മിൽ രാജ്യത്തിനുവേണ്ടി ഏറ്റുമുട്ടുന്ന പൈശാചികവും ശോകാത്മകവും ദുരന്തപൂർണ്ണവുമായ അവസ്ഥയെ ഇതിൽ വ്യാസൻ അവതരിപ്പിക്കുന്നു. ഇതുതന്നെയാണ് എന്നും സംഭവിക്കുന്നത് എന്ന സന്ദേശം പകർന്നുനൽകുന്ന ലോകോത്തര ക്ലാസ്സിക് കൃതിയാണ് മഹാഭാരതം. ഈ കൃതിക്ക് ധാരാളം പുനർവായനകൾ ഉണ്ടായിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടതാണ് കുട്ടികൃഷ്ണമാരാർ എഴുതിയ ഭാരതപര്യടനം. വ്യാസ ഭാരതത്തിലെ കഥാപാത്രങ്ങളെയും സന്ദർഭങ്ങളെയും യുക്തിയുക്തം വിശകലനം ചെയ്യുകയാണ് ഭാരതപര്യടനത്തിലൂടെ മാരാർ.

- യുദ്ധം ഏത് വ്യവസ്ഥയോടെ ആരംഭിച്ചാലും അതിന്റെ അവസാനം ദുരന്തമായിരിക്കുമെന്ന് കാണിച്ചുതരുന്ന കൃതിയാണ് മഹാഭാരതം എന്ന് മാരാർ ചൂണ്ടിക്കാണിക്കുന്നു.
- മനുഷ്യരെ കൂട്ടത്തോടെ കൊന്നൊടുക്കിയും വിഭവങ്ങൾ നശിപ്പിച്ചും നേടുന്നവ ശാശ്വതമല്ല എന്ന ലോകസത്യം ഈ പാഠഭാഗത്തിലൂടെ മനസ്സിലാക്കാം.
- ലോകത്ത് ഇന്നേവരെ നടന്ന ഒരു യുദ്ധവും വിജയമായിരുന്നില്ല വൻ പരാജയമായിരുന്നു എന്ന് ചരിത്രത്തിൽ നിന്നും മനസ്സിലാക്കാം.

**പാഠഭാഗസന്ദർഭത്തിലെ പ്രധാന കഥാപാത്രങ്ങൾ**

**ദുര്യോധൻ**

- തനിക്കുവേണ്ടി മരിച്ചവർക്കൊപ്പമെത്താൻ ആഗ്രഹിക്കുന്നു.
- മറ്റുള്ളവരെ ഓർക്കുന്നതിനുമുന്നെ തന്റെ ഏക സഹോദരിയായ ദുശ്ശളയെ ഓർക്കുന്നു.
- രാജാവ് എന്ന നിലയിൽ ഭരിക്കേണ്ടവരെ ഭരിച്ചും യജ്ഞം ചെയ്തും ഭൂമി അടക്കിവാണു എന്ന് അഭിമാനിക്കുന്നു.
- യുദ്ധമുറ തെറ്റിച്ചാണ് ഭീമൻ ദുര്യോധനനെ വീഴ്ത്തിയത്.
- രാജാവായിരിക്കെ ഉണ്ടായ ധൈര്യവും അഭിമാനബോധവും മരണാസന്നനായ സമയത്തും കാണിക്കുന്നു. (സ്വപ്രത്യയസ്ഥൈര്യം)

**അശ്വത്ഥാമാവ്**

1) ദ്രോണാചാര്യർക്ക് കൃപിയിൽ ജനിച്ച മകൻ.
2) കൗരവപക്ഷത്തെ അവസാനത്തെ സേനാപതി
3) ചിരഞ്ജീവി

അശ്വത്ഥാമാവ് (ദ്രൗണി) പകയുടെ പൈശാചികമായ പ്രതിരൂപമാണ്. എല്ലാ മനുഷ്യമനസ്സിലും അത് കുടികൊള്ളുന്നു. അതിനെ ചിരഞ്ജീവിയായി കരുതുന്നതും അതുകൊണ്ടാണ്. വിനാശകാരിയായ പകയെ അടക്കാൻ മനുഷ്യന് കഴിഞ്ഞില്ലെങ്കിൽ ഭയങ്കരമായ പ്രത്യാഘാതങ്ങൾ ഏറ്റുവാങ്ങേണ്ടിവരും എന്ന് ഓർമ്മിപ്പിക്കുന്ന, ഇതിഹാസ കഥാപാത്രമാണ് അശ്വത്ഥാമാവ്.

**ധൃഷ്ടദ്യുമ്നൻ**

- പാഞ്ചാല രാജാവായ ദ്രുപദന്റെ പുത്രൻ.
- പാഞ്ചാലി (ദ്രൗപദി) യുടെ സഹോദരൻ
- ദ്രോണരെ വധിക്കുന്നതിനുവേണ്ടി ദ്രുപദൻ യാഗമനുഷ്ഠിച്ചുണ്ടായ പുത്രൻ.

**അംബ**

- കാശി രാജാവിന്റെ പുത്രി
- അംബിക, അംബാലിക സഹോദരിമാർ
- സാലഌൻ എന്ന രാജാവിനെ വിവാഹം കഴിക്കാൻ ആഗ്രഹിച്ചു.
- വിചിത്ര വീര്യന്റെ ഭാര്യയാക്കാൻ ഭീഷ്മർ പിടിച്ചുകൊണ്ടുപോയതിനാൽ സാലഌൻ ഉപേക്ഷിച്ചു.
- ഭീഷ്മരെ വധിക്കാനായി, തപസ്സു ചെയ്ത് ശിഖണ്ഡിയായി ജനിച്ചു.

**കൃഷ്ണദ്വൈപായനൻന/വ്യാസൻ**

- മഹാഭാരത കർത്താവായ വേദവ്യാസൻ
- പരാശരമുനിക്ക് സത്യവതിയിൽ ജനിച്ച മകൻ
- വേദങ്ങളെ പകുത്തതുകൊണ്ട് വേദവ്യാസൻ എന്നറിയപ്പെടുന്നു.

**ഭീഷ്മർ**

ഹസ്തിനപുരിയിലെ രാജാവായ ശന്തനുവിന് ഗംഗയിൽ ജനിച്ച പുത്രൻ (ഗംഗാദത്തൻ)

പിതാവിന് സത്യവതിയെ വിവാഹം ചെയ്യാനായി, താൻ വിവാഹം കഴിക്കുകയോ മക്കളെ ജനിപ്പിക്കുകയോ ചെയ്യുകയില്ലെന്ന് ഭീഷ്മമായ (ദൃഢപ്രതിജ്ഞ) പ്രതിജ്ഞ ചെയ്തതുകൊണ്ടാണ്, ഗംഗാദത്തൻ ഭീഷ്മർ എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങിയത്. പാണ്ഡവരുടെയും കൗരവരുടെയും പിതാമഹനാണ് ഇദ്ദേഹം.

സ്വന്തം മരണം തീരുമാനിക്കാനുള്ള സ്വാതന്ത്ര്യമുള്ളതുകൊണ്ട് അദ്ദേഹം സ്വച്ഛന്ദമൃത്യുവായിത്തീർന്നു. ശരശയ്യയിൽ കിടന്ന് മരണം വരിച്ചു.

**ദ്രോണർ**

ഭരദ്വാജ മഹർഷിയുടെ പുത്രൻ. പാണ്ഡവരുടെയും കൗരവരുടെയും ധനുർവ്വേദ ഗുരു. ദ്രോണത്തിൽ (കുടത്തിൽ) ജനിച്ചതിനാലാണ് ദ്രോണർ എന്ന പേര് ലഭിച്ചത്.

**അഭിമന്യു**

അർജ്ജുനന് സുഭദ്രയിൽ ജനിച്ച പുത്രൻ. പതിനാറാം വയസ്സിൽ ചക്രവ്യൂഹത്തിൽപ്പെട്ട് കൊല്ലപ്പെട്ടു.

**ഉത്തര**

- വിരാട രാജാവായ മാത്സ്യന്റെ പുത്രി.

  അഭിമന്യുവിന്റെ ഭാര്യ. പരീക്ഷിത്തിന്റെ അമ്മ.

**പരീക്ഷിത്ത്**

- അഭിമന്യുവിന് ഉത്തരയിൽ പിറന്ന മകൻ.
- ദ്രൗണി കാരണമായി ചാപിള്ളയായി ജനിച്ചു.
- എങ്കിലും കൃഷ്ണൻ പുനരുജ്ജീവിപ്പിച്ചു.
- യുധിഷ്ഠിരനുശേഷം ഹസ്തിനപുരത്തിൽ രാജാവായി.
- മുനിശാപത്താൽ, നാഗരാജാവായ തക്ഷകന്റെ കടിയേറ്റ് മരിച്ചു.

**കൃതവർമ്മാവ്**

- ഭോജനെന്നും പേരുള്ള കൗരവയോദ്ധാവ്.
- ദ്വാരകയിൽ വെച്ച് സാത്യകിയാൽ കൊല്ലപ്പെട്ടു.

**കൃപർ**

ധനുർവേദ പാരംഗതനായ ശരദ്വാൻ എന്ന മുനിക്ക് ജ്വാലാവതി എന്ന അപ്സര സ്ത്രീയിൽ ജനിച്ച പുത്രൻ. ദ്രോണർക്ക് മുമ്പ് കൗരവപാണ്ഡവരെ അസ്ത്രവിദ്യ പഠിപ്പിച്ചു. ഏഴു ചിരഞ്ജീവികളിൽ ഒരാൾ.

**ചിരഞ്ജീവി**

- ദീർഘായുസ്സുള്ളവൻ, മരണമില്ലാത്തവൻ എന്ന സങ്കല്പത്തിന് ചിരഞ്ജീവി എന്നുപറയുന്നു.
- അശ്വത്ഥാമാവ്, മഹാബലി, വ്യാസൻ, ഹനുമാൻ, വിഭീഷണൻ, കൃപാചാര്യർ, പരശുരാമൻ എന്നിവരെ ചിരഞ്ജീവികളായി കരുതുന്നു.

**ലക്ഷണൻ**

- ദുര്യോധനന് ഭാനുമതിയിൽ പിറന്ന മകൻ
- മഹാരഥന്മാരിൽ ഒരാൾ
- യുദ്ധക്കളത്തിൽ അഭിമന്യുവിനാൽ കൊല്ലപ്പെട്ടു.

**ഗാന്ധാരൻ**

- ഗാന്ധാരരാജാവായ സുബലൻ
- ഗാന്ധാരിയുടെ പിതാവ്

**സാത്യകി**

- കൃഷ്ണന്റെ ബന്ധുവും സാരഥിയും
- പാണ്ഡവ പക്ഷത്ത് യുദ്ധം ചെയ്തു.
- ദ്വാരകയിൽ വെച്ച് കൃതവർമ്മാവിനെ കൊന്നതിനാൽ അദ്ദേഹത്തിന്റെ സ്നേഹിതന്മാരാൽ കൊല്ലപ്പെട്ടു.

## മാതൃകാ ചോദ്യങ്ങൾ

### (1 സ്കോർ)

1. വിഗ്രഹിച്ചെഴുതുക.

| | | |
|---|---|---|
| ഗജാശ്വരഥങ്ങൾ | - | ഗജങ്ങളും അശ്വങ്ങളും രഥങ്ങളും |
| വയോവീര്യോത്സാഹം | - | വയസ്സും വീര്യവും ഉത്സാഹവും |
| പാണ്ഡവപക്ഷം | - | പാണ്ഡവരുടെ പക്ഷം |
| യുദ്ധധർമ്മം | - | യുദ്ധത്തിന്റെ ധർമ്മം |
| അച്ഛനമ്മമാർ | - | അച്ഛനും അമ്മയും |
| കൃപകൃതവർമ്മശ്വത്ഥാമാക്കൾ | - | കൃപരും, കൃതവർമ്മാവും, അശ്വത്ഥാമാവും |
| കൗരവപ്പട | - | കൗരവരുടെപട |
| അക്ഷയലോകങ്ങൾ | - | അക്ഷയമായ ലോകങ്ങൾ |
| ത്രൈലോക്യപ്രസിദ്ധം | - | ത്രൈലോക്യത്തിൽ പ്രസിദ്ധമായത് |

ഭീഷ്മകർണഗാന്ധാരസിന്ധുരാജാദിബന്ധുക്കൾ - ഭീഷ്മർ, കർണ്ണൻ, ഗാന്ധാരൻ, സിന്ധുരാജാവ് ആദിയായ ബന്ധുക്കൾ

| | | |
|---|---|---|
| മൃത്യുരംഗം | - | മൃത്യുവിന്റെ രംഗം |
| പ്രാണവേദന | - | പ്രാണന്റെ വേദന |
| യുദ്ധശ്രാന്തൻ | - | യുദ്ധത്താൽ ശ്രാന്തനായവൻ |
| ആചാര്യപുത്രൻ | - | ആചാര്യന്റെ പുത്രൻ |
| മനുഷ്യശ്രേഷ്ഠൻ | - | മനുഷ്യരിൽ ശ്രേഷ്ഠനായവൻ |
| ഗുരുഘാതി | - | ഗുരുവിന്റെ ഘാതകൻ |
| സാനുജൻ | - | അനുജനോടുകൂടി |
| ക്ഷാത്രധർമ്മം | - | ക്ഷാത്രമായ ധർമ്മം |
| ഭാഗീരഥീകച്ഛം | - | ഭാഗീരഥിയുടെ കച്ഛം |

### (2 സ്കോർ)

2. പാണ്ഡവർ നേടിയ വിജയത്തെ വല്ലപാടും നേടിയ വിജയമെന്ന് മാരാർ വിശേഷിപ്പിക്കുന്നതെന്തുകൊണ്ട്?

യുദ്ധത്തിന്റെ ആദ്യദിവസങ്ങളിൽ യുദ്ധക്കരാറുകൾ പാലിക്കപ്പെട്ടു. പിന്നീട് ലംഘിക്കപ്പെട്ടു. പാണ്ഡവപക്ഷം എതിർപക്ഷത്തുള്ള മിക്ക മഹാരഥന്മാരെയും വീഴ്ത്തിയത്

യുദ്ധധർമ്മത്തിനെതിരായാണ്.

3. "ഗുരുഘ്നാതികൾക്ക് കുലപാംസന ലോകങ്ങളില്ല" സൂചനയെന്തെന്ന് വിശദമാക്കുക.

- ശിബിരത്തിനകത്ത് കടന്ന ദ്രൗണി ധൃഷ്ടദ്യുമ്നന്റെ അടുത്തുചെന്ന് ഞെക്കിക്കൊല്ലാൻ തുടങ്ങുന്നു. തന്നെ ശസ്ത്രങ്ങൾ ഉപയോഗിച്ചുകൊലപ്പെടുത്തിക്കോളൂ എന്ന ധൃഷ്ടദ്യുമ്നന്റെ വാക്കുകൾക്ക് മറുപടിയായി ദ്രൗണി പറയുന്നതാണിത്. ധൃഷ്ടദ്യുമ്നൻ തന്റെ ഗുരുവായ ദ്രൗണിയെ കൊന്നയാളാണ്. ഗുരുഘ്നാതികൾ പുണ്യലോകങ്ങൾക്ക് അർഹരല്ല.

4. അശ്വത്ഥാമാവിന് ബ്രഹ്മാസ്ത്രം പ്രതിസംഹരിക്കാൻ കഴിയാതെപോയതിന്റെ കാരണം വിശദമാക്കുക.

ബ്രഹ്മതേജോഭവമായ അസ്ത്രത്തെ ബ്രഹ്മചര്യ വ്രതമനുഷ്ഠിച്ചവനല്ലാതെ പ്രതിസംഹരിക്കാൻ സാധ്യമല്ല. അത് അവന്റെയും കൂട്ടരുടെയും തല തെറിപ്പിക്കും.

## (4 സ്കോർ)

5. "ആ ഹൃദയോന്നതിക്ക് മുമ്പിൽ, ആ ആഭിജാത്യത്തിനു മുമ്പിൽ ഒരിറ്റു കണ്ണുനീർ തൂകാതിരിക്കാൻ ആർക്കു സാധിക്കും?'' ദുര്യോധനന്റെ ഹൃദയോന്നതിയായി കുട്ടികൃഷ്ണമാരാർ വിലയിരുത്തുന്ന കാര്യങ്ങൾ കുറിക്കുക.

- യുദ്ധക്കളത്തിൽ, ഭീമനാൽ തുട ചതയ്ക്കപ്പെട്ട് അവശനായി വീണുകിടക്കുമ്പോൾ പോലും, ദുര്യോധനന്റെ സ്വപ്രത്യയസ്ഥൈര്യത്തിന്, ചെയ്തുവെച്ച കാര്യങ്ങളെക്കുറിച്ചുള്ള ആത്മവിശ്വാസത്തിന് യാതൊരു മാറ്റവുമില്ല.
- ദുര്യോധനൻ തന്റെ വൃദ്ധരായ മാതാപിതാക്കളേയും ആരോമലായ ഭാര്യയേയും ഓർക്കുന്നതിനു മുമ്പേ ഏക സഹോദരിയായ ദുശ്ശളയെച്ചൊല്ലി വ്യസനിക്കുന്നു.
- ഈ ഹൃദയോന്നതിക്കുമുമ്പിൽ ഒരിറ്റ് കണ്ണുനീർ തൂകാതിരിക്കാൻ ആർക്കും സാധ്യമല്ല.
- മഹാഭാരത യുദ്ധക്കളത്തിലെ ഹൃദയസ്പർശിയായ ഒരു രംഗമാണിത്.

6. "ഞാൻ യജ്ഞം ചെയ്തു. ഭരിക്കേണ്ടവരെ ഭരിച്ചു. ഭൂമിയടക്കി വാണു. ആർക്കുള്ളു എന്റേതിനേക്കാൾ നല്ല അവസാനം" - ദുര്യോധനൻ

– മരണത്തിന്റെ മുമ്പിൽ പോലും കൈവിടാത്ത, ആത്മവിശ്വാസവും സ്വപ്രത്യയസ്ഥൈര്യവുമാണ് ദുര്യോധനന്റെ വ്യക്തിപ്രഭാവത്തിന്റെ അടിസ്ഥാനമെന്ന് കുട്ടികൃഷ്ണമാരാർ സമർത്ഥിക്കുന്നത് എങ്ങനെയെല്ലാമാണ്?

- തന്റെ കഴിവിൽ ആത്മവിശ്വാസമുള്ള ഒരാളായിക്കൊണ്ടു തന്നെയാണ് അവസാനം വരെയും ദുര്യോധനൻ നിലകൊള്ളുന്നത്. അതേ സമയം കാലത്തിലും വിധിയിലും

വിശ്വസിക്കുന്നു. (ഭീഷ്മർ, കർണൻ, ദ്രോണർ മുതലായവരൊക്കെയുണ്ടായിരുന്നിട്ടും, പതിനൊന്നക്ഷൗഹിണിപ്പടയുണ്ടായിട്ടും ഞാൻ ഈ നിലയിലായി)

- ഭീമൻ മുറതെറ്റിച്ചാണ് തന്നെ വീഴ്ത്തിയത്. ധർമ്മയുദ്ധത്തിൽ തന്നെ പരാജയപ്പെടുത്താൻ കഴിയില്ല എന്ന ആത്മവിശ്വാസമുണ്ട്.
- ഭരണാധികാരിയെന്ന നിലയിൽ ചെയ്ത കാര്യങ്ങളെക്കുറിച്ച് അഭിമാനമുണ്ട്.

  – "ഞാൻ യജ്ഞം ചെയ്തു. ഭരിക്കേണ്ടവരെ ഭരിച്ചു, ഭൂമിയടക്കിവാണു. ശത്രുക്കളുടെ തലയിൽ കാൽവച്ചു. ആർക്കുള്ളു എന്റേതിനേക്കാൾ നല്ല അവസാനം."
- "പ്രധാനരായ രാജാക്കളുടെ മേൽക്കോയ്മ നടത്തി സുദുർലഭമായ മാനം നേടി. ലക്ഷണമൊത്ത കുതിരകളിൽ യാത്ര ചെയ്തു. ഭാഗ്യവശാൽ ഞാൻ ശത്രുക്കൾക്ക് കീഴടങ്ങിയിട്ടല്ല അവർ ജയിച്ചത്; എന്റെ വിപുലമായ ഐശ്വര്യം ഞാൻ മരിച്ചിട്ടാണ് അന്യനിലേക്ക് ചെല്ലുന്നത്."

  – ഇങ്ങനെ അവസാനം വരെയും തന്റെ നിലപാടിൽ ഉറച്ചുനിൽക്കുന്ന, രാജ്യത്തിനും ബന്ധുക്കൾക്കും കാവലാളായതിൽ അഭിമാനം കൊള്ളുന്ന സ്വഭാവമാണ് ദുര്യോധനന്റെ വ്യക്തിപ്രഭാവത്തിന് അടിസ്ഥാനം.

7. "സമുദ്രം താണ്ടി സമ്പാദ്യവും കൊണ്ടുവരുന്ന കച്ചവടക്കാർ ഒരു കൈത്തോട്ടിൽ വച്ചു മുങ്ങിപ്പോയി" – മാരാരുടെ ഈ അഭിപ്രായത്തിന്റെ ഔചിത്യമെന്ത്?

- വിവിധ വ്യവസ്ഥയോടെയും കരാറുകളോടെയും ആരംഭിച്ച യുദ്ധം 18 ദിവസം നീണ്ടുനിന്നു.
- ഇരുപക്ഷത്തുള്ളവരും ആദ്യം പറഞ്ഞ കരാറുകൾ ലംഘിച്ച് യുദ്ധധർമ്മ ത്തിനെതിരായി പൊരുതി.
- ഇരുപക്ഷത്തും നഷ്ടങ്ങൾ സംഭവിച്ചു.
- യുദ്ധാവസാനം വല്ലപാടും വിജയം നേടിയത് പാണ്ഡവരായിരുന്നു. അപ്പോഴേക്കും കൗരവപക്ഷത്തുള്ള മഹാരഥന്മാരൊക്കെ നിലംപതിച്ചിരുന്നു.
- യുദ്ധാവസാനം പാണ്ഡവരും ബന്ധുക്കളും യുദ്ധവീരന്മാരും ശിബിരത്തിൽ വിശ്രമിക്കുന്ന സമയത്ത്, അശ്വത്ഥാമാവ്, കൃപർ, കൃതവർമ്മാവ് എന്നിവർ ചേർന്ന് ശിബിരത്തിലെത്തുകയും, പൈശാചികമായ കൊല നടത്തുകയും ചെയ്യുന്നു.
- ഈയൊരു സംഭവം യുധിഷ്ഠിരാദികളെ അങ്ങേയറ്റം ദുഃഖിപ്പിക്കുന്നു.
- ഇങ്ങനെയുള്ള പശ്ചാത്തലത്തിലാണ് മേൽകൊടുത്ത അഭിപ്രായം പ്രസക്തമാകുന്നത്.

8. ധാർത്തരാഷ്ട്ര ജ്യേഷ്ഠന്നു വ്യാസൻ സുയോധനൻ എന്നും ദുര്യോധനൻ എന്നും പേരുകൊടുത്തതിന്റെ സാംഗത്യമെന്ത്?

- ദുര്യോധനൻ എന്ന വാക്കിന്റെ അർത്ഥം തെറ്റായ രീതിയിൽ യുദ്ധം ചെയ്യുന്നവൻ എന്നും, സുയോധനൻ എന്ന വാക്കിന് നല്ല രീതിയിൽ യുദ്ധം ചെയ്യുന്നവൻ എന്നുമാണ് അർത്ഥം.
- ധർമ്മക്ഷേത്രമായ കുരുക്ഷേത്രത്തിൽ ഭീഷ്മപിതാമഹന്റെ സൈന്യാധിപത്യത്തിൽ, കരാറുകളോടെയും വ്യവസ്ഥകളോടെയും തുടങ്ങിയ യുദ്ധം, ആദ്യദിവസം കരാറുകളൊക്കെ പാലിക്കപ്പെട്ട് മുന്നോട്ടുപോയി. എന്നാൽ അവസാനമാകുമ്പോഴേക്ക് ഈ കരാറുകളൊക്കെ ലംഘിക്കപ്പെട്ടു. ഇരുപക്ഷത്തുള്ളവരും യുദ്ധമുറകൾ തെറ്റിച്ച് പരസ്പരം കൊന്നൊടുക്കി. നേരിയ തോതിലെങ്കിലും വിജയമുണ്ടായത് പാണ്ഡവർക്കായിരുന്നു.
- ഈയൊരു വിജയം പാണ്ഡവർ പകൽ വെളിച്ചത്തിൽ ഒന്നു നോക്കിക്കാണുമ്പോഴേക്കും അശ്വത്ഥാമാവിന്റെ സൈന്യാധിപത്യത്തിൽ കൃപകൃതവർമ്മാക്കൾ പാണ്ഡവർ വിശ്രമിക്കുന്ന ശിബിരത്തിലേക്ക് കടന്ന് ഒന്നടങ്കം ആൾക്കാരെ പൈശാചികമായ അറുകൊലയ്ക്ക് വിധേയമാക്കി.
- ജയിച്ചവരും പരാജിതരും തുല്യദുഃഖിതരായി.
- ഏത് യുദ്ധവും ഏത് വ്യവസ്ഥയിലും ആരംഭിച്ചാലും പര്യവസാനം ഇത്തരത്തിലൊക്കെയായിരിക്കും.
- മനുഷ്യമനസ്സുകളിലാണ് സമാധാനവും യുദ്ധവും നടക്കുന്നത്.
- ഈയൊരു അർത്ഥത്തിൽത്തന്നെയാണ് ധാർത്തരാഷ്ട്ര ജ്യേഷ്ഠന് സുയോധനൻ, ദുര്യോധനൻ എന്നിങ്ങനെ പേരുകൾ നൽകിയിരിക്കുന്നത്.

## (6 സ്കോർ)

9. "ശപിക്കപ്പെട്ടവൻ എന്ന വാക്കു മുഴുവനർത്ഥത്തിൽ വല്ലവരെപ്പറ്റിയും പറയാമെങ്കിൽ, അതീ അശ്വത്ഥാമാവിനെപ്പറ്റിയാണ്'' - ഈ അഭിപ്രായം പരിഗണിച്ചുകൊണ്ട് അശ്വത്ഥാമാവ് എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

- മഹാഭാരതത്തിൽ പ്രസിദ്ധ കഥാപാത്രവും ദ്രോണപുത്രനുമായ അശ്വത്ഥാമാവ് 'ശപിക്കപ്പെട്ടവൻ' എന്ന വിശേഷണത്തിന് തികച്ചും അർഹതപ്പെട്ടവനാണ്.
- തന്റെ പിതാവിനെ കൊന്നവരോടുള്ള പക അശ്വത്ഥാമാവിന്റെ ഉള്ളിലുണ്ട്. അതാകട്ടെ കൗരവരുടെ പൂർണ്ണ പതനത്തോടെ, പ്രത്യേകിച്ച് ദുര്യോധനന്റെ വീഴ്ചയോടെ ആളിക്കത്തുകയാണ്.

- യുദ്ധക്കളത്തിൽ തുട ചതഞ്ഞ് കിടക്കുന്ന ദുര്യോധനനോടായി "ആ ദുഷ്ടന്മാർ കൊടുംക്രൂരതകാട്ടി എന്റെ അച്ഛനെ വധിച്ചു, അതിലും എനിക്കത്ര വ്യസനമില്ല. അങ്ങയുടെ ഈ സ്ഥിതി കാണുമ്പോൾ ഞാനിതാ, എന്റെ സുകൃതങ്ങളെപ്പിടിച്ചാണയിടുന്നു, ഇന്നു ഞാൻ സർവ്വ പാഞ്ചാലരെയും, വാസുദേവൻ കാണെത്തന്നെ കാലനൂർപൂകിക്കും" - പകയുടെ അഗ്നിയിൽ നിന്നാണ് ഈ വാക്കുകൾ പുറപ്പെട്ടത്.
- എതിരാളിയെ വേരോടെ നശിപ്പിക്കുന്ന പകയുടെ പൈശാചികമായ അറുകൊലയാണ് പാണ്ഡവ ശിബിരത്തിനകത്ത് അശ്വത്ഥാമാവിന്റെ നേതൃത്വത്തിൽ നടക്കുന്നത്. ഏറ്റവുമൊടുവിൽ ബ്രഹ്മശിരസ്സ് എന്ന അസ്ത്രം പ്രയോഗിക്കുമ്പോൾ അത് ഭൂമിയെ ഒന്നടങ്കം ഇല്ലാതാക്കാൻ കെല്പുള്ളതാണെന്നറിഞ്ഞിട്ടും വ്യാസനും കൃഷ്ണനും ഉപദേശിച്ചിട്ടും അനുസരിക്കാൻ തയ്യാറാകാത്ത ആളാണ് അശ്വത്ഥാമാവ്. തന്റെ അസ്ത്രം പാണ്ഡവരുടെ ഗർഭത്തിലെങ്കിലും ചെന്ന് പതിക്കണമെന്ന ചിന്തയോടെ, പ്രയോഗിക്കുക തന്നെ ചെയ്യുന്നു. തന്റെ ശരീരത്തിന്റെ ഭാഗമായ ചൂഡാമണി നഷ്ടമായെങ്കിലും വേണ്ടില്ല എതിരാളിക്ക് ആപത്തുണ്ടായാൽ മതി എന്നു കരുതുന്ന ദുഷിച്ച ചിന്തയുടെ ഉടമയായ അശ്വത്ഥാമാവിനെ ചരിത്രം ശപിക്കപ്പെട്ടവൻ എന്നു മുദ്രകുത്തുന്നു.
- ആയിരമായിരമാണ്ടുകളായി സർവ്വവ്യാധികളും പിടിപെട്ടു ചോരയും ചലവും നാറി ഭൂമിയിലെ വിജന പ്രദേശങ്ങളിലും കൊടും കാടുകളിലും തെണ്ടിയലയുന്ന ഈ ദ്രോണപുത്രൻ സർവ്വ മനുഷ്യരിലും കുടികൊള്ളുന്ന പകയുടെ പ്രതീകം തന്നെയാണ്.

# ആത്മാവിന്റെ വെളിപാടുകൾ

വിഖ്യാത റഷ്യൻ നോവലിസ്റ്റ് ഫയദോർ ദസ്തയേവ്സ്കിയുടെ ജീവിതത്തെ ആസ്പദമാക്കി മലയാളത്തിലെ പ്രശസ്ത നോവലിസ്റ്റ് പെരുമ്പടവം ശ്രീധരൻ രചിച്ച 'ഒരു സങ്കീർത്തനം പോലെ' എന്ന നോവലിലെ പത്താം അധ്യായമാണ് ആത്മാവിന്റെ വെളിപാടുകൾ.

## പാഠഭാഗത്തിന്റെ ആശയസംഗ്രഹം

നോവലിസ്റ്റായ ദസ്തയേവ്സ്കി ഒരു ചൂതുകളി ഭ്രാന്തനായിരുന്നു. എഴുത്തിലൂടെ നേടിയതൊക്കെയും ചൂതുകളിയിലൂടെ, നഷ്ടപ്പെടുകയും കടക്കാരനായി മാറുകയും ചെയ്യുന്നു. മാത്രമല്ല ജ്യേഷ്ഠന്റെ കടബാധ്യതകൾ തീർക്കാനുള്ള ഉത്തരവാദിത്തവുമുണ്ടായിരുന്നു. ഇടയ്ക്കിടെ തന്നെ ബാധിക്കുന്ന ചുഴലിരോഗവും അദ്ദേഹത്തെ തളർത്തിയിരുന്നു. ജ്യേഷ്ഠന്റെ കുടുംബത്തെ നോക്കേണ്ടുന്ന ഉത്തരവാദിത്തം, മകൻപാഷയുടെ ധൂർത്ത്, തന്റെ ഭാര്യയുടെ മരണം ഇതൊക്കെ തളർത്തിയ മനസ്സോടെ പുതിയൊരു പുസ്തക പ്രസാധകനുമായി കരാർ വെച്ചുകൊണ്ട് ഒരു നോവലെഴുതാൻ ആരംഭിക്കുന്നു. പറഞ്ഞ സമയത്ത് അത് പൂർത്തിയാക്കിക്കൊടുത്തില്ലെങ്കിൽ അതുവരെ എഴുതിയ കൃതികളുടെയൊക്കെ അവകാശം ആ പുസ്തക പ്രസാധകനായിരിക്കും. നോവലെഴുത്തിന്റെ ഭാഗമായി അന്നയെന്ന പെൺകുട്ടിയെ സ്റ്റെനോഗ്രാഫറായി കൂടെ നിർത്തുന്നു. അവളാകട്ടെ ദസ്തയേവ്സ്കിയുടെ ആരാധകന്റെ മകളാണ്. അന്നയുടെ സ്നേഹപരിചരണങ്ങളും സാമീപ്യവും ദസ്തയേവ്സ്കിയെ സന്തോഷിപ്പിക്കുന്നു. പ്രശ്നങ്ങൾക്കിടയിൽ ജീവിക്കുമ്പോഴും, നോവൽ പെട്ടെന്ന് പൂർത്തിയാക്കാൻ ദസ്തയേവ്സ്കി മനസ്സുകൊണ്ട് ആഗ്രഹിക്കുന്നില്ല. നോവലെഴുതി പൂർത്തിയായാൽ അന്നയെ നഷ്ടപ്പെടുമെന്ന ചിന്ത അയാളെ പിടികൂടുന്നു.

## കഥാപാത്രങ്ങൾ, സൂചനകൾ, പുരാവൃത്തങ്ങൾ

മേരിയ - മേരിയ ഇസയേവ എന്ന് മുഴുവൻ പേര്
ദസ്തയേവ്സ്കിയുടെ ആദ്യഭാര്യ

പാഷ - ദസ്തയേവ്സ്കിയുടെ ഭാര്യ മേരിയയുടെ മകൻ
കുത്തഴിഞ്ഞ ജീവിതം നയിക്കുന്നു

എമിലി - ജ്യേഷ്ഠൻ മൈക്കിളിന്റെ ഭാര്യ
ജ്യേഷ്ഠന്റെ മരണശേഷം എമിലിയെയും മക്കളെയും ദസ്തയേവ്സ്കി സംരക്ഷിക്കുന്നു.

ഇയ്യോബ് - ബൈബിളിൽ പറയുന്ന ചരിത്രപുരുഷൻ

അങ്ങേയറ്റം നന്മയുള്ളവനും

മിഷ്കിൻ - ദസ്തയേവ്സ്കിയുടെ 'ഇഡിയറ്റ്' എന്ന നോവലിലെ കഥാപാത്രം. നിഷ്കളങ്കതകൊണ്ട് ക്രിസ്തുവിനെ ഓർമിപ്പിക്കുന്ന കഥാപാത്രം.

ഫെദോസ്യ - ദസ്തയേവ്സ്കിയുടെ വീട്ടിലെ വൃദ്ധയായ വേലക്കാരി.

ദസ്തയേവ്സ്കിയുമായി ആത്മബന്ധം പുലർത്തുന്നു.

അന്ന - അന്ന ഗ്രിഗറിവ്ന സ്റ്റികിൻ എന്ന് മുഴുവൻ പേര്.

## മാതൃകാ ചോദ്യങ്ങൾ

### (1 സ്കോർ)

I

1. നഗരചത്വരം - നഗരത്തിലെ ചത്വരം
2. മിഥ്യാധാരണകൾ - മിഥ്യയായ ധാരണകൾ
3. ശാപനിലം - ശാപംകിട്ടിയ നിലം
4. ഗാഢനിദ്ര - ഗാഢമായ നിദ്ര
5. ഉദയപൂർവ്വനിമിഷം - ഉദയപൂർവ്വത്തിലെ നിമിഷം
6. പള്ളിഗോപുരം - പള്ളിയുടെ ഗോപുരം
7. പീഡാനുഭവങ്ങൾ - പീഡകൾ നിറഞ്ഞ അനുഭവങ്ങൾ

II.

8. ''അത്രമേൽ സ്നേഹിച്ച ഒരാളുടെ മരണം നമ്മുടെ ജീവിതത്തെ എത്ര നിശ്ശൂന്യമാക്കിത്തീർക്കുമെന്ന് ഇപ്പോൾ ഞാനറിയുന്നു'' - ആരുടെ മരണത്തെക്കുറിച്ചാണ് സൂചന?

   (മേരിയ, അന്ന, പാഷ, ഫെദോസ്യ)

   മേരിയ

9. ''മഹാനോ അട്ട! എഴുത്തുകാരുടെ രക്തമൂറ്റിക്കുടിക്കുന്ന അട്ട. അല്ലെങ്കിൽ ചെകുത്താൻ"

   - ആരെക്കുറിച്ചാണ് ദസ്തയേവ്സ്കി ഇങ്ങനെ വിശേഷിപ്പിക്കുന്നത്?

   (മിഷ്കിൻ, പാഷ, സ്റ്റെല്ലോവ്സ്കി, ഇയ്യോബ്)

   സ്റ്റെല്ലോവ്സ്കി

III

## (2 സ്കോർ)

10. 'ഒരു പ്രാർത്ഥനയിൽ എത്ര നേരം ഇരിക്കാൻ കഴിയും മനുഷ്യന്? അതിൽ നിന്ന് പുറത്തുകടക്കുമ്പോഴോ വീണ്ടും കഴുകന്റെ നഖങ്ങളിലേക്ക്!' – 'കഴുകന്റെ നഖങ്ങൾ' എന്ന പ്രയോഗത്തിന്റെ സൂചനകൾ വിശദമാക്കുക?

- ദസ്തയേവ്സ്കി എന്ന എഴുത്തുകാരന്റെ പ്രശ്നങ്ങൾ
- കടങ്ങൾ
- പാഷയുടെ ധൂർത്ത്
- രോഗം

11. 'തന്റെ ജീവിതം വെറുമൊരു പേക്കിനാവായിത്തീർന്നു' എന്ന് ദസ്തയേവ്സ്കി ചിന്തിക്കാനിടയായ സാഹചര്യമെന്ത്?

- തന്റെ ജീവിതത്തിലെ പ്രശ്നങ്ങൾ പേക്കിനാവ് പോലെ അസ്വസ്ഥമാക്കുന്നതുകൊണ്ട്.
- തോൽവികളും തകർച്ചകളും അപമാനങ്ങളും നഷ്ടങ്ങളും നിറഞ്ഞ ജീവിതത്തിന്റെ മുന്നിൽ നിന്നുകൊണ്ടാണ് ഇങ്ങനെ തോന്നുന്നത്.

## (4 സ്കോർ)

12. 'ആത്മാവിന്റെ വെളിപാടുകൾ' എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക.

- പ്രശ്നസങ്കീർണതകളിൽപ്പെട്ടുഴലുന്ന മനുഷ്യനാണ്, എഴുത്തുകാരനാണ് ദസ്തയേവ്സ്കി.
- പ്രശ്നങ്ങൾ തീർക്കാനുള്ള വഴി എന്ന നിലയിൽ നിർബന്ധിതമായി ചെയ്യേണ്ടുന്ന ഒന്നല്ല എഴുത്തെന്നും, അത് ആത്മാവിന്റെ വെളിപാടുകളാണെന്നും ദസ്തയേവ്സ്കി അന്നയോട് പറയുന്നുണ്ട്.

  എഴുത്തിന്റെയും എഴുത്തുകാരന്റെയും നിലപാടുകളാണ് ആത്മാവിന്റെ വെളിപാടുകൾ എന്ന ശീർഷകം വ്യക്തമാക്കുന്നത്.

13. "നീ എന്റെ ഹൃദയത്തിനകത്താണോ നിൽക്കുന്നത്?" ദസ്തയേവ്സ്കി അന്നയോട് ഇങ്ങനെ ചോദിക്കുന്നതിന്റെ കാരണം വിശകലനം ചെയ്യുക.

ദസ്തയേവ്സ്കി, തനിക്കേറ്റ ആത്മക്ഷതങ്ങൾ തന്റെ കഥാപാത്രങ്ങൾക്കും വീതിച്ചുകൊടുക്കുന്നു എന്ന് അന്ന ഓർമ്മിപ്പിച്ചപ്പോഴാണ് "നീ എന്റെ ഹൃദയത്തിനകത്താണോ നിൽക്കുന്നത്?" എന്ന് ദസ്തയേവ്സ്കി അന്നയോട് ചോദിക്കുന്നത്.

14. "വഴിയരികിൽ വലിച്ചെറിയപ്പെട്ട ഒരു പാറക്കഷണം പോലെയല്ലേ ഇപ്പോൾ തന്റെ അവസ്ഥ" ദസ്തയേവസ്കി ഇങ്ങനെ ചിന്തിക്കുന്നതിന്റെ പൊരുളെന്ത്?

- പ്രശ്ന സങ്കീർണതകളിൽ ജീവിക്കുന്ന എഴുത്തുകാരനാണ് ദസ്തയേവ്സ്കി.
- ജീവിതത്തിലെ നഷ്ടങ്ങൾ (ഭാര്യയുടെയും ജ്യേഷ്ഠന്റെയും വേർപാടുകൾ)
- രോഗം
- ചൂതുകളി ദൗർബല്യമായി പിടികൂടിയപ്പോൾ സംഭവിക്കുന്ന സാമ്പത്തിക ബാധ്യതകൾ.
- എല്ലാം കൂടി തളർത്തിയ മനസ്സിന്റെ തോന്നലുകളാണിത്.

## (6 സ്കോർ)

15. "ഓരോ ദുരന്തവും ജീവിതത്തെ കൂടുതൽ സ്നേഹിക്കാനാണ് എന്നെ പഠിപ്പിച്ചത്" - ദസ്തയേവ്സ്കി എന്ന എഴുത്തുകാരന്റെ ജീവിതത്തോടുള്ള സമീപനമാണോ ഇത് വിശകലനം ചെയ്ത്, കഥാപാത്ര നിരൂപണം തയ്യാറാക്കുക.

- പെരുമ്പടവം ശ്രീധരന്റെ 'ഒരു സങ്കീർത്തനം പോലെ' എന്ന നോവലിലെ കേന്ദ്രകഥാപാത്രമാണ് ദസ്തയേവ്സ്കി.
- ജീവിതത്തിൽ ധാരാളം പ്രശ്നങ്ങളാൽ കെട്ടുപിണഞ്ഞു കിടക്കുന്നു.
  - ഭാര്യ മേരിയയുടെ മരണം - വേർപാടിന്റെ ദുഃഖം
  - ജ്യേഷ്ഠന്റെ മരണം, ജ്യേഷ്ഠന്റെ കടബാധ്യതകൾ തീർക്കേണ്ടുന്ന ഉത്തരവാദിത്തം
  - കുടുംബത്തെ നോക്കേണ്ടുന്ന ഉത്തരവാദിത്തം
  - ഭാര്യ മേരിയുടെ മകൻ പാഷയുടെ കുത്തഴിഞ്ഞ ജീവിതം.
  - ചൂതുകളി എന്ന ദൗർബല്യം
  - അതിനെ തുടർന്നുണ്ടായ കടബാധ്യതകൾ
  - നോവൽ കൃത്യസമയത്ത് പൂർത്തീകരിച്ചില്ലെങ്കിൽ സംഭവിക്കാവുന്ന പ്രത്യാഘാതങ്ങൾ

- ഈ പ്രശ്നങ്ങൾക്കിടയിലും തന്റെ സ്വന്തമായ ഇഷ്ടങ്ങളിൽ മുഴുകാനുള്ള ആർജ്ജവം കാണിക്കുന്നുണ്ട്. (ഇടയ്ക്കിടെ ബൈബിളിലെ ഇയ്യോബിനെ വായിക്കുന്നത്)
- സ്റ്റെനോഗ്രാഫറായി അന്ന വന്നപ്പോൾ, അവളുടെ സാമീപ്യം ഇഷ്ടപ്പെടുന്നത്.
- എഴുത്തിനെ ദിവ്യമായ, ആത്മാവിന്റെ വെളിപാടായി കാണുന്ന നിലപാട്.
- തന്റെ ദുഃഖങ്ങൾ, പ്രശ്നങ്ങൾ എന്നിവ കഥാപാത്രങ്ങൾക്ക് വിഭജിച്ച് കൊടുത്ത് ആ കഥാപാത്രങ്ങളെയും സ്നേഹിക്കുന്ന മനസ്സ്.
- ജീവിതം ഒരു പേക്കിനാവെന്ന് തോന്നുന്ന അവസ്ഥയിലും ജീവിതത്തെ കൂടുതൽ സ്നേഹിക്കാൻ കഴിയുന്ന മനസ്സ്.
- ഓരോ ദുരന്തവും ജീവിതത്തെ കൂടുതൽ സ്നേഹിക്കാൻ പഠിപ്പിക്കുന്നു എന്നുള്ളത് എഴുത്തുകാരന്റെ നിലപാട് തന്നെയാണ്.

## യൂണിറ്റ് 4

# വാക്കുകൾ സർഗതാളങ്ങൾ

മനുഷ്യവംശ പ്രയാണചരിത്രത്തിൽ കാലങ്ങളായി മനുഷ്യന് വഴിവെളിച്ചമായി മാറിയിട്ടുള്ളത് സ്വന്തം സർഗശേഷി തന്നെയാണ്. കണ്ടെത്തലിന്റെ പുതിയ അനുഭവങ്ങളാണ് ഇത് മനുഷ്യന് സമ്മാനിച്ചത്. മനുഷ്യന്റെ ഇന്നുവരെയുള്ള ജീവിതത്തെ സമ്പന്നവും സുന്ദരവുമാക്കി മാറ്റിയതും ഈ സർഗശേഷി തന്നെയാണ്. വ്യത്യസ്തകാലങ്ങളിൽ, വ്യത്യസ്തലോകങ്ങളിൽ ഈ സർഗശേഷിയുടെ അടയാളങ്ങളായിട്ടുള്ള അനശ്വര സാഹിത്യകൃതികളും പിറവികൊണ്ടിട്ടുണ്ട്.

ജീവിതത്തിന്റെ സർഗതാളങ്ങളായ വാക്കുകളെ പ്രതിനിധാനം ചെയ്യുന്ന ചില കൃതികളാണ് ഈ യൂണിറ്റിൽ പഠിക്കാനുള്ളത്. സാഹിത്യ രചനയുമായി ബന്ധപ്പെട്ട് എഴുത്തുകാരന്റെ അനുഭവങ്ങളിലൂടെ കടന്നുപോകാനും അവരുടെ സർഗാത്മകതയുടെ ശക്തി തിരിച്ചറിയാനും ഉതകുന്നവയാണ് ഈ യൂണിറ്റിലെ പാഠങ്ങൾ.

പ്രശസ്ത മറാത്തി സാഹിത്യകാരനും സാമൂഹിക പ്രവർത്തകനുമായ ശരൺകുമാർ ലിംബാളെയുടെ ആത്മകഥോപാഖ്യാനമായ 'അക്കർമാശി' യിലെ ചെറിയഭാഗം, ജ്ഞാനപീഠ ജേതാവ് എസ്.കെ. പൊറ്റെക്കാടിന്റെ ആദ്യത്തെ എഴുത്തനുഭവം പങ്കുവയ്ക്കുന്ന 'ഞാൻ കഥാകാരനായ കഥ' മനുഷ്യന്റെ സർഗചൈതന്യത്തിന്റെ ശക്തിയും ചരിത്രവും വളർച്ചയും പ്രതിപാദിക്കുന്ന വയലാർ രാമവർമയുടെ 'അശ്വമേധം' എന്നിവയാണ് പാഠങ്ങൾ.

ചിലിയൻ കവി പാബ്ലോ നെരൂദയുടെ കവിതയാണ് യൂണിറ്റിന്റെ പ്രവേശക പാഠമായി കൊടുത്തിരിക്കുന്നത്. കവിത തന്നിലെത്തിയ വഴികളെക്കുറിച്ച് അന്വേഷിക്കുകയാണ് ഈ കവിതയിലൂടെ നെരൂദ.

- വിസ്മയകരവും അനിർവചനീയവുമാണ് മനുഷ്യന്റെ സർഗശേഷി.
- മനുഷ്യവംശത്തിന്റെ പ്രയാണത്തിൽ വെളിച്ചമായത് ഈ സർഗശേഷിയാണ്.
- വൈവിധ്യമാർന്ന സർഗശേഷിയുടെ പ്രസാദാത്മകമായ മുഖമാണ് സാഹിത്യം.

**പാബ്ലോ നെരൂദ (1904–1873)**

- ചിലിയൻ കവി, എഴുത്തുകാരൻ
- സർഗാത്മക രചന പ്രവചനങ്ങൾക്ക് അതീതമാണ്.
- പ്രായമോ, ദേശമോ, കാലമോ അതിന് തടസ്സമാവുന്നില്ല.
- ജീവിതപരിസരങ്ങളും അനുഭവങ്ങളും കവിയെ കവിതയിലേക്കെത്തിച്ചു.
- ജീവിതാനുഭവങ്ങളാണ് സാഹിത്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട അസംസ്കൃത വസ്തു.

# അക്കർമാശി

## ശരൺകുമാർ ലിംബാളെ

- മറാഠി നോവലിസ്റ്റ്, കവി, സാഹിത്യവിമർശകൻ
- 1956 ജൂൺ 1 ന് മഹാരാഷ്ട്രിലെ പൂനെയിൽ ജനിച്ചു.
- 40 ൽ അധികം കൃതികൾ എഴുതി.
- ഇരുപത്തഞ്ചാം വയസ്സിൽ എഴുതിയ ആത്മകഥാപരമായ 'അക്കർമാശി'യാണ് ആദ്യകൃതി.

**അക്കർമാശി**

- 'ജാതിഭ്രഷ്ടൻ' എന്നർത്ഥം വരുന്ന മറാഠി വാക്ക്.
- മഹാരാഷ്ട്ര, കർണ്ണാടക സംസ്ഥാനങ്ങളുടെ അതിർത്തി ഗ്രാമത്തിൽ മഹാർ ജാതിക്കാരുടെ കോളനിയിൽ നാട്, ഭാഷ, അച്ഛൻ, അമ്മ, ജാതി, മതം ഇങ്ങനെ എല്ലാ നിലയിലും വ്യക്തിത്വം നിഷേധിക്കപ്പെട്ട് അർദ്ധജാതിക്കാരനായി ജീവിക്കേണ്ടിവന്ന ലിംബാളെയുടെ ജീവിതാനുഭവങ്ങളിൽ കുറച്ച് ഭാഗം.

## കഥാപാത്രങ്ങൾ

**ശരൺകുമാർ ലിംബാളെ**

- കഷ്ടപ്പാട് നിറഞ്ഞ ബാല്യം.
- ശാന്ത ആത്യയോടൊപ്പം ചവറുപെറുക്കാൻ പോയി.
- കഷ്ടപ്പാടുകൾക്കിടയിലും പഠിച്ച് വളരാനുള്ള ആഗ്രഹം.
- കുടുംബാംഗങ്ങളോടുള്ള സ്നേഹം
- തങ്ങളുടെ ജീവിതാവസ്ഥയെക്കുറിച്ച് ചിന്തിക്കുന്നു, പ്രതികരിക്കാൻ ആഗ്രഹിക്കുന്നു.
- കുടുംബാംഗങ്ങളോട് സ്നേഹം
- സത്യസന്ധൻ
- ജീവിതത്തിൽ മൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്നു.

**കുമാർമാമ**

- ലിംബാളെയുടെ സഹോദരി നാഗിയുടെ ഭർത്താവ്
- മടിയൻ, അലസമായി നടന്ന് ദിവസം കഴിച്ചുകൂട്ടുന്നു

- ജോലി നഷ്ടപ്പെട്ടു.
- കടക്കാരൻ
- ഉത്തരവാദിത്ത ബോധമില്ലാത്തവൻ
- അമ്മയുടെ അധ്വാനത്തിന്റെ പങ്കുപറ്റി കഴിയുന്നു.

**ശാന്ത ആത്യ**

- കുമാർമാമയുടെ അമ്മ
- വൃദ്ധയും സ്നേഹസമ്പന്നയുമാണ്
- എന്തുജോലി ചെയ്തും കുടുംബം പുലർത്തുന്നു
- അധ്വാനശീലയാണ്

❑ "ഞങ്ങളുടെ വിശപ്പും വയറും മാത്രമല്ല, ഞങ്ങളെയും ത്രാസിൽ വെച്ച് തൂക്കി നോക്കണം. ദിവസം മുഴുവനും അലഞ്ഞുനടന്ന് വാരിക്കൂട്ടുന്ന ചവറിന്റെ വിലയെങ്കിലുമുണ്ടോ ഞങ്ങളെപ്പോലുള്ള മനുഷ്യർക്ക്" - ഈ വാക്കുകളിൽ തെളിയുന്ന ലിംബാളെയുടെ ജീവിത സാഹചര്യം.

- സമൂഹത്തിന്റെ പൊതുധാരയിൽ നിന്ന് അകറ്റി നിർത്തപ്പെട്ടവർ
- അതിദയനീയമായ ജീവിതസാഹചര്യം
- അതിരൂക്ഷമായ വിശപ്പ്
- വിശപ്പടക്കാനുള്ള വക ചവറുപെറുക്കുന്നതിൽ നിന്ന് കിട്ടുന്നില്ല.
- ഇവർക്ക് വലിച്ചെറിയുന്ന ചവറിന്റെ വില പോലും സമൂഹം കല്പിക്കുന്നില്ല
- പാർശ്വവൽക്കരിക്കപ്പെട്ട ജനസമൂഹത്തിന്റെ പ്രശ്നങ്ങൾ നാം തിരിച്ചറിയേണ്ടതുണ്ട്.
- അവർ കൂടുതൽ പരിഗണന അർഹിക്കുന്നു

❑ ലിംബാളെയുടെ ചപൾഗാവിലെ വിദ്യാഭ്യാസം,

- ബോർഡിംഗ് സ്കൂളിലെ പഠനം
- ലിംബാളെയും പഠനത്തിലും ശീലങ്ങളിലും മാറ്റം വരുത്തി
- പഠനമല്ലാതെ മറ്റൊന്നിലും ഇടപെടാൻ സ്വാതന്ത്ര്യമില്ല
- സമാന സാഹചര്യത്തിൽ നിന്നുവരുന്ന കുട്ടികളുമായി അടുത്തിടപഴകാൻ അവസരം
- ബുദ്ധമതത്തിന്റെ സ്വാധീനം.

- “എന്റെ സത്യസന്ധത എനിക്കു നൽകിയ ആനന്ദം ആ മുപ്പതു രൂപയേക്കാൾ എത്രയോ വലുതായിരുന്നു.”
  - ദാരിദ്ര്യത്തിലും മൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്ന ലിംബാളെയെ ഇവിടെ കാണാം.
  - വീണുകിട്ടിയ മുപ്പത് രൂപ
  - അതെടുത്തു ചിലവാക്കാൻ, സിനിമ കാണാൻ കൂട്ടുകാരൻ പിർജാദെയുടെ പ്രലോഭനം.
  - അതിനെ അതിജീവിക്കുന്നു
  - സ്കൂളിൽ നിന്നും ക്ലാസിൽ നിന്നും കിട്ടിയ അഭിനന്ദനം
  - മൂല്യങ്ങൾ കാത്തുസൂക്ഷിക്കുമ്പോൾ കിട്ടുന്ന സംതൃപ്തി, സന്തോഷം.

- ‘അക്കർമാശി’ - എന്ന ശീർഷകത്തിന്റെ ഔചിത്യം
  - ശരൺകുമാർ ലിംബാളെയുടെ ആത്മകഥ.
  - അക്കർമാശി - ജാതിഭ്രഷ്ടർ, അർധജാതി എന്നെല്ലാം അർത്ഥം വരുന്ന മറാഠി പദം.
  - അച്ഛൻ ഉയർന്ന ജാതിക്കാരൻ - ലിംഗായത്ത്, അമ്മ താഴ്ന്ന ജാതിക്കാരി - മഹാർ.
  - മഹാരാഷ്ട്രയുടെയും കർണ്ണാടകയുടെയും അതിർത്തി ഗ്രാമം - ഏതു നാട് എന്ന് സംശയം.
  - ഭാഷ - വീട്ടിൽ കന്നട, സ്കൂളിൽ മറാഠി. അപ്പോൾ ശരിയായ ഭാഷ ഏത് എന്ന സംശയം.
  - ‘അക്കർമാശി’ എന്നാൽ പതിനൊന്ന് മാസാ. ഒരു തോല തൂക്കത്തിന് 12 മാസാ വേണം.
  - അർദ്ധജാതിക്കാരായ മനുഷ്യരും ഇങ്ങനെ തന്നെ.
  - ജാതികൊണ്ടും ദേശം കൊണ്ടും ഭാഷ കൊണ്ടും അപൂർണ്ണരായ മനുഷ്യർ
  - അതിലൊരാളുടെ കഥ പറയുന്ന കൃതി - അക്കർമാശി.

## മാതൃകാ ചോദ്യങ്ങൾ

### (1 സ്കോർ)

**തിരഞ്ഞെടുത്ത് എഴുതുക.**

1. ചവറിൽ പുതഞ്ഞുകിടക്കുന്ന കീറക്കടലാസുകൾ ഒരു വശത്ത്. മറുവശത്തോ?

    (കുപ്പികൾ, നിത്യസുഹൃത്തായ വിശപ്പ്, പഴന്തുണികൾ)

2. ചവർ കൂമ്പാരത്തിൽ നിന്നു പൊതി കിട്ടിയ കുട്ടിയുടെ ഭാവം?

    (പ്രതീക്ഷ, സന്തോഷം, കൗതുകം, നിരാശ)

### (2 സ്കോർ)

3. അർത്ഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കുക.

    ഉദാ: എന്റെ സത്യസന്ധതയിൽ അദ്ദേഹം സന്തുഷ്ടനായി.

    ഉച്ചഭാഷിണിയിലൂടെ എന്നെ പരസ്യമായി അഭിനന്ദിച്ചു.

    "എന്റെ സത്യസന്ധതയിൽ സന്തുഷ്ടനായ അദ്ദേഹം എന്നെ ഉച്ചഭാഷിണിയിലൂടെ പരസ്യമായി അഭിനന്ദിച്ചു."

    ഉദാ:- ഞാൻ ചപൾഗാവിലെ സ്കൂളിലേക്ക് മാറി.

    ഇത്തരം സ്വാധീനങ്ങളും ഓർമ്മകളുമെല്ലാം എന്റെ മനസ്സിൽ നിന്ന് അപ്രത്യക്ഷമായി.

### (4 സ്കോർ)

4. ''അയാൾ വീട്ടിലെത്തുന്നതിന് മുമ്പ് തന്നെ അയാൾക്ക് കടം കൊടുത്തവർ വീട്ടിലെത്തിയിരിക്കും.'' ഈ വാക്യത്തെ അടിസ്ഥാനമാക്കി കുമാർമാമയുടെ ജീവിതസാഹചര്യങ്ങൾ വിശകലനം ചെയ്യുക.

# ഞാൻ കഥാകാരനായ കഥ

- **എസ്.കെ. പൊറ്റെക്കാട്ട് (1913 മാർച്ച് 14/1982 ആഗസ്റ്റ് 6)**
    - ശങ്കരൻകുട്ടി കുഞ്ഞിരാമൻ പൊറ്റെക്കാട്ട് എന്ന് മുഴുവൻ പേര്.
    - നോവലിസ്റ്റ്, സഞ്ചാരസാഹിത്യകാരൻ, അധ്യാപകൻ, പാർലമെന്റ് അംഗം.

**പുരസ്കാരങ്ങൾ**

- കേരളസാഹിത്യ അക്കാദമി അവാർഡ്
- കേന്ദ്രസാഹിത്യ അക്കാദമി അവാർഡ്
- കോഴിക്കോട് സർവ്വകലാശാല ഡി.ലിറ്റ് ബിരുദം നൽകി.
- ജ്ഞാനപീഠ പുരസ്കാരം

**പ്രധാന കൃതികൾ**

ഒരു ദേശത്തിന്റെ കഥ, ഒരു തെരുവിന്റെ കഥ, വിഷകന്യക (നോവൽ), കാപ്പിരികളുടെ നാട്ടിൽ, സിംഹഭൂമി, മലയനാടുകളിൽ, സോവിയറ്റ് ഡയറി, ബാലിദ്വീപ് തുടങ്ങിയവ യാത്രാവിവരണങ്ങൾ.

**ഞാൻ കഥാകാരനായ കഥ**

- ഹൈസ്കൂൾ വിദ്യാർത്ഥിയായിരുന്ന കാലത്തെ ഒരു സംഭവം.
- പിന്നീട് ചെറുകഥകൾ എഴുതാൻ പ്രേരണയായി.
- മകനെ കഷ്ടപ്പെട്ട് പോറ്റി വളർത്തിയ അമ്മ
- മകൻ വളർന്ന് ഉദ്യോഗസ്ഥനായപ്പോൾ അമ്മയെ ഉപേക്ഷിച്ചു.
- ഒരുദ്യോഗസ്ഥയെ വിവാഹം കഴിച്ച് അന്യനാട്ടിൽ താമസമാക്കി.
- മകന്റെ സ്നേഹം തിരിച്ചുകിട്ടുമെന്ന് പ്രതീക്ഷിച്ച് അവന് കത്തയയ്ക്കാൻ ലേഖകനെ ആ അമ്മ സമീപിക്കുന്നു.
- ഈ കത്തുകളാണ് തന്റെ ആദ്യ ചെറുകഥയെന്ന് ലേഖകൻ.
- കത്ത് മകന്റെ മനസ്സ് മാറ്റി. അമ്മയ്ക്ക് പണം അയയ്ക്കുകയും ഒരിക്കൽ കാണാൻ വരികയും ചെയ്തു.

## മാതൃകാ ചോദ്യങ്ങൾ

### (1 സ്കോർ)

1. മകന്റെ ഭാര്യയെ 'പ്രേമസത്വം' എന്ന വിശേഷിപ്പിച്ചതിന്റെ പൊരുൾ

- വിവാഹം കഴിഞ്ഞതോടെ അമ്മയെ ഉപേക്ഷിക്കുന്ന മകൻ.
- കടമ മറന്ന മകനോടുള്ള ലേഖകന്റെ പ്രതിഷേധം.
- അതിന് ഭാര്യയാണ് കാരണക്കാരി എന്ന തോന്നൽ.
- അമ്മയുടെ അവസ്ഥ കണ്ട് തോന്നിയ മനസ്സലിവ്.

### (2 സ്കോർ)

2. അർത്ഥവ്യത്യാസം വരാതെ രണ്ട് വാക്യമാക്കുക.

ഉദാ:- "ഏറെക്കാലം മകന്റെ സംഭാവനകൊണ്ട് സുഖിക്കാൻ കഴിയുന്നതിന് മുമ്പ് ആ തള്ള നിത്യശാന്തിയും തേടി മണ്ണിന്നടിയിലേക്ക് പോയി."

ഏറെക്കാലം മകന്റെ സംഭാവനകൊണ്ട് സുഖിക്കാൻ ആ തള്ളയ്ക്ക് കഴിഞ്ഞില്ല. അവർ നിത്യശാന്തിയും തേടി മണ്ണിന്നടിയിലേക്ക് പോയി.

ഉദാ:- "അയാൾ വിഷാദത്തോടെ അകലെ നോക്കിക്കൊണ്ട് എന്തോ ആലോചനയിൽ മുഴുകി മിണ്ടാതെ നിന്നു."

### (4 സ്കോർ)

3. "എരിയുന്ന നെഞ്ചും പൊരിയുന്ന വയറും" എന്ന വിശേഷണത്തിൽ തെളിയുന്ന അമ്മയുടെ ജീവിതാവസ്ഥയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

- മകനെ വളർത്താൻ വേണ്ടി കഷ്ടപ്പെട്ട അമ്മ
- അവൻ ഒരു നിലയിലെത്തിയപ്പോൾ അമ്മയെ ഉപേക്ഷിച്ചു.
- അമ്മയുടെ ദാരിദ്ര്യത്തിന്റെ തീക്ഷ്ണതയും അവരനുഭവിക്കുന്ന അവശതയും ഇതിൽ തെളിയുന്നു.
- മകന്റെ വിവരങ്ങൾ അറിയാത്തതിലും അവൻ ഉപേക്ഷിച്ചതിലുമുള്ള നീറ്റൽ
- അമ്മയെ ഈ അവസ്ഥയിലാക്കിയ മകനോടുള്ള ലേഖകന്റെ അമർഷം.

4. “സരസ്വതീവിലാസം” എന്ന പ്രയോഗം നൽകുന്ന സൂചനകൾ വ്യക്തമാക്കുക.

- സരസ്വതി - ഭാരതീയ സങ്കല്പമനുസരിച്ച് വാക്കിന്റെയും അറിവിന്റെയും ദേവത
- അർത്ഥപൂർണ്ണമായ വാക്കുകൾ യഥേഷ്ടം പ്രയോഗിക്കാനുള്ള വൈഭവമാണ് ‘സരസ്വതീ വിലാസം’.
- അമ്മ കഥാകൃത്തിനോട് പറഞ്ഞ കാര്യങ്ങൾ അതേപടി പകർത്താതെ തന്റെ ഭാവനയും ഭാഷാശേഷിയും ഉപയോഗിച്ചുകൊണ്ട് മകന്റെ മനസ്സലിയിപ്പിക്കുന്ന വിധത്തിൽ എഴുതി.
- അമ്മയുടെ വാക്കുകൾ കഥാകൃത്തിലുണർത്തിയ വേദന കത്തിലൂടെ മകനിലേക്കു പകർന്നു. അവന്റെ മനസ്സ് മാറ്റി.

5. “അവർ കണ്ണീരിൽക്കലർത്തി പറഞ്ഞ കഥ എന്നെ വികാരപരവശനാക്കി”

– എഴുത്ത് വൈകാരികാനുഭവങ്ങളുടെ പകരൽ ആണ് യഥാർത്ഥത്തിൽ. പരിശോധിക്കുക.

- വൃദ്ധയുടെ അനുഭവം
- ലേഖകന്റെ ഉള്ളിലുണർത്തിയ വികാര പാരവശ്യം.
- ആ അനുഭവത്തിന്റെ തീക്ഷ്ണത നഷ്ടപ്പെടുത്താതെ ഉചിതഭാഷയിൽ ആവിഷ്കരിച്ചു.
- മകന്റെ മനസ്സിളക്കാൻ കാരണമായി.
- ജീവിതാനുഭവങ്ങൾ എഴുത്തുകാരനിൽ സൃഷ്ടിക്കുന്ന അനുഭൂതി രചനയെ മികവുറ്റതാക്കുന്നു.
- അത് വായനക്കാരന്റെ മനസ്സിലും ചലനങ്ങൾ സൃഷ്ടിക്കുന്നു.

6. “മുക്കാലും കുരുടിയായിരുന്ന ആ മുത്തിത്തള്ളയാണ് ചെറുകഥാരചനയിൽ എന്റെ ആദ്യത്തെ ഗുരുനാഥ”. മുത്തിത്തള്ളയെ ‘ഗുരുനാഥ’യായി വിശേഷിപ്പിക്കാൻ ഇടയായ സാഹചര്യം കണ്ടെത്തുക.

# അശ്വമേധം

## വയലാർ രാമവർമ്മ

മലയാളത്തിലെ കവി, ഗാനരചയിതാവ് എന്നീ നിലകളിൽ ഏറെ പ്രശസ്തൻ. ആലപ്പുഴയിലെ വയലാർ ഗ്രാമത്തിൽ ജനനം. 1961 ൽ സർഗസംഗീതം എന്ന കൃതിക്ക് കേരളസാഹിത്യ അക്കാദമി പുരസ്കാരം. പാദമുദ്രകൾ, എനിക്കു മരണമില്ല, മുളങ്കാട്, സർഗസംഗീതം, രാവണപുത്രി, അശ്വമേധം, താടക, ആയിഷ എന്നിവ പ്രധാന കൃതികൾ. 1300 ലേറെ ചലച്ചിത്ര ഗാനങ്ങൾ രചിച്ചു. നിരവധി തവണ മികച്ച ഗാനരചയിതാവിനുള്ള സംസ്ഥാന ചലച്ചിത്ര പുരസ്കാരവും ഒരു തവണ ദേശീയ പുരസ്കാരവും ലഭിച്ചു.

## കവിതയുടെ പ്രമേയം

അനന്തമായ പ്രപഞ്ചത്തിലെ ഒരു ജീവിവർഗം മാത്രമായ മനുഷ്യന്റെ അനിതരസാധാരണമായ ശക്തിമഹത്വങ്ങളെക്കുറിച്ച് അഭിമാനത്തോടെ പാടിയ കവിയാണ് വയലാർ രാമവർമ്മ. മനുഷ്യവംശം സമസ്തമേഖലകളിലും അജയ്യരായി നിലകൊള്ളുന്നത് ആദിമകാലം മുതൽ അവന്റെയുള്ളിൽ ജ്വലിച്ചുനിന്ന സർഗ്ഗശേഷിയൊന്നുകൊണ്ടുതന്നെയാണ്. ആ സർഗ്ഗശക്തിയാകട്ടെ അതിന്റെ വിജയവുമായി എന്നും മുന്നോട്ടുപോയ്ക്കൊണ്ടിരിക്കുന്നു. മാനവരാശിയുടെ വളർച്ചയുടെ ഓരോ ഘട്ടത്തിലും സർഗ്ഗശക്തി എങ്ങനെ പ്രയോജനപ്പെട്ടു എന്നു കാവ്യത്തിൽ നിന്ന് മനസ്സിലാക്കാം.

കരുത്തിന്റെയും അധികാരത്തിന്റെയും പ്രതീകമായ യാഗാശ്വത്തിന്റെ, മനുഷ്യശക്തിയുടെ യുഗങ്ങളായുള്ള വിജയപ്രയാണമാണ് കാവ്യത്തിന്റെ പ്രതിപാദ്യം.

## അശ്വമേധയാഗം

പ്രാചീന ഭാരതത്തിലെ ചക്രവർത്തിമാർ ദിഗ്വിജയാനന്തരം നടത്തിവന്നിരുന്ന യാഗം. യാഗ കർമ്മാനന്തരം, കുതിരയുടെ യജമാനൻ 'ദേവന്മാരേ ദിക്പാലകന്മാരേ ഈ കുതിരയെ രക്ഷിക്കേണമേ' എന്ന പ്രാർത്ഥനയോടുകൂടി രാജ്യം ചുറ്റിവരാൻ അഴിച്ചുവിടുന്നു. ആയുധധാരികളായ നാനൂറ് രക്ഷികളും ഈ കുതിരയോടൊപ്പം ഉണ്ടാകും. അശ്വത്തിന്റെ പ്രയാണം ഒരു കൊല്ലക്കാലം നീണ്ടുനിൽക്കുന്ന ചടങ്ങായിരിക്കും. പിൽക്കാലത്ത് അശ്വമേധം എന്ന പദം വിജയയാത്രയുടെ ഒരു പര്യായമായി പരിഗണിക്കപ്പെടുന്നു.

## മാതൃകാ ചോദ്യങ്ങൾ

### (1 സ്കോർ)

1. 'അശ്വമേധ'ത്തിലെ കുതിര എന്തിന്റെ പ്രതീകമാണ്?

- പുരോഗതിയുടെ
- യാത്രയുടെ
- ദിഗ്വിജയത്തിന്റെ
- സർഗശക്തിയുടെ

2. പദങ്ങൾ വിഗ്രഹിക്കുക.

കോട്ടകൊത്തളങ്ങൾ - കോട്ടയും കൊത്തളങ്ങളും

ദൃപ്തരാഷ്ട്രപ്രതാപങ്ങൾ - ദൃപ്തരാഷ്ട്രങ്ങളുടെ പ്രതാപങ്ങൾ

കാട്ടുചോലകൾ - കാട്ടിലെ ചോലകൾ

സംസ്കാരശില്പികൾ - സംസ്കാരത്തിന്റെ ശില്പികൾ

### (2 സ്കോർ)

3. 'വെട്ടി വെട്ടി പ്രകൃതിയെ മല്ലിട്ടു
വെറ്റി നേടിയതാണതിൻ സിദ്ധികൾ' - എന്തിനെക്കുറിച്ചാണ് സൂചന?

- തന്റെ സർഗ്ഗശക്തി ഉപയോഗിച്ചുകൊണ്ട് മനുഷ്യൻ പിന്നിട്ട വഴികളിലെ, അധ്വാനത്തിന്റെ ചരിത്രം സൂചിപ്പിക്കുന്നു.
- പ്രകൃതിയോടു പോരാടി മനുഷ്യൻ തന്റെ നാഗരികത പടുത്തുയർത്തിയത് ഓർമ്മിപ്പിക്കുന്നു.

### (4 സ്കോർ)

4. "കോടികോടി ശതാബ്ദങ്ങൾ മുമ്പൊരു
കാടിനുള്ളിൽ വച്ചെൻ പ്രപിതാമഹർ
കണ്ടതാണീക്കുതിരയെ, കാട്ടുപുൽ-
ത്തണ്ടുനൽകി വളർത്തി മുത്തശ്ശിമാർ
കാട്ടുചോലകൾ പാടിയ പാട്ടുക-
ളേറ്റുപാടിപ്പഠിച്ച മുത്തശ്ശിമാർ!"

- വരികളുടെ ആശയം വിശദമാക്കുക.

- മനുഷ്യന്റെ സർഗശക്തിയാകുന്ന കുതിരയുടെ യാത്ര ആരംഭിച്ചത് കാടുകളിലാണ്.
- നൂറ്റാണ്ടുകൾക്കുമുമ്പ് തന്നെ നമ്മുടെ പ്രപിതാമഹർ തങ്ങളുടെ ശക്തി തിരിച്ചറിഞ്ഞിരുന്നു.
- തങ്ങളുടെ സർഗശക്തി ഉപയോഗിച്ച് അവർ കണ്ടുപിടിത്തങ്ങൾ നടത്തി.
- പ്രകൃതിയിൽ നിന്നാണ് മനുഷ്യൻ പാഠങ്ങൾ ഉൾക്കൊണ്ടത്.

□ സർഗശക്തിയെ അവർ പരിപോഷിപ്പിച്ചുകൊണ്ടിരുന്നു.

□ ഗുഹകളിൽ ചിത്രങ്ങൾ വരച്ചുവെച്ചു.

□ പ്രകൃതിയുടെ പാട്ടിൽ നിന്ന് സംഗീതം പഠിച്ചു.

□ മാനവവർഗത്തിന്റെ ക്രമേണയുള്ള പ്രയാണചരിത്രമാണ് ഇവിടെ വ്യക്തമാകുന്നത്.

## (6 സ്കോർ)

5. 'മനുഷ്യന്റെ സർഗശക്തിയുടെ വിജയഗാഥയാണ് അശ്വമേധം എന്ന കവിത.' പ്രസ്താവന വിലയിരുത്തി കാവ്യഭാഗത്തെ ആസ്പദമാക്കി ഉപന്യാസം തയ്യാറാക്കുക.

- മനുഷ്യന്റെ സർഗശക്തിയുടെ പ്രതീകമാണ് കുതിര.
- കുതിരയെ പിടിച്ചുകെട്ടാൻ ആർക്കും സാധ്യമല്ല.
- അങ്ങേയറ്റം ആത്മവിശ്വാസത്തോടെ ശിരസ്സുയർത്തിപ്പായുന്ന ചെമ്പൻകുതിരയുടെ കൺകളിൽ ഉന്മേഷവും കാലുകളിൽ ഉത്സാഹവുമുണ്ട്.
- വിവിധ ജീവിതഘട്ടങ്ങളിലൂടെ നേടിയതാണ് മനുഷ്യന്റെ കഴിവുകൾ.
- പ്രാചീനകാല മനുഷ്യർ സംസ്കാരം രൂപപ്പെടുത്തുന്നത് കാടുകളിലാണെന്ന് കവി പറയുന്നു. പ്രകൃതിയോട് മല്ലിട്ടാണ് മനുഷ്യൻ നേട്ടങ്ങൾ കൊയ്തത്.
- സർഗശക്തിയെ രൂപപ്പെടുത്തിയെടുക്കുന്ന പ്രക്രിയ എളുപ്പമുള്ളതല്ല.
- മന്ത്രം കൊണ്ടോ മായ കൊണ്ടോ രൂപപ്പെടുത്തിയതല്ല ഈ സർഗശക്തിയുടെ സംസ്കാരമണ്ഡലം.
- അനീതിക്കെതിരെ ശബ്ദമുയർത്തുന്ന എഴുത്തുകാർ, കലാകാരന്മാർ, എല്ലാ കാലത്തും ഉണ്ടായിരുന്നു. അവരെ അടിച്ചമർത്താൻ അധികാരിവർഗം ശ്രമിച്ചിരുന്നു.

  ഉദാ: സോക്രട്ടീസ്, വിക്ടർ ഹ്യൂഗോ, കൽബുർഗി

- സർഗാത്മകതയുടെ കാവലാളുകളായിട്ടുള്ള മനുഷ്യർ ഓരോ യുഗങ്ങളുടെയും ഗായകർ തന്നെയാണ്.
- അവർ ആത്യന്തികമായി മണ്ണിൽ നിന്ന് പിറന്നവരാണ്.
- അധ്വാനത്തിലൂടെ മണ്ണിനെ പൊന്നണിയിച്ചവരാണ്.
- അവരാണ് സംസ്കാരങ്ങൾ രൂപപ്പെടുത്തിയത്.
- ഓരോരുത്തരുടെയും ഉള്ളിലുള്ള സർഗശക്തിയാണ് സാമൂഹ്യശക്തിയായി മാറുന്നത് എന്ന് കവി തിരിച്ചറിയുന്നു.
- തന്റെ ഉള്ളിലെ കവി ഈശ്വരനോ മാന്ത്രികനോ അല്ല മനുഷ്യനെ മനസ്സിലാക്കുന്ന ജീവജാലങ്ങളെ സ്നേഹിക്കുന്ന പച്ച മണ്ണിന്റെ മനുഷ്യത്വമാണ്.

## യൂണിറ്റ് 5

# കലകൾ കാവ്യങ്ങൾ

- കല - വ്യത്യസ്ത അർത്ഥങ്ങൾ - അടയാളം, കലാരൂപം, സംസ്കാരത്തിൽ ബാക്കിയാവുന്നത്.
- ആദിമകാല ജീവിതത്തിന്റെ ബാക്കിപത്രം
- മനുഷ്യസമൂഹത്തോടൊപ്പം വളരുകയും സാമൂഹിക ജീവിതത്തിന്റെ ഭാഗമാവുകയും ചെയ്തു കലകൾ.
- ഭിന്നരുചികളെ തൃപ്തിപ്പെടുത്തുന്ന വൈവിധ്യമാർന്ന കലാരൂപങ്ങൾ ഇന്നുണ്ട്. അവ ആന്തരികമായി പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.

## ഉരുളക്കിഴങ്ങ് തിന്നുന്നവർ

**വാൻഗോഗ് (1853 മാർച്ച് 30 / 1890 ജൂലൈ 29)** എന്ന ഡച്ച് ചിത്രക്കാരന്റെ എണ്ണച്ചായ ചിത്രം. നെതർലാന്റ്സിലെ ന്യൂനണിൽ 1885 ൽ വരച്ച ചിത്രം.

- വ്യവസായ വിപ്ലവാനന്തരം രൂപപ്പെട്ട അസമത്വത്തിന്റെയും കൊടിയ ദാരിദ്ര്യത്തിന്റെയും തൊഴിലില്ലായ്മയുടെയും നേർസാക്ഷ്യമാണ് ചിത്രം
- ചിത്രത്തിലെ മനുഷ്യരുടെ രൂപഭാവങ്ങളും പശ്ചാത്തലവും ദൈന്യതയാർന്ന ജീവിതത്തിന്റെ സൂക്ഷ്മവായനയാകുന്നു.

## ഉരുളക്കിഴങ്ങ് തിന്നുന്നവർ - സുഭാഷ്ചന്ദ്രൻ

- പുതുതലമുറയിലെ ശ്രദ്ധേയനായ എഴുത്തുകാരൻ
- മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ പത്രാധിപർ
- പ്രധാന കൃതികൾ - ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം, പറുദീസാ നഷ്ടം, തല്പം, വിഹിതം, മനുഷ്യന് ഒരു ആമുഖം.

- പുരസ്കാരങ്ങൾ - ആദ്യ ചെറുകഥാ സമാഹാരത്തിനും ആദ്യ നോവലിനും കേരള സാഹിത്യ അക്കാദമി പുരസ്കാരം, കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരം, ഓടക്കുഴൽ പുരസ്കാരം, വയലാർ അവാർഡ്, സമുദ്രശിലയ്ക്ക് പത്മപ്രഭാ പുരസ്കാരം.
- വാൻഗോഗിന്റെ ചിത്രത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് സുഭാഷ് ചന്ദ്രൻ എഴുതിയ കഥ.

**ചിത്രവായന**

- സമയസൂചന - തൂക്കുവിളക്ക്
- മനുഷ്യർ - വൃദ്ധർ, യുവതി, കുട്ടി
- വേഷം - പാശ്ചാത്യ വസ്ത്രധാരണം, ശീതകാല സൂചന
- സാമൂഹ്യാവസ്ഥ - ദാരിദ്ര്യം, നിരാശ നിറഞ്ഞ മുഖം, ദയനീയമായ ജീവിതസാഹചര്യങ്ങൾ

**കഥാപ്രമേയം**

- ഖനിയിൽ ജോലിചെയ്യുന്ന മകനെക്കുറിച്ച്/ഭർത്താവിനെക്കുറിച്ച് ഉള്ള അന്വേഷണം.
- ഖനിത്തൊഴിലാളിയുടെ ദയനീയമായ ജീവിതസാഹചര്യങ്ങൾ.
- അടക്കിവെക്കേണ്ടിവരുന്ന സങ്കടങ്ങൾ

**കഥാപാത്രങ്ങൾ**

- വൃദ്ധനായ മിറൽ, പുത്രഭാര്യ ജൂലിയാന, ജൂലിയാനയുടെ മകൾ അന്ന, വൃദ്ധരായ മാതാപിതാക്കൾ.

**ചിത്രവും കഥയും**

- ചിത്രത്തിലെ കഥാപാത്രങ്ങൾ തന്നെയാണ് കഥയിലും
- ഖനികളും മഞ്ഞും നിറഞ്ഞ പാശ്ചാത്യദേശമാണ് കഥയുടെ പശ്ചാത്തലം.
- ദാരിദ്ര്യം, അപകടകരമായ തൊഴിൽ സാഹചര്യം എന്നിവ വ്യക്തമാണ്.
- ചിത്രം നിശ്ചലമാണ്, കഥ ചലനാത്മകവും.

**കഥാപാത്ര നിരൂപണം**

**മിറൽ (കേന്ദ്രകഥാപാത്രം)**

- വൃദ്ധൻ. ഖനിത്തൊഴിലാളിയായ മകനെ അന്വേഷിക്കാൻ പോയി തിരിച്ചുവരുന്നു. മകന്റെ മരണം അറിഞ്ഞ മാനസിക സംഘർഷം - അത് എങ്ങനെ പറയുമെന്ന വേവലാതി.
- വീട് ഒരു വെളുത്ത പൂ വെച്ച ഏകാന്തമായ ശവകുടീരമായി തോന്നുന്നു.
- ദീർഘമായ നടത്തം കൊണ്ട് പൊള്ളി വേദനിച്ച കാല്പാദങ്ങൾ.

- ജൂലിയാനക്ക് മുഖം കൊടുക്കാതെ, തല ഇളക്കൽ
- അന്നയെ ലാളിക്കുന്നു, കണ്ണീരിന്റെ ചാർച്ചയുള്ള ചിരി, തിളയ്ക്കുന്ന ഹൃദയം, മകന്റെ മരണം ഒളിച്ചുവയ്ക്കാൻ ശ്രമം.
- തണുത്താറിയ ഉരുളക്കിഴങ്ങിൽ മുള്ളു മുട്ടിച്ച് ശൂന്യമായ ദൃഷ്ടിയുമായി ഇരിക്കുന്നു.

**ജൂലിയാന**

- കഥയിലെ നായികാ കഥാപാത്രം
- മിറലിന്റെ പുത്രവധു, അന്നയുടെ അമ്മ
- ഭർത്താവിന്റെ വിവരങ്ങൾ അറിയാത്തതിലെ ഉള്ളുരുക്കം
- നന്മ നിറഞ്ഞ മനസ്സുള്ളവൾ - മുഴുവൻ ലോകത്തിനുംവേണ്ടി പ്രാർത്ഥിക്കുന്നു.
- കർത്തവ്യബോധവും ഉത്തരവാദിത്തവുമുള്ളവൾ. തന്റെ അതിഥികളായ അച്ഛനമ്മമാരെ സ്വീകരിക്കാൻ ദരിദ്രമായ അടുക്കളയെക്കുറിച്ചോർത്തുള്ള അങ്കലാപ്പ്
- ഭർത്തൃപിതാവിന്റെ ഭാവമാറ്റത്തിൽ നിന്നും ഭർത്താവിന് നേരിട്ട അപകടം മനസ്സിലാക്കുന്നു, വെന്തുരുകുന്നു.
- അവസരത്തിനൊത്ത് മനോധൈര്യം വീണ്ടെടുക്കാൻ ശ്രമിക്കുന്നു.

**അന്ന**

- ജൂലിയാനയുടെ മകൾ
- ബാല്യത്തിന്റെ കൗതുകവും നിഷ്കളങ്കതയും
- ദരിദ്രമായ ജീവിത സാഹചര്യങ്ങൾ കൊണ്ടുള്ള നിസ്സഹായ ഭാവം
- അച്ഛനെക്കുറിച്ചുള്ള സ്നേഹനിർഭരമായ അന്വേഷണം
- അച്ഛൻ വരാൻ വേണ്ടിയുള്ള കാത്തിരിപ്പ്, പ്രതീക്ഷ
- അരോചകമായ രുചികളും ചിരപരിചിതമെന്നപോലെ സ്വീകരിക്കുന്നു

### കഥയെ ഹൃദയസ്പർശിയാക്കുന്ന വാക്യങ്ങൾ/ഗദ്യഭാഷയിലെ കാവ്യാത്മകത

- ഇടം വലത്ത് ഉലഞ്ഞ് വീട് അടുത്തുവന്നു.
    - മകന്റെ മരണം അറിഞ്ഞ ഒരു പിതാവിന്റെ മനസ്സിന്റെ ഉലച്ചിൽ
    - അസ്വസ്ഥമായ ചിന്തകൾ
    - കുഴ മഞ്ഞിൽ കാലുകൾ പുതയുമ്പോൾ ഉണ്ടാകുന്ന യാത്രാക്ലേശം
    - മിറലിന്റെ ശരീരത്തിന്റെ ഉലച്ചിൽ വീടിന്റെ ഉലച്ചിലായി.
- "ഒരേയൊരു വെളുത്ത പൂവെച്ച ശവകുടീരമാക്കി വീടിനെ മാറ്റിക്കാണിച്ചു."
    - മകന്റെ മരണവാർത്തയറിഞ്ഞ് മനസ്സ് തകർന്ന മിറൽ

- സ്ഥലകാലബോധം നഷ്ടപ്പെട്ട അവസ്ഥ
- ഉരുളക്കിഴങ്ങ് പാടത്തിൽ ഒറ്റപ്പെട്ട് കാണുന്ന വീട്
- വീട്ടിലെ പ്രകാശത്തെ വെളുത്ത പൂ ചൂടിയതായി കല്പിക്കുന്നു.
- ഉള്ളിൽ സൂക്ഷിച്ച മരണവാർത്ത വീടിനെ ശവകുടീരമാക്കി.

□ ദാരിദ്ര്യത്തെ കഥയിൽ ആവിഷ്കരിച്ച രീതി

- വർഷങ്ങളുടെ മാറാലയും അഴുക്കും നിറഞ്ഞ് മ്ലാനമായ ചുമരുകളുള്ള വീട്, നന്നേ താഴ്ന്ന മേൽക്കൂര
- ഒരാളുടെ സാന്നിധ്യമോ അഭാവമോ കൊണ്ട് ഈ വലിയ ലോകത്തിന് ഒരു മാറ്റവും ഉണ്ടാക്കാൻ കെല്പില്ലാത്ത വീട്.
- ആണിപറിഞ്ഞ് നിലം പൊത്താറായ മേശ
- കൂറമണം നിറഞ്ഞ കുപ്പായം
- ദരിദ്രമായ അടുക്കളയുള്ള അമ്മമാരുടെ അങ്കലാപ്പ്
- അഴുക്കുപിടിച്ചതെങ്കിലും വെളുത്തതെന്ന് പറയാവുന്ന മേശവിരി
- ഭക്ഷണത്തിന് ഉരുളക്കിഴങ്ങ് മാത്രമുള്ള അവസ്ഥ
- ചായ പകരാൻ വിള്ളലുകൾ വീണ കവിടിക്കപ്പ്

□ മകന്റെ മരണത്തെക്കുറിച്ച് കഥാകൃത്ത് നൽകുന്ന സൂചനകൾ

- ഒരേയൊരു വെളുത്ത പൂവെച്ച ഏകാന്തമായ ശവകുടീരമായി വീടിനെ മാറ്റിക്കാണിക്കുന്നു.
- ഖനികളിൽ പണിയെടുക്കുന്നവർക്ക് ഒരാപത്തും വരുത്തരുതേയെന്ന ജൂലിയാനയുടെ പ്രാർത്ഥന
- ശീതകാലത്തിന്റെ പ്രഭാവത്തെ കീഴ്പ്പെടുത്തുന്ന ഒരു തീക്കനൽ കിഴവൻ മിറലിന്റെ നെഞ്ചിൽ വീണു.
- അന്നയുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകാനാവാത്ത മിറലിന്റെ നിസ്സഹായത.
- മണ്ണിനടിയിൽപ്പെട്ട്, ചതഞ്ഞ്, മുഖം പൊട്ടി വികൃതമായി, ഒന്നിനേയും തിരിച്ചറിയാനാവാത്ത വിധത്തിൽ മുടിയും തൊലിയും ഉരിഞ്ഞുപറിഞ്ഞ്....
- ഭർത്താവിന്റെ ഇരിപ്പിടത്തിൽ എക്കാലത്തേക്കുമായി ഉറങ്ങുപോകുന്നതായി ജൂലിയാന അറിയുന്നത്.
- മകന്റെ മൃതദേഹം പോലും കണ്ടെത്താനാവാത്ത മിറലിന്റെ നിസ്സഹായത

## മാതൃകാ ചോദ്യങ്ങൾ

### (2 സ്കോർ)

1. "മിറൽ അവളുടെ ഉടുപ്പിന്റെ ഞൊറികളിൽ വിരലോടിച്ചുകൊണ്ട് കരച്ചിലിന്റെ ചാർച്ചയുള്ള ഒരു ചിരിയോടെ പറഞ്ഞു." അടിവരയിട്ട പ്രയോഗത്തിന്റെ അർത്ഥതലങ്ങൾ കണ്ടെത്തുക.

2. ''അടുക്കളയിൽ നിന്ന് ചായ നിറച്ച കെറ്റിലുകളും വിള്ളലുകൾ വീണ കവിടിക്കപ്പുകളുമായി വന്നു.'' അടിവരയിട്ട പ്രയോഗങ്ങളിൽ തെളിയുന്ന ജീവിത സാഹചര്യം കണ്ടെത്തുക.

### (4 സ്കോർ)

3. "അപ്പോൾ കുരിശിൽ നിന്ന് തുള്ളിതുള്ളിയായി ചോരയിറ്റുന്ന ശബ്ദവും അവൾ കേട്ടു." കഥയുടെ ഭാവതലത്തെ ഇത് പ്രതിഫലിപ്പിക്കുന്നുണ്ടോ? പരിശോധിക്കുക. (4)

# മൈക്കലാഞ്ജലോ മാപ്പ്

## ◻ മൈക്കലാഞ്ജലോ (1475-1564)

- ഇറ്റാലിയൻ ശില്പി, ചിത്രകാരൻ, കവി, നിർമ്മാണ വിദഗ്ദ്ധൻ.
- ജീവിച്ചിരിക്കുമ്പോൾ തന്നെ ജീവചരിത്രം എഴുതപ്പെട്ട പാശ്ചാത്യ കലാകാരൻ.

## ◻ പിയത്ത (1499)

- റോമിലെ സെന്റെ പീറ്റേഴ്സ് ബസിലിക്കയിലുള്ള ശില്പം.
- കുരിശിൽ നിന്നിറക്കിയ യേശുവിന്റെ മൃതശരീരത്തെ അമ്മ മറിയം മടിയിൽ കിടത്തിയതായി ചിത്രീകരിച്ചിരിക്കുന്നു.
- 'പിയത്ത' എന്ന ശില്പത്തിന് ഇറ്റാലിയൻ ഭാഷയിൽ അനുതാപം, കരുണ എന്നൊക്കെയാണ് അർത്ഥം.
- 1972 മെയ് 21 ന് മയക്കുമരുന്നിന് അടിമയായ ഒരു ചെറുപ്പക്കാരൻ ഈ ശില്പത്തിന് നേരെ ചുറ്റികകൊണ്ട് നടത്തിയ ആക്രമണത്തെക്കുറിച്ചുള്ള പത്രവാർത്തയിൽ നിന്ന് രൂപം കൊണ്ട കവിതയാണ് 'മൈക്കലാഞ്ജലോ മാപ്പ്.'

## ◻ ഒ.എൻ.വി. കുറുപ്പ്

- ഒറ്റപ്ലാക്കൽ നീലകണ്ഠൻ വേലുക്കുറുപ്പ് എന്ന് പൂർണ്ണനാമം.
- മലയാളത്തിലെ ആധുനിക കവിതക്ക് ഭാവുകത്വപരമായ പൂർണ്ണത നൽകിയ കവി.
- കവിതയെ ജനകീയമാക്കാൻ മുന്നിൽ നിന്നവരിൽ പ്രമുഖൻ
- കവിയെന്നതിലുപരി സിനിമാ-നാടക ഗാനരചയിതാവ് എന്ന നിലയിൽ പ്രശസ്തൻ
- ടെലിവിഷൻ സീരിയലുകൾക്കും നൃത്തശില്പങ്ങൾക്കും ഗാനങ്ങൾ എഴുതി.

### പുരസ്കാരങ്ങൾ

- 1998 പത്മശ്രീ
- 2011 പത്മവിഭൂഷൺ
- 2007 സമഗ്രസംഭാവനയ്ക്ക് ജ്ഞാനപീഠ പുരസ്കാരം
- കേന്ദ്രസാഹിത്യ അക്കാദമി അംഗം, കേരള കലാമണ്ഡലം ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചു.

**പ്രധാന കൃതികൾ**

ഞാൻ അഗ്നി, ഭൂമിക്ക് ഒരു ചരമഗീതം, മയിൽപ്പീലി, അക്ഷരം, ഉപ്പ്, വളപ്പൊട്ടുകൾ, സ്വയംവരം, ഉജ്ജയിനി, അഗ്നിശലഭങ്ങൾ, ഒരു തുള്ളി വെളിച്ചം.

**മൈക്കലാഞ്ജലോ മാപ്പ്**

- പിയത്ത നേരിൽക്കണ്ട അനുഭവം വായനക്കാർക്ക് പകരുന്നു.
- ക്രിസ്തുവിന്റെ മരണം അമ്മയിലുണ്ടാക്കിയ ദുഃഖം നാം അനുഭവിക്കുന്നു.
- ദുഃഖത്തിന്റെ സൂര്യശിലയായിത്തീർന്ന അമ്മ
- ശോണരേഖകൾ പടർന്ന ലില്ലിപ്പൂ പോലെ യേശുവിന്റെ തിരുഗാത്രം
- പാതി കൂമ്പിയ കണ്ണുകളിലെ പ്രാർത്ഥന
- പിയത്ത ഉള്ളിലുണർത്തുന്ന ഉജ്ജ്വല മുഹൂർത്തങ്ങൾ
- കുരിശും പേറിയുള്ള ക്രിസ്തുവിന്റെ യാത്ര
- മൈക്കലാഞ്ജലോയുടെ ശില്പ നിർമ്മാണത്തിൽ നമ്മളും പങ്കാളികളാകുന്ന അനുഭൂതി.
- വണ്ടിനെപ്പോലെ മൂളിപ്പറക്കുന്ന ഉളി ചുറ്റികയുടെ നിറുകയിൽ ചുംബിക്കുന്നതും ശിലയുടെ സംഗീതം പോലെ ശില്പം രൂപപ്പെടുന്നതും നാം അറിയുന്നു.
- ഡ്രഗ്ഗുകൾക്ക് അടിമയായ യുവാവിന്റെ പരാക്രമം. കവിക്ക് തന്റെ കണ്ണും കയ്യും തകർന്നതുപോലെ.
- സാംസ്കാരികച്യുതി കവിയിലുണ്ടാക്കുന്ന ദുഃഖവും അമർഷവും
- തന്റെ കാലഘട്ടത്തിലാണല്ലോ ഈ ദുർവൃത്തി നടന്നത് എന്ന അപമാനം.
- ലോകത്തിന്റെ സാംസ്കാരിക പൈതൃക ചിഹ്നങ്ങൾ നശിപ്പിക്കപ്പെടുന്നതിലെ വേദന
- ലോകത്തിന് വേണ്ടി കവി മാപ്പ് ചോദിക്കുന്നു.

## സവിശേഷ പ്രയോഗങ്ങൾ

- ശോണരേഖകൾ പടർന്ന വെൺലില്ലിപ്പൂവ്
  - ലില്ലിപ്പൂക്കൾ യേശുദേവന്റെ വിശുദ്ധിയെ കുറിക്കുന്നു.
  - ശോണരേഖകൾ അദ്ദേഹത്തിന് അനുഭവിക്കേണ്ടിവന്ന പീഡനങ്ങളുടെ പ്രതീകം.
- ദുഃഖത്തിൻ സൂര്യശില
  - ദുഃഖം ഘനീഭവിച്ച് ശിലയായി

- സൂര്യശില തൊട്ടാൽ തണുപ്പാണെങ്കിലും അകം ചൂടുള്ളതാണ്.
- പുറമെ പ്രകടമല്ലെങ്കിലും അമ്മയുടെ ഉള്ളിലെ ദുഃഖത്തിന്റെ തീവ്രത സൂചിപ്പിക്കുന്നു.

◻ പാഴ്ചിപ്പി

- മകന്റെ ചേതനയറ്റ ശരീരം ഏറ്റുവാങ്ങേണ്ടിവന്ന അമ്മയെ വിശേഷിപ്പിക്കുന്നു.
- വിലപിടിച്ച മുത്തിന് ജന്മം കൊടുക്കുന്നത് ചിപ്പിയാണ്
- ആ മുത്ത് നഷ്ടപ്പെടുമ്പോൾ പാഴ്ചിപ്പിയാവുന്നു.
- മകന്റെ മൃതദേഹം ഏറ്റുവാങ്ങേണ്ടിവന്ന അമ്മയുടെ ജന്മം പാഴ്ജന്മമാണ്.

◻ 'ഭൂമിക്കൊപ്പം അഴലിൻ ചുമടുമായി'രിക്കുന്ന അമ്മ

- ഭൂമി സർവ്വം സഹയാണ്, എല്ലാ വേദനകളും ഏറ്റുവാങ്ങുന്നവൾ
- മകന്റെ മൃതശരീരം ഏറ്റുവാങ്ങേണ്ടിവരുന്ന അമ്മയുടെ ദുഃഖത്തിന്റെ ആഴവും നിസ്സഹായതയും ഈ പ്രയോഗത്തിലൂടെ വ്യക്തമാക്കുന്നു.

◻ 'കവി ശില്പിയുമായി താദാത്മ്യം പ്രാപിക്കുന്നു' എന്ന് പറയുന്നതിലെ സാംഗത്യം

- ശില്പിയുടെ കൈകൾ ചലിക്കുന്നതു കാണുന്നു.
- അതിൽ നിന്നുയരുന്ന 'മംഗലഗാനം' കേൾക്കുന്നു
- ശില്പിയുടെ നിർന്നിദ്രമായ രാവുകളും വിയർത്തുരുകുന്ന പകലുകളും കവി പങ്കിടുന്നു.
- ശില്പിയോടൊത്ത് പാനം ചെയ്തും മയങ്ങിയും കലയുടെ അനശ്വരതയിൽ പങ്കാളിയാവുന്നു.
- കവിയും ശില്പിയും ഒന്നായിത്തീരുന്നു.
- മൈക്കലാഞ്ജലോ അടങ്ങുന്ന കലാകുടുംബത്തിലെ അംഗമാണ് താനും എന്ന ധന്യത കവി നുകരുന്നു.

◻ 'നിഷാദ, നീ നിറുത്തൂ' - എന്ന കവിയുടെ വിലാപം

- നിഷാദൻ = കാട്ടാളൻ
- ലോകത്തിന്റെ സാംസ്കാരിക പൈതൃകത്തെ നശിപ്പിക്കുന്ന പ്രവൃത്തി കാട്ടാളത്തമായി കാണുന്നു.
- അധർമ്മത്തെ എതിർത്ത ആദികവിയുടെ വാക്യത്തെ ഓർമ്മപ്പെടുത്തുന്നു.

- സാമൂഹിക ബോധമില്ലാത്ത, ഒന്നുറങ്ങാൻ പോലും ലഹരി തേടിപ്പോകേണ്ടിവരുന്ന പുതിയ തലമുറയോടുള്ള കവിയുടെ പ്രതിഷേധം.

## ◻ മാതൃകാ ചോദ്യങ്ങൾ

1. തന്നിരിക്കുന്ന പോലെ മാറ്റി എഴുതുക

| | | |
|---|---|---|
| വാത്സല്യാർദ്രം | - | വാത്സല്യത്താൽ ആർദ്രമായത് |
| വെൺലില്ലിപ്പൂവ് | - | |
| ഉജ്ജ്വലമുഹൂർത്തങ്ങൾ | - | |
| സ്പന്ദനപുഷ്പങ്ങൾ | - | |